# കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്

വള്ളുവള്ളി, കൂനമ്മാവ് പി.ഒ.

## ഒമ്പതാം പദ്ധതി

# വികസനറിപ്പോർട്ട് '96

അധികാരം ജനങ്ങളിലേക്ക്

---

ജനകീയ ആസൂത്രണപ്രസ്ഥാനം

# വികസന റിപ്പോർട്ട്

I. ആമുഖം.

II. സാമൂഹ്യ സാസ്കാരിക ചരിത്രം.

III. ഭൂപ്രകൃതിയും വിഭവങ്ങളും.

IV. വിവിധ വികസന തുറകളെ കുറിച്ചുള്ള അവലോകനം.

(1) കൃഷിയും ജലസേചനവും

(2) മത്സ്യബന്ധനം, മൃഗപരിപാലനം.

(3) വിദ്യാഭ്യാസം

(4) ആരോഗ്യം, കുടിവെള്ളം പരിസര ശുചിത്വം

(5) വ്യവസായം.

(6) ഗതാഗതം, ഊർജ്ജം

(7) ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

(8) സംസ്കാരം

(9) വനിതാ ക്ഷേമം

(10) സഹകരണ മേഖല

(11)പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

(12) വിഭവ സമാഹരണം.

# ആമുഖം

കേരള സംസ്ഥാനത്തിന്റേയും ആസൂത്രണ പ്രക്രിയയുടേയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് നാം വിജയകരമായ തുടക്കം കുറിച്ചിരിക്കുകയാണ്. ഏതൊരു ജനതയുടേയും സാമൂഹികവും, സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിയാണ് വികസനം. ഇതിന് കഴിയണമെങ്കിൽ ഭൗതിക ജീവിതത്തിന്റെ ഉപാധികളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവ വർദ്ധമാനമായ തോതിൽ ലഭ്യമാക്കണം. കാർഷിക, വ്യവസായിക മേഖലകളുടെ ഉൽപാദനത്തിന്റെയും സേവനങ്ങളുടേയും നീതി പൂർവ്വകവുമായി ദ്രുതഗതിയിലുള്ള വളർച്ചയും ഇതിനാവശ്യമാണ്.

വികസനം ഫലപ്രദമാക്കണമെങ്കിൽ അതിന് ശിരയായ ആസൂത്രണം ആവശ്യമാണ്. ആസൂത്രണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ജനങ്ങൾ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിമിതമായ വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി, ഏറ്റവും സംതൃപ്തികരമായ രീതിയിൽ പ്രയോജനം ലഭ്യമാക്കുക എന്നതാണ്. ഇന്ന് കേന്ദ്രീകൃത ആസൂത്രണം കൊണ്ട് ഇത് സാദ്ധ്യമല്ല. ഇതിനായി അധികാരം വികേന്ദ്രീകരിക്കണം.

കമ്പോളവൽക്കരണത്തിലൂടെ നമ്മളിപ്പോൾ ഒരു ഉപഭോക്തൃ സംസ്കാരത്തിലെത്തിച്ചേർന്നിരിക്കുന്നു. ഇവിടെ സാമൂഹികമായ കാഴ്ചപ്പാട് ആർക്കും ഉണ്ടായിരിക്കുകയില്ല. അതുവഴി അസമത്വം വർദ്ധിക്കുകയും ദാരിദ്ര്യം രൂക്ഷമാകുകയും, വിഭവങ്ങളുടെ ദുർവ്വിനിയോഗവും കാര്യക്ഷമതയില്ലായ്മയും വർദ്ധിക്കുകയും ചെയ്യുന്നു. ഇവിടെയാണ് ശരിയായ ആസൂത്രണത്തിന്റെ അനിവാര്യത.

സ്വതന്ത്ര ഭാരതത്തിൽ, ആസൂത്രിതമായ സാമ്പത്തിക വളർച്ച നേടുന്നതിൽ പഞ്ചവത്സരപദ്ധതികൾ ഒരു പരിധിവരെ നമ്മെ സഹായിച്ചിട്ടുണ്ട്. എങ്കിലും ഈ പദ്ധതികൾ വഴി ചെലവഴിച്ച തുകയുടെ 30% പോലും ജനങ്ങൾക്ക് പ്രയോജനപ്പെട്ടില്ല എന്നതാണ് വസ്തുത. ഇതിന് കാരണം ജനപങ്കാളിത്തമില്ലായ്മ, വിവിധ വകുപ്പുകൾ തമ്മിൽ പരസ്പര ബന്ധമില്ലായ്മ എന്നിവകളാണ്. വിഭവലഭ്യത, പരിമിതികൾ കണക്കാക്കാതെ പദ്ധതികൾ തയ്യാറാക്കുക, നടപ്പിലാക്കുക എന്നീ കാരണങ്ങളാൽ പ്രശ്നങ്ങൾക്ക് പൂർണ്ണ പരിഹാരം കൈവരിക്കാൻ കഴിയാതെപോയി. ഇവിടെയാണ് ജനകീയ ആസൂത്രണത്തിന്റെ പ്രസക്തി.

പ്രദേശിക വിഭവങ്ങൾ സമാഹരിച്ച്, ജനപങ്കാളിത്തവും സേവനസന്നദ്ധതയും യോജിപ്പിച്ച്, വികസന രംഗങ്ങളിൽ ഇടത്തട്ടുകാരെ ഒഴിവാക്കി, അഴിമതി നിർമ്മാർജ്ജനം ചെയ്ത് നമ്മുക്ക് മുന്നേറാൻ കഴിയണം. അങ്ങനെ ഒമ്പതാം പദ്ധതി ജനകീയ പദ്ധതി സംസ്ഥാന സർക്കാരും സംസ്ഥാന ആസുത്രണ ബോർഡും ആലോചിച്ച് രൂപം നൽകിയിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ തലത്തിലും പ്രവർത്തനം നടന്നുവരുന്നു.

# കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്തല ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ

1996 ആഗസ്റ്റ് 17 (ചിങ്ങം 1) കർഷക ദിനത്തോടനുബന്ധിച്ച് വള്ളുവള്ളി യു. പി. സ്കൂളിൽ വെച്ച് ഉദ്ഘാടന ചടങ്ങു നടന്നു.

സെപ്തംബർ 5,6,7 തീയതികളിൽ ആലുവ ഫെല്ലോഷിപ്പ് ഹാളിൽ വച്ച് ജില്ലാതല പരിശീലന ക്ലാസ് നടന്നു. ഈ പഞ്ചായത്തിൽ നിന്നും 7 പേരും പഞ്ചായത്തു പ്രസിഡന്റും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും, ബ്ലോക്ക് പഞ്ചായത്ത് മെമ്പറും പങ്കെടുത്തു.

13-9-1996 ൽ പറവൂർ ബ്ലോക്കാഫീസ് കോൺഫറൻസ് ഹാളിൽ നടത്തിയ ഏകദിന ശില്പശാലയിൽ 13 വാർഡുകളിൽ നിന്നുമായി ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെ 53 പേർ പങ്കെടുത്തു.

22-9-1996 മുതൽ 13-10-1996 വരെയുള്ള ഒഴിവുദിവസങ്ങളിൽ വിശേഷാൽ ഗ്രാമസഭാ യോഗങ്ങൾ നടന്നു. യോഗങ്ങൾ നടത്തിയ തീയതിയും പങ്കെടുത്തവരുടെ എണ്ണവും താഴെ ചേർക്കുന്നു.

| തീയതി | വാർഡ് | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 22-9-96 | 8 | 150 | 32 | 182 |
| 29-9-96 | 13 | 67 | 31 | 98 |
| 2-10-96 | 9 | 93 | 59 | 152 |
| | 10 | 118 | 56 | 174 |
| | 12 | 95 | 67 | 162 |
| 6-10-96 | 2 | 113 | 30 | 143 |
| | 3 | 63 | 11 | 74 |
| 12-10-96 | 5 | 205 | 95 | 300 |
| | 11 | 160 | 154 | 314 |
| 13-10-96 | 1 | 72 | 64 | 136 |
| | 4 | 90 | 27 | 117 |
| | 6 | 80 | 40 | 120 |
| | 7 | 80 | 35 | 115 |

1-10-1996ൽ 5 കേന്ദ്രങ്ങളിൽ ജനാധികാര കലാജാഥ പറവൂർ മുനിസിപ്പൽ ടൗൺ ഹാളിൽ ഒക്ടോബർ 23, 24, 25 തീയതികളിൽ രണ്ടാംഘട്ട പരിശീലനക്ലാസിൽ ഒന്നാം ഘട്ട പരിശീലനത്തിൽ പങ്കെടുത്തവർ കൂടാതെ വൈസ് പ്രസിഡന്റ് , സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ, 5-ാം വാർഡ് മെമ്പർ, പഞ്ചായത്തു സെക്രട്ടറി, പഞ്ചായത്ത് അതിർത്തിയിലെ വിവിധ ഓഫീസ് മേധാവികൾ എന്നിവർ പങ്കെടുത്തു.

30-10-1996ൽ രണ്ടാംഘട്ട പഞ്ചായത്തുതല പരിശീലനക്ലാസ്സ് പറവൂർ ബ്ലോക്ക് ഡെവലപ്പ്മെന്റ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തി.

1-11-1996ൽ ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം നടത്തി.

2-11-1996ൽ രാവിലെ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽവച്ച് വിവിധ ഡിപ്പാർട്ട്മെന്റ് മേധാ

വികളുടെ നടപ്പുപദ്ധതികളുടെ റിവ്യൂ യോഗവും, വൈകിട്ട് കൈതാരം N.S.S. കരയോഗം ജൂബിലി ഹാളിൽ വച്ച് 17–11–1996 ൽ നടക്കുന്ന വികസന സെമിനാറിന്റെ സ്വാഗതസംഘം രൂപീകരണയോഗവും നടന്നു.

31–10–1996 മുതൽ 5–11–1996 വരെ പഠന പര്യടനവും ചരിത്രപഠനവും നടത്തി റിപ്പോർട്ട് ശേഖരിച്ചു.

5–11–1996 മുതൽ 9–11–1996 വരെ പഞ്ചായത്തു കോൺഫറൻസ് ഹാളിൽ വച്ച് വികസന റിപ്പോർട്ട് തയ്യാറാക്കി.

17–11–1996 വികസന സെമിനാർ നടക്കുന്നു.

# കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്

വള്ളുവള്ളി, കൂനമ്മാവ് പി.ഒ.

ഒമ്പതാം പദ്ധതി - ജനകീയ പദ്ധതി

# വികസന റിപ്പോർട്ട് '96

## ഭരണപരവും പൊതുവായ വിവരങ്ങളും.

| | | |
|---|---|---|
| 1. പഞ്ചായത്തിന്റെ പേര് | : | കോട്ടുവള്ളി ഗ്രമപഞ്ചായത്ത് |
| 2. റവന്യു വില്ലേജുകളുടെ പേര് | : | കോട്ടുവള്ളി |
| 3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | (1) കോട്ടുവള്ളി തെക്ക് (വാർഡുകൾ 5,6,7,8,12,13)<br>(2) കോട്ടുവള്ളി വടക്ക് (വാർഡുകൾ 1,2,3,4,9,10,11) |
| 4. ബ്ലോക്ക് പഞ്ചായത്ത് | : | പറവൂർ |
| 5. ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | ഏലൂർ |
| 6. താലൂക്ക് | : | പറവൂർ |
| 7. ജില്ല | : | എറണാകുളം |
| 8. അസംബ്ലി മണ്ഡലം | : | പറവൂർ |
| 9. പാർലമെന്റ് മണ്ഡലം | : | എറണാകുളം |
| 10. വിസ്തീർണ്ണം | : | 20.82 സ്ക്വയർ കിലോമീറ്റർ |
| 11. അതിരുകൾ | : | വടക്ക് പറവൂർ മുനിസിപ്പാലിറ്റി ചിറ്റാറ്റുകര പഞ്ചായത്ത്<br>തെക്ക് വരാപ്പുഴ, ആലങ്ങാട് പഞ്ചായത്തുകൾ<br>കിഴക്ക് ആലങ്ങാട്, കരുമാലൂർ പഞ്ചായത്തുകൾ<br>പടിഞ്ഞാറ് ഏഴിക്കര പഞ്ചായത്ത് |
| 12. ജനസംഖ്യ | : | 34352 (1991 ലെ കനേഷുമാരി) |
| | : | പുരുഷൻമാർ 16739 |
| | : | സ്ത്രീകൾ 17613 |
| 13. വാർഡുകളുടെ എണ്ണം | : | 13 |
| 14. പ്രസിഡന്റിന്റെ പേര് | : | ശ്രീ. കെ.വി. പുരുഷോത്തമൻ |

## ചരിത്ര പശ്ചാത്തലം

പഴയ തിരുവിതാംകൂറിൽ ഉൾപ്പെടുന്ന നമ്മുടെ പഞ്ചായത്ത് പ്രദേശം 1958 വരെ തൃശ്ശൂർ ജില്ലയിലായിരുന്നു. 1958ൽ കണയന്നൂർ, കൊച്ചി, കുന്നത്തുനാട്, ആലുവ, പറവൂർ എന്നീ താലൂക്കുകൾ ഉൾപ്പെടുത്തി എറണാകുളം ജില്ല രൂപീകരിച്ചു. തൃശ്ശൂർ ജില്ലയാകുന്നതിനുമുമ്പ് പറവൂർ കോട്ടുവള്ളി പ്രദേശങ്ങൾ കോട്ടയം ജില്ലയിൽ പെട്ടവയായിരുന്നു. നമ്മുടെ പ്രദേശത്തെ ഭൂമി സംബന്ധിച്ച ചില പഴയ രേഖകളിൽ കോട്ടയം ജില്ലയിലായിരുന്നതിന്റെ തെളിവുകൾ ഇപ്പോഴും കാണാം.

തിരുവിതാംകൂറിൽ ആദ്യമായി രൂപീകരിക്കപ്പെട്ട 9 വില്ലേജ് യൂണിയനുകളിൽ ഒന്നാണ് കോട്ടുവള്ളി വില്ലേജ് യൂണിയൻ. അതിന്റെ ആദ്യ പ്രസിഡന്റ് ശ്രീമാൻ നെല്ലിപ്പിള്ളി നാരായണ പിള്ളയായിരുന്നു. കോട്ടുവള്ളി വില്ലേജ് യൂണിയൻ രൂപീകരണത്തിനു പിന്നിൽ ശ്രമിച്ച പ്രധാന വ്യക്തിയാണ് ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന ശ്രീ. ആട്ടയിൽ കുമാരൻ വൈദ്യർ(ആലങ്ങാട്). പഞ്ചായത്ത് പ്രദേശത്തെ വലിയ ഭൂഉടമകളെ നോമിനേറ്റ് ചെയ്ത് ഉണ്ടാക്കിയിരുന്ന ഭരണസമിതിയുടെ രണ്ടാമത്തെ പ്രസിഡന്റ് ശ്രീ കാനപ്പിള്ളി തൊമ്മൻ കുട്ടിയായിരുന്നു.

1953ൽ തിരുക്കൊച്ചി ആക്ട് പ്രകാരം വില്ലേജ് പഞ്ചായത്ത് നിലവിൽ വന്നു. ആദ്യമായി തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന വില്ലേജ് പഞ്ചായത്ത് സമിതിയുടെ പ്രസിഡന്റ് ശ്രീ. പി.ഇ. ശ്രീധരൻ വൈദ്യരും, ശ്രീ കെ.വി.മാത്യു വൈസ് പ്രസിഡന്റും ആയിരുന്നു. സർവ്വ ശ്രീ എം.ഒ. കുഞ്ഞുവറീത്, കൊച്ചു ഗോവിന്ദപ്പിള്ള, നെല്ലിപ്പിള്ളി കരുണാകരപിള്ള, ടി.എൻ.ശിവരാമൻ, എ. ബാലകൃഷ്ണൻ, കെ.പി.കണ്ടേയൻ (സംവരണം) അന്താമിഖായേൽ എന്നിവർ അംഗങ്ങളായിരുന്നു. തത്തപ്പിള്ളി കിഴക്കേപ്രം, വള്ളുവള്ളി, കൈതാരം, കോട്ടുവള്ളി കരകളെ പ്രതിനിധീകരിച്ചാണ് ഈ ഒമ്പതുപേർ തിരഞ്ഞെടുക്കപ്പെട്ടിരുന്നത്.

പഞ്ചായത്ത് സമിതിയുടെ ആദ്യ എക്സിക്യൂട്ടീവ് അധികാരി ശ്രീ. അബ്രഹാം കുഞ്ഞും, ആദ്യ ക്ലർക്ക് ശ്രീ. ദിവാകരപിള്ളയും ആയിരുന്നു. ഓഫിസ് പ്രവർത്തിച്ചിരുന്നത് പഴങ്ങാട്ടു വെളിയിലുള്ള വാടക കെട്ടിടത്തിലായിരുന്നു. പിന്നീട് പഞ്ചായത്തിനു സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതുമായി ബന്ധപ്പെട്ട് ആസ്ഥാനം എവിടെയായിരിക്കണം എന്ന കാര്യത്തിൽ തർക്കമുണ്ടാകുകയും, പഞ്ചായത്ത് കമ്മറ്റിയിൽ അഭിപ്രായ ഐക്യം ഉണ്ടാകാതെ വന്ന സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ ഇടപെട്ട് ആസ്ഥാനം വള്ളുവള്ളിയിൽ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**കോട്ടുവള്ളി എന്ന സ്ഥലനാമം** :'കോട്ടുവള്ളി , വള്ളുവള്ളി, കൈതാരം' എന്നീ പേരുകളിൽ നിന്നും ഓലക്കുടയുടെ ഒരു പ്രധാന നിർമ്മാണ കേന്ദ്രമായിരുന്നു ഇതെന്ന് അനുമാനിക്കാം. 'വള്ള' എന്ന വാക്കിനർത്ഥം 'കുടതെക്കാനുള്ള പനയോലത്തണ്ട്' എന്നാണ്. വള്ളി എന്നാൽ 'കെട്ടുനാര്' എന്നും 'കോട്ട്' എന്നാൽ കോട്ടിയത് എന്നും അർത്ഥം വരുന്നു. കൈതച്ചെടികൾ കൂട്ടമായി വളരുന്ന സ്ഥലം എന്ന അർത്ഥത്തിൽ 'കൈതാരം' എന്ന പേരും ലഭിച്ചിരിക്കണം. 'കോട്ടുള്ളി' കരയാണ് 'കോട്ടുവള്ളി' ആയതെന്ന് പറയപ്പെടുന്നു.

കോട്ടുവള്ളി കൈതാരം , വള്ളുവള്ളി, തത്തപ്പിള്ളി, പ്രദേശങ്ങളും പരിസരപ്രദേശങ്ങളും പഞ്ചായത്തിന്റെ മൂന്നു മേഖലകളായി കിടക്കുന്നു. കൈതാരം കോട്ടുവള്ളി പ്രദേശങ്ങളിൽ പൊക്കാളി പാടങ്ങളും അതുമായി ബന്ധപ്പെട്ട് കൂടുതൽ കർഷകത്തൊഴിലാളികളും താമസിക്കുന്ന പ്രദേശമാണ്. പഞ്ചായത്തിലെ പ്രധാന കാർഷിക വിള തെങ്ങാണ്.

കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ നിലനിന്നിരുന്ന ആചാരാനുഷ്ഠാനങ്ങളും അനാചാരങ്ങളും നമ്മുടെ ജനതയിലും സ്വാധീനം ചെലുത്തുകയും അവയിൽ പലതും ഇവിടെയും ആചരിക്കപ്പെടുകയും ചെയ്തിരുന്നു.

സംഘടിത രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ആരംഭമായ സാമൂഹ്യ സംഘടനകൾ നമ്മുടെ നാട്ടിലും വളർന്നു വരുകയുണ്ടായി. ഇതിൽ പ്രധാനപ്പെട്ടവയാണ് പുലയ ഐക്യസമാജം, ഈഴവസമാജം, നായർ യുവജന സമാജം തുടങ്ങിയവ.

തൊട്ടുകൂടായ്മക്കും തീണ്ടിക്കൂടായ്മക്കും എതിരായി സംഘടിത പ്രവർത്തനങ്ങൾ നമ്മുടെ പ്രദേശത്തും നടന്നിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നവരിൽ ചിലരാണ് സർവ്വ ശ്രീ. ഈശപറമ്പിൽ കൃഷ്ണൻ, തമ്പി പറമ്പിൽ വേലപ്പൻ, M.L.C. കുമാരൻ എന്നിവർ.

സഹോദരൻ അയ്യപ്പന്റെ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളിലും ജാതി നിഷേധ പ്രവർത്തനങ്ങളിലും ആവേശം കൊള്ളുകയും മിശ്രഭോജനത്തിൽ പങ്കെടുത്തതിന് നാട്ടിൽ സമുദായപ്രമാണിമാരാൽ അകറ്റി നിർത്തപ്പെടുകയും ചെയ്യപ്പെട്ടയാളാണ് ശ്രീ കൊല്ലംപറമ്പി അയ്യപ്പൻ.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഹിന്ദി പ്രചാരകനായി ജീവിതം ഉഴിഞ്ഞുവെച്ച ശ്രീ കെ.എ. പരമൻസാറിന്റെ പേർ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്.

കൊ.വ: 1114 ൽ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി പറവൂരിലുണ്ടായ പോലീസ് ലാത്തി ച്ചാർജ്ജിൽ മർദ്ദനമേൽക്കേണ്ടിവന്നവരാണ് ശ്രീ P.C.കൊച്ചപ്പൻ, P.P.കുഞ്ഞൻ, C.കുമാരൻ തുടങ്ങിയവർ.

സമീപപ്രദേശമായ ചേന്ദമംഗലത്തു നടന്ന പാല്യം സമരത്തിലും നമ്മുടെ പ്രദേശത്തുനിന്ന് ധാരാളം ആളുകൾ പങ്കെടുക്കുകയുണ്ടായിട്ടുണ്ട്. ഇങ്ങിനെ നമ്മുടെ മുൻഗാമികൾ അവരുടെ ജീവിതം അന്ന് സാധ്യമായ വിധം സാമൂഹ്യ ബോധം പ്രകടിപ്പിച്ചുകൊണ്ട് കടന്നു പോയവരാണ്.

കേരളീയ ജീവിതത്തിലെ പുരോഗമനത്തിന്റെ ആണിക്കല്ലുകളായി സംഘടിത സമരങ്ങളുടേയും കർഷകത്തൊഴിലാളി പ്രസ്ഥാനത്തിന്റേയും ചരിത്രത്തിലും നാം പിന്നിലല്ല. സ്വാതന്ത്ര്യ സമരം ശക്തിപ്രാപിച്ചകാലത്ത് സ്വാതന്ത്ര്യ സന്ദേശം ജനങ്ങളിൽ എത്തിത്തീർക്കുന്നതിനും സമര സജ്ജരാകുന്നതിനുമുള്ള ജാഥകളും യോഗങ്ങളും കോൺഗ്രസ് പ്രവർത്തനവും നമ്മുടെ നാട്ടിലും നടന്നിരുന്നു.

1948ൽ കർഷക തൊഴിലാളി സംഘടന കൈതാരം പ്രദേശത്ത് രൂപം കൊണ്ടു. അതേ വർഷം നാല് അണ കൂലികൂടുതലിനു വേണ്ടി ഒരു കർഷകതൊഴിലാളി സമരം നടക്കുകയുണ്ടായി. എന്നാൽ സമരം രമ്യമായി അവസാനിച്ചു. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെ കുറിച്ചൊന്നും കാര്യമായ ധാരണയില്ലായിരുന്ന അക്കാലത്ത്, സ്വന്തം തൊഴിലാളികൾ ഉന്നയിച്ച ന്യായമായ ആവശ്യം എന്ന നിലക്ക് കർഷകർ പ്രശ്നത്തെ കാണുകയും സൗഹൃദപരമായി സമരം അവസാനിക്കാൻ ഇടവരുകയും ചെയ്തു.

പാർട്ടിയുടെ ഒരു യോഗം ആദ്യമായി നടക്കുന്നത് 1948ൽ ആണ്. കമ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടിരുന്ന അക്കാലത്ത് കൈതാരം വിളമ്പാരി പീടികയ്ക്കടുത്ത് നടന്ന ആ യോഗത്തിൽ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള ആളുകൾ പങ്കെടുക്കുകയുണ്ടായി.

കേരളത്തിലെ ഭൂപരിഷ്കരണ സമരങ്ങളുടെ ഭാഗമായ കുടികിടപ്പ് സമരം നമ്മുടെ പഞ്ചായത്തിലും ഒട്ടേറെ ആളുകൾക്ക് സ്വന്തമായി കിടപ്പാടം കിട്ടുന്നതിനിടയാക്കി. എന്നാൽ രൂക്ഷമായ സമരങ്ങളൊന്നും നമ്മുടെ പ്രദേശത്ത് നടന്നിട്ടില്ല എങ്കിലും ഈ അവകാശം നേടിയെടുക്കുന്നതിനായി പ്രവർത്തിച്ചവരിൽ പലരും പോലീസ് മർദ്ദനമേൽക്കുകയും ത്യാഗങ്ങൾ സഹിക്കേണ്ടിവരികയും ചെയ്തിട്ടുണ്ട്.

കർഷകതൊഴിലാളി സംഘടനയുടേയും സമരങ്ങളുടേയും മുൻപന്തിയിൽ ഉണ്ടായിരുന്നയാളാണ് ശ്രീ ടി.കെ. കുമാരൻ. പറവൂരിൽ ആദ്യമായി ബീഡി തൊഴിലാളികളെ സംഘടിപ്പിക്കാൻ നേതൃത്വം കൊടുത്തത് തത്തപ്പിള്ളിയിലെ ശ്രീ എ. പങ്കജാക്ഷനായിരുന്നു.

നമ്മുടെ പഞ്ചായത്തിൽ നടന്ന ശ്രദ്ധേയമായ കർഷക തൊഴിലാളി സമരമായിരുന്നു ഡോ. ഇ.കെ. മാധവന്റെ പൊക്കാളി പാടത്തു നടന്നത്. വർഷങ്ങളായി വാരത്തിന് കൃഷിനടത്തിക്കൊണ്ടിരുന്ന കൃഷിക്കാരനെ ഒഴിപ്പിക്കുന്നതിനു വേണ്ടി കോടതിയിൽ നിന്നും അനുകൂല നടപടി ഉണ്ടാക്കി. എന്നാൽ കർഷകസംഘത്തിന്റെ നേതൃത്വത്തിൽ കോടതി വിധി ലംഘിച്ച് കൃഷി നടത്തുകയും (1960ൽ) ഡോക്ടർ മാധവൻ പ്രസ്തുത പാടത്തെ കൃഷിപണിയുമായി ബന്ധപ്പെട്ട മുഴുവൻ പേരുടേയും പേരിൽ ക്രിമിനൽ കേസ് കൊടുക്കുകയും ചെയ്തു. 1960 സെപ്തംബറിൽ പ്രസ്തുത നില കൊയ്യുന്നതിന് നേതൃത്വം കൊടുത്ത കർഷ സംഘം സംസ്ഥാന നേതാക്കളായ സർവ്വശ്രീ ടി.കെ. രാമകൃഷ്ണൻ, പി.പി. എസ്തോസ്, കെ.എ. ബാലൻ എന്നിവരുൾപ്പെടെ 94 പേരെ പോലീസ് അറസ്റ്റു ചെയ്ത് കേസെടുത്തു. ഈ കേസിൽ ടി.കെ. രാമകൃഷ്ണൻ, പി.പി. എസ്തോസ്, കെ.എ. ബാലൻ എന്നിവർ 1,2,3 പ്രതികളും ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ.വി. പുരുഷോത്തമൻ 6–ാം പ്രതി

## ചരിത്ര പഠന സംഘത്തിനു കിട്ടിയ ചില നുറുങ്ങുകൾ

ശ്രീനാരായണ ഗുരു വള്ളുവള്ളി പഴൂമ്പറമ്പത്ത് കിഴക്കേവീട്ടിൽ വന്നിട്ടുണ്ട്. വീട്ടുപരിസരത്ത് ഉണ്ടായിരുന്ന സർപ്പക്കാട്ടിലെ മരം മുറിച്ചാൽ അനർത്ഥം ഉണ്ടാകുമെന്ന് വിശ്വസിച്ചിരുന്നു. ഗുരുവിന്റെ നിർദ്ദേശപ്രകാരം സർപ്പക്കാട്ടിൽ നിന്നും രണ്ട് ആഞ്ഞിലി മരം വെട്ടുകയും ആലുവ അദ്വൈതാശ്രമം ഹൈസ്ക്കൂൾ കെട്ടിടം പണിക്ക് ഈ മരം ഉപയോഗിക്കുകയും ചെയ്തു.

ജാതിക്കും അനാചാരങ്ങൾക്കും എതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി, സാമൂഹ്യ വിപ്ലവകാരിയായിരുന്ന ശ്രീ അയ്യൻ കാളിയെ കൈതാരത്തുകൊണ്ടുവന്ന് പ്രഭാഷണം നടത്തിയിട്ടുണ്ട്.

മുമ്പ് തത്തപ്പിള്ളി ചെറിയപ്പിള്ളിഎറണാകുളം റൂട്ടിൽ ബോട്ട് സർവ്വീസ് നടത്തിയിരുന്നു. യാത്രാ സമയം 3 1/2 മണിക്കൂർ ആയിരുന്നു.

ചെമ്മായത്തും ചെറിയപ്പിള്ളിയിലും ചങ്ങാടവും അതുവഴി ബസ് സർവ്വീസും ഉണ്ടായിരുന്നു.

ഒന്നാം വാർഡിലെ ഒരു പുരയിടത്തിൽ മണ്ണുകുഴിച്ചപ്പോൾ ഒരു കുടം സ്വർണ്ണനാണയങ്ങൾ കിട്ടിയിരുന്നു. ഇത് പുരാവസ്തു വകുപ്പിന് കൈമാറി. ഈ നാണയങ്ങൾ പുരാതന റോമാ സാമ്രാജ്യവും കൊടുങ്ങല്ലൂർ തുറമുഖവുമായുണ്ടായിരുന്ന വാണിജ്യ ബന്ധങ്ങളുടെ ചരിത്ര പരമായ തെളിവായി പരിഗണിക്കപ്പെടുന്നു.

കൂനമ്മാവ് എന്ന സ്ഥലത്തിന് ആ പേര് ലഭിച്ചത് 'കൂന്' (Hunch) ഉള്ള ഒരു വലിയ മാവ് ഉണ്ടായിരുന്നതുകൊണ്ടാണ് എന്ന ഒരു സങ്കൽപ്പം ഉണ്ട്.

തത്തപ്പിള്ളിയിൽ ഒരു വലിയ ബംഗ്ലാവുണ്ട്. അത് തിരുവിതാംകൂറിൽ മെത്ത കച്ചവടത്തിന് കുത്തക ലഭിച്ച ഒരു സേഠ് പണിയിപ്പിച്ചതാണ്.

കൊല്ലവർഷം 1012ൽ ആണ് പഞ്ചായത്ത ആഫീസിനു മുന്നിലൂടെയുള്ള റോഡ് ഉണ്ടായത്. ആ കാലഘട്ടത്തിൽ റോഡിനോട് ചേർന്ന് കാവൽ പുരകളും വഴിവിളക്കുകളും സ്ഥാപിച്ചിരുന്നു.

യാത്രക്കാരുടെ സുരക്ഷക്കാണ് ഈ ഏർപ്പാടുകൾ ചെയ്തിരുന്നത്. യാത്രക്കാർ കാവൽ പുരകടന്നാൽ ഉടനെ കാവൽക്കാരൻ കൂവുന്നു. അടുത്ത കാവൽ പുരയിൽ ഈ കൂവൽ കേൾക്കാം. അയാൾ പ്രതികരിക്കുകയും യാത്രക്കാർ വരുന്നത് വരെ ശ്രദ്ധിക്കുകയും ചെയ്യും.

പഞ്ചായത്ത് പ്രദേശത്ത് ആദ്യത്തെ റേഡിയോ 1958ൽ പഞ്ചായത്ത് ഓഫീസിലാണ് സ്ഥാപിക്കപ്പെട്ടത്.

പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിച്ചേർന്നത് ചെറിയപ്പിള്ളിയിലാണ്. ഇതിന്റെ പ്രവർത്തനത്തിൽ ശ്രീ കൊച്ചുഗോവിന്ദപ്പിള്ളയുടെ പരിശ്രമം കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

അവർണ്ണ വിഭാഗത്തിന് ക്ഷേത്രങ്ങൾ ഇല്ലാതിരുന്ന കാലത്ത് കൊ. വ. 1124ൽ പുലയ ഐക്യ സമാജത്തിന് ക്ഷേത്രം സ്ഥാപിക്കുന്നതിനു വേണ്ടി 30 സെന്റ് സ്ഥലം തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി.രാമസ്വാമി അയ്യർ അനുവദിക്കുകയുണ്ടായി. നീണ്ടകാലത്തെ നിവേദനങ്ങളുടേയും പ്രക്ഷോഭ സമരങ്ങളുടേയും ഫലമായിട്ടായിരുന്നു ഇത്. കൈതാരം N.S.S. പ്രസിഡന്റായിരുന്ന നെല്ലിപ്പിള്ളി നാരായണ പിള്ളയും ഏതാനും N.S.S. പ്രവർത്തകരും സഹായ സഹകരണങ്ങൾ നൽകുകയുണ്ടായി.

എന്നാൽ ഇതോടൊപ്പം അനുവദിക്കപ്പെട്ട ശ്മശാനം സ്ഥാപിക്കപ്പെടാതിരിക്കാൻ ഏതാനും ആളുകൾ ആ പ്രദേശത്ത് സർപ്പ ആരാധന ആരംഭിക്കുകയുണ്ടായി എങ്കിലും അവർണ്ണ വിഭാഗത്തിന്റെ ചെറുത്തുനിൽപ്പിന്റെ ഭാഗമായി ആരാധനയ്ക്കായി സ്ഥാപിക്കപ്പെട്ട വിഗ്രഹങ്ങളും മറ്റും അവർ എടുത്തു കളയുകയും സംഘർഷാവസ്ഥ ഉണ്ടാകുകയും ചെയ്തു. തുടർന്ന് സ്ഥാപിക്കപ്പെട്ട ശ്മശാനം ഇപ്പോഴും കൈതാരത്ത് നിലനിൽക്കുന്നു.

പഞ്ചായത്തിലെ സാമൂഹ്യ സാംസ്കാരിക രംഗത്ത് ശ്രദ്ധേയമായ പങ്കുവഹിച്ച ചില സ്ഥാപനങ്ങളാണ് കിഴക്കേപ്രം ശ്രീനാരായണ വായനശാല, ചെറിയപ്പിള്ളി സുഭാഷ് ലൈബ്രറി, കൈതാരം N.S.S. കരയോഗം കൂനമ്മാവ് ബാപ്പൂജി മെമ്മോറിയൽ വായനശാല, കോട്ടുവള്ളി പീപ്പിൾസ് ലൈബ്രറി തുടങ്ങിയവ. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് സ്ഥാപിക്കപ്പെട്ട ശ്രീനാരായണ വായനശാല അന്ന് ഒളിവിൽ

കഴിഞ്ഞിരുന്ന ശ്രീ. എൻ.ശിവൻപിള്ളയാണ് ഉദ്ഘാടനം ചെയ്തത്.

## സ്മരണീയരായ ചില വ്യക്തികൾ

**ശ്രീ കുഞ്ഞിക്കോരു വൈദ്യർ** : മാനസീക ചികിത്സാ രംഗത്ത് വളരെ പ്രശസ്തമായ ഇന്നും നിലനിൽക്കുന്ന സ്ഥാപനമാണ് ആട്ടയിൽ ചികിത്സാ കേന്ദ്രം. കുഞ്ഞിക്കോരു വൈദ്യർ ഈ സ്ഥാപനത്തിലെ പ്രഗത്ഭമതിയായിരുന്നു.

**ശ്രീ തോപ്പിൽ കൃഷ്ണൻ വൈദ്യർ** : ബാലചികിത്സാ രംഗത്ത് വളരെ പ്രശസ്തനായിരുന്നു.

**ശ്രീ അബ്ദുള്ള വൈദ്യർ** : യുനാനി ആയുർവേദ രംഗത്ത് വളരെ പ്രശസ്തമായ നിലയിൽ സേവനമനുഷ്ഠിച്ചിരുന്നു.

**ശ്രീ കുഞ്ഞുമീരാൻ സാഹിബ്**: ഏറ്റവും കൂടുതൽ കാലം കോട്ടുവള്ളി പഞ്ചായത്ത് പ്രസിഡന്റായിരുന്ന ഇദ്ദേഹം വിഷചികിത്സാ രംഗത്ത് പ്രശംസനീയമായ സേവനം നൽകിയിരുന്നു. കല്ല് പിടിപ്പിച്ച് വിഷം വലിച്ചെടുക്കുക എന്ന ചികിത്സരീതിയായിരുന്നു ഇദ്ദേഹത്തിന്റേത്. പുതിയ തലമുറക്ക് ഈ സിദ്ധി നഷ്ടമായിക്കൊണ്ടിരിക്കുന്നു.

**ശ്രീ ഇ.കെ. മാധവൻ** : തിരുക്കൊച്ചി മന്ത്രി സഭയിലെ ആരോഗ്യമന്ത്രിയായിരുന്നു ഇദ്ദേഹം.

**ശ്രീ പി.കെ. കുമാരൻ** : വള്ളുവള്ളി സ്ക്കൂളിൽ പ്രധാനാദ്ധ്യാപകനായിരുന്ന ഇദ്ദേഹത്തിന് നല്ല അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡ് ലഭിച്ചിരുന്നു.

## പ്രധാനാരാധനാലയങ്ങൾ

**കോട്ടുവള്ളിക്കാവ് ഭഗവതി ക്ഷേത്രം** : പാരമ്പര്യ അനുഷ്ഠാന പ്രകാരമുള്ള ആൾത്തൂക്കം ഈ ക്ഷേത്രത്തിൽ നടന്നു വരുന്നു. തൂക്കം നടക്കുന്ന കേരളത്തിലെ രണ്ടാമത്തെ ക്ഷേത്രമാണ് ഇത്. അനേകായിരം ഭക്തജനങ്ങൾ മീന ഭരണി ദിവസം ഇവിടെ എത്തുന്നു.

**സെന്റ് ഫിലോമിനാസ് ദേവാലയം** : റവ. ഫാ. ചാവറ കുരിയാക്കോസ് ഏലിയാസിന്റെ (1805–1871) ഭൗതികാവശിഷ്ടം അടക്കം ചെയ്തിരിക്കുന്നത് ഈ ദൈവാലയത്തിലാണ്. ആയിരക്കണക്കിന് വിശ്വാസികൾ ഇവിടെ പ്രർത്ഥനക്ക് എത്തുന്നുണ്ട്.

**വള്ളുവള്ളി മുസ്ലീം ജുമാമസ്ജിദ്** : വളരെ പുരാതനമായ ഒരു മുസ്ലീം ദേവാലയമാണ് ഇത്.

**തൃക്കപുരം ദേവീക്ഷേത്രം** : വളരെ പഴയൊരു ക്ഷേത്രമാണ് ഇത്. ഇവിടെ നടക്കുന്ന 'ഒതളങ്ങയേറും' 'ചൂട്ടു പടയണി' യും ദാരിക വധത്തിന്റെ ഐതീഹ്യമുണർത്തുന്ന ചടങ്ങാണ്.

**കാട്ടുനല്ലൂർ മുസ്ലീം പള്ളി തത്തപ്പിള്ളി** : ഹിന്ദുമുസ്ലീം ഐക്യത്തിന്റേയും മതസൗഹാർദ്ദത്തിന്റേയും പ്രതീകമാണ് ഈ പള്ളി. ഇവിടത്തെ ചന്ദനക്കുടം ചടങ്ങിന് നാനാ ജാതിമതസ്ഥർ സഹകരിക്കുന്നു. പള്ളിയിൽ എല്ലാ ദിവസവും നിലവിളക്കുകൊളുത്തി വെയ്ക്കാറുണ്ട്. ഈ പള്ളിക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്.

**മന്ദം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം**: തയ്പ്പൂയ മഹോത്സവത്തിന് വിവിധ പ്രദേശങ്ങളിലുള്ളവർ ഒത്തുചേരുന്നു. കാവടി ഘോഷയാത്ര ആകർഷകമാണ്.

ഇവ കൂടാതെ പുരാതനവും അല്ലാത്തവയുമായ ആരാധനാലയങ്ങൾ നിലനിൽപ്പുണ്ട്.

## ഭൂപ്രകൃതി

**അവലംബം** : വിഭവഭൂപടങ്ങൾ, റവന്യൂ രേഖകൾ, കൃഷിഭവൻ രേഖകൾ, പഠന പര്യടനം.

ഭൂപ്രകൃതി അനുസരിച്ച് കോട്ടുവള്ളി പഞ്ചായത്ത് മുഖ്യമായി 4 മേഖലകളായി തിരിച്ചിരിക്കുന്നു.

1. ഉയർന്ന സമതലം
2. ചരിവ് പ്രദേശങ്ങൾ
3. തീര സമതലം
4. ചതുപ്പ് നിലങ്ങൾ

ആകെ ഭൂ വിസ്തൃതി 20.82 Sq.Km ആണ്. ഇത് അഞ്ചു കരകളായി തിരിഞ്ഞുകിടക്കുന്നു. വള്ളുവള്ളി, കൈതാരം, കോട്ടുവള്ളി,

തത്തപ്പിള്ളി, കിഴക്കേപ്പുറം എന്നിവയാണ് അവ. പഞ്ചായത്തിന്റെ വടക്ക് കിഴക്കേ ഭാഗവും മദ്ധ്യ ഭാഗവും ഉയർന്ന സമതല പ്രദേശങ്ങളാണ്. പടിഞ്ഞാറ് ഭാഗങ്ങൾ പൊതുവേ മണ്ണ് എടുത്തതു കൊണ്ട് ചരിവ് ചതുപ്പ് നിലങ്ങളായി കിടക്കുന്നു. വള്ളുവള്ളിക്കരയിൽ ജൈവാംശം ഇല്ലാത്തതും ജലം പിടിച്ചുനിർത്താത്തതുമായ സാധാരണ മണ്ണാണ് ഉള്ളത്. കൈതാരം, കോട്ടുവള്ളി കരയിൽ മണൽ മണ്ണും ചെളിമണ്ണും ഉൾപ്പെട്ട പ്രദേശങ്ങളാണ്. തത്തപ്പിള്ളി ഭാഗം കളിമണ്ണ് കലർന്ന പശിമരാശി മണ്ണാണ് ഉള്ളത്. കിഴക്കേപ്പുറം ഭാഗം പൂഴിമണ്ണ് കാണപ്പെടുന്നു. അഗ്രോ ക്ലൈമറ്റ് സോണിൽ തീരമണൽ പ്രദേശം (കോസ്ററൽ സാൻഡി സോൺ) എന്ന വിഭാഗത്തിലാണ് നമ്മുടെ പഞ്ചായത്ത് പ്രദേശം.

പലപ്രകാരത്തിലും ഫലഭൂയിഷ്ഠത കുറഞ്ഞു വരുന്ന ഇവിടെ നെല്ല്, തെങ്ങ്, കമുക്, വാഴ, കുരുമുളക്, കപ്പ തുടങ്ങിയ ഫലവൃക്ഷങ്ങളും മറ്റ് പല വൃക്ഷസസ്യ ലതാദികളും കൊണ്ട് നിബിഢമാണ് ഈ പ്രദേശം.

## കാലാവസ്ഥ

ശരാശരിയിൽ കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമാണ്. ജൂൺ, ആഗസ്റ്റ് എടവപാതിയും, ഒക്ടോബർനവംബർ തുലാവർഷവും ലഭിക്കുന്നു. ഡിസംബർ ജനുവരി തണുപ്പുകാലവും, ഫെബ്രുവരി മെയ് വരെ വേനൽക്കാലവും അനുഭവപ്പെടുന്നു. പല വർഷങ്ങളിലും തുലാവർഷത്തിലും കാലവർഷത്തിലും ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടാറുണ്ട്.

## ജല ലഭ്യത

സമതലപ്രദേശങ്ങളിൽ നീരൊഴുക്ക് കുറവാണ്. നേരത്തെ ആഴം ഉണ്ടായിരുന്ന തോടുകളും ഇടത്തോടുകളും നികന്ന് പോയിട്ടുള്ളതിനാൽ നീരൊഴുക്കിന് തടസ്സമാകുന്നു. പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറ് മണ്ണ് എടുത്തതു കൊണ്ട് വെള്ളക്കെട്ട് അനുഭവപ്പെടുന്നു. പഞ്ചായത്തിൽ 13ാം വാർഡ് ഒഴിച്ച് എല്ലാ വാർഡുകളും ഓരുവെള്ള ഭീഷണി നേരിടുന്നു. ഭുഗർഭ ജലത്തിന്റെ ചെറിയഭാഗം ഉപയോഗപ്രദമാണ്. പ്രത്യേകിച്ച് പടിഞ്ഞാറൻ മേഖലയും തെക്ക് കിഴക്ക് മേഖലയും. പഞ്ചായത്തിൽ വ്യാപകമായി മണ്ണെടുപ്പുള്ളതുകൊണ്ട് മണ്ണിന്റെ ഫലഭൂയിഷ്ഠതയും, ഉൽപ്പാദന ക്ഷമതയും കുറഞ്ഞിട്ടുണ്ട്.

## മണ്ണ്

പഞ്ചായത്തിലെ 1,2,3,4 വാർഡുകളിൽ ജലാംശമില്ലാത്ത സാധാരണ മണ്ണാണ്. 7,8,12,13 വാർഡുകളിൽ ചെരിമണൽ മണ്ണ്, 9,10, വാർഡുകളിൽ കളിമണ്ണും 11–ാം വാർഡിൽ പൂഴിമണലുമാണ്.

## ഭൂവിനിയോഗം

ആരാധനാലയങ്ങൾ, പൊതുസ്ഥാപനങ്ങൾ, റോഡുകൾ, ഒഴികെയുള്ള സ്ഥലങ്ങൾ പുരയിടങ്ങളും കൃഷിസ്ഥലങ്ങളും ആണ്. കൂടാതെ മൈതാനങ്ങളും തരിശുഭൂമികളും ഇടകലർന്ന് കാണുന്നു.

336 ഹെക്ടർ സ്ഥലത്ത് മാത്രമാണ് പൊക്കാളി കൃഷി ചെയ്യുന്നത്. ഒരുപ്പു നിലങ്ങളാണ് ഇവ. കൂടാതെ തെങ്ങുകൃഷിയും വ്യാപകമായി പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കാണുന്നു. ഒറ്റപ്പെട്ട ചില വീടുകളിൽ പച്ചക്കറി കൃഷി ചെയ്തുവരുന്നു. കൂടാതെ കുരുമുളക്, ജാതി, വാഴ, കമുക് തുടങ്ങിയവ കൃഷിചെയ്തു വരുന്നു. മുൻകാലങ്ങളിൽ 1 ഹെക്ടർ സ്ഥലത്തു നിന്ന് 5000 തേങ്ങകൾ വരെ കിട്ടിയിരുന്നു. എന്നാലിപ്പോൾ 1 ഹെക്ടറിൽ നിന്ന് 500 ആയി കുറഞ്ഞിരിക്കുന്നു. (പഠന പര്യടനം)

## ജൈവസമ്പത്ത്

കുറുന്നരി ഇവിടെനിന്ന് അപ്രത്യക്ഷമായിരിക്കുന്നു. കുളക്കോഴി, ചേര, അണലി വ്യാപകമായി കാണുന്നു. മൂർഖൻ ഒറ്റപ്പെട്ടനിലിയിൽ കാണപ്പെടുന്നു. വെരിക്, മരപ്പട്ടി, കീരി ഇവ അപൂർവ്വമായി കാണുന്നു.

കുറുന്തോട്ടി, ആവണക്ക്, എരിക്ക്, നീലകുളത്തിൽ വളരുന്ന തൊട്ടാവാടി, വയൽചുള്ളി, കീഴാർനെല്ലി, ഇവ കൂടുതലായി കാണപ്പെട്ടിരുന്നു. എന്നാലിന്ന് വളരെ നാശം സംഭവിച്ച് വിരളമായിരിക്കുന്നു.

കയ്യുണ്യം, ആങ്കോലം എന്നിവ അപൂർവ്വമായി ഈ പഞ്ചായത്തിൽ കാണ്ടുവരുന്നു. കൂവളം, കർള്ളകം എന്നീ ഔഷധ സസ്യങ്ങൾ

കാണുന്നു. മെയ് മാസങ്ങളിൽ പൊക്കാളി പാടത്ത് ഞാറക്കൊക്ക്, കടൽക്കാക്കകൾ എന്നിവ ദേശാടനം വഴി എത്താറുണ്ട്.

## മനുഷ്യ വിഭവം

നാടിന്റെ ഏറ്റവും വലിയ വിഭവമാണ് മനുഷ്യ സമ്പത്ത്. ആകെ ജനസംഖ്യ 34,352 ആണ്.(1991 സെൻസസ്) ഇനി 16,739 പുരുഷന്മാരും 17,613 സ്ത്രീകളുമാണ്. ഇതിൽ പട്ടിക ജാതിക്കാർ 1926 പുരുഷന്മാരും 1991 സ്ത്രീകളുമാണ്. പട്ടിക വർഗ്ഗക്കാർ 165 പുരുഷന്മാരും 167 സ്ത്രീകളുമാണ്. ആകെ ജനസഖ്യയിൽ 14119 പുരുഷന്മാരും (95.8 %) 14,015 സ്ത്രീകളും (89.6%) സാക്ഷരത നേടിയവരാണ്. അപ്രകാരം നമ്മുടെ പഞ്ചായത്തിലെ ആകെ സാക്ഷരത നിരക്ക് 92.45% ആണ്.

ജനങ്ങളിൽ അവരവർ നേടിയ വിദ്യാഭ്യാസ യോഗ്യതയും ചെയ്യുന്ന തൊഴിലും വരുമാനവും എത്രയെന്നു കൃത്യമായി അറിയണമെങ്കിൽ ആവശ്യമായ സാമൂഹ്യസാമ്പത്തിക സർവ്വേ നടത്തേണ്ടിയിരിക്കുന്നു. ഇതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

## ടൂറിസം

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ഛന്റെ അവസാന നാളുകളിൽ കഴിച്ചുകൂട്ടിയ കൂനമ്മാവ് സെന്റ്. ഫിലോമിനാസ് പള്ളി, പരമ്പരാഗത ആചാരം നിലനിൽക്കുന്ന കോട്ടുവള്ളിക്കാവ് തത്തപ്പള്ളി കാട്ടുനല്ലൂർ പള്ളിയിലെ ചന്ദനക്കുടം, മന്നം സുബ്രഹ്മണ്യക്ഷേത്രത്തിലെ തൈപ്പൂയം മേഖലകൾക്ക് ടൂറിസ്റ്റ് സാദ്ധ്യതകൾ ഏറെ കാണുന്നു. ജലസമ്പത്ത് ധാരാളമുള്ള പഞ്ചായത്തിൽ ജലമഹോത്സവങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവയും ടൂറിസ്റ്റ് സാദ്ധ്യത നമ്മുടെ പഞ്ചായത്തിൽ വർദ്ധിപ്പിക്കുന്നു.

## കൃഷിജലസേചനം

കേരള സംസ്ഥാനത്തെ പതിമൂന്ന് കാർഷികമേഖലകളായി തിരിച്ചിട്ടുള്ളതിൽ നമ്മുടെ പഞ്ചായത്ത് Costal Sandi Zone സ്ഥാനത്താണ്. നമ്മുടെ പഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച് മൂന്ന് മേഖലകളായിതിരിക്കാം. I, II, III, IV വാർഡുകൾ ഉൾപ്പെടുന്ന വള്ളുവള്ളി കരയും, V, VI, VII, VIII, XII, XIII വാർഡുകൾ ഉൾപ്പെടുന്ന കൈതാരം, കോട്ടുവള്ളി കരയും, IX, X, XI ഉൾപ്പെട്ട തത്തപ്പിള്ളി കിഴക്കേപ്രം കരയും. വള്ളുവള്ളി കരയിൽ നാമമാത്രമായി ജൈവാംശം ഉള്ളതും, നാമമാത്രമായി ജലാംശം പിടിച്ചുനിർത്തുവാനുള്ള കഴിവുകുറഞ്ഞതുമായ സാധാരണ മണ്ണാണ്. കൈതാരം കോട്ടുവള്ളിക്കര, കിഴക്കേപ്രംകര തുടങ്ങിയവയിൽ ജൈവാംശം ഒട്ടുമില്ലാത്തതും പൂർണ്ണമായും ജലാംശം മാറ്റിക്കളയുന്നതുമായ ചൊരിമണൽ പ്രദേശമാണ്. ഈ കരയുടെ പടിഞ്ഞാറു ഭാഗം പൊക്കാളി ക്രിഷിക്ക് ഉപയുക്തമായ ചെളിയുള്ള പ്രദേശമാണ്. തത്തപ്പിള്ളി കര കളിമണ്ണ് കലർന്ന മണ്ണാണ്. ഈ കരയുടെ വടക്കുകിഴക്കേ അറ്റമായ പാറപ്പുറം പ്രദേശം വെട്ടുകൽ പ്രദേശമാണ്.

ശരാശരിയിൽ കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമാണ് നമ്മുടേത്. ജൂൺ,ജൂലൈ, ഓഗസ്ററ് കാലവർഷമായും ഒക്ടോബർ, നവംമ്പർ തുലാ വർഷമായും നമുക്ക് മഴ ലഭിക്കുന്നു. ഡിസംമ്പർ, ജനുവരി മാസം തണുപ്പു കാലമായും ഫെബ്രുവരി മുതൽ മെയ് വരെ വേനൽക്കാലമായും അനുഭവപ്പെടുന്നു. പലപ്പോഴും തുലാവർഷവും കാലവർഷവും കാലയളവിൽ ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാവാറുണ്ട്.

## കാർഷിക ചരിത്രം

കഴിഞ്ഞ അൻപത് വർഷത്തിനുള്ളിൽ പഞ്ചായത്തിനകത്തു കാർഷികരംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ പുതിയ തലമുറക്ക് അജ്ഞാതമാണ്. വിരലിൽ എണ്ണാവുന്ന ചില ഭൂവുടമകളുടെ കൈവശമായിരുന്നു ഈ ഭൂമികൾ മുഴുവനും. നമ്മുടെ രാജ്യത്തുണ്ടായ കാർഷിക ഭൂപരിഷ്കരണ നിയമങ്ങളുടെ ഫലമായാണ് ആയിരക്കണക്കിന് വരുന്ന കർഷകരും കുടികിടപ്പുകാരും ഭൂവുടമകളായി മാറിയത്. കാർഷികരംഗത്ത് നടത്തിയിട്ടുള്ള ഒട്ടേറെ പ്രക്ഷോഭണങ്ങളുടേയും സമ്മർദ്ദങ്ങളുടേയും ഫലമായിട്ടാണ് ഈ മാറ്റം നമ്മുടെ രാജ്യത്തുണ്ടായത്.

നമ്മുടെ പഞ്ചായത്തിലെ 6357 കുടുമ്പങ്ങളിൽ 5828 പേരും ഒരു ഹെക്ടറിൽ താഴെ ഭൂമി ഉള്ളവരാണ് 468 പേർ ഒരു ഹെക്ടറിനും 2ഹെക്ടറിനും ഇടയ്ക്ക് ഭൂമി ഉള്ളവരാണ്. 61

പേർ മാത്രമാണ് രണ്ടു ഹെക്ടറിനു മുകളിൽ ഭൂമി ഉള്ളവർ (പഞ്ചായത്തിൽ മൊത്തം 1745 ഹെക്ടർ ഭൂമി ഉണ്ട്. ഭൂവുടമാ ബന്ധങ്ങളിൽ വന്ന മാറ്റം കാർഷിക രംഗത്ത് ഒട്ടേറെ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. ഭൂമി സ്വന്തമായി കിട്ടിയ കൃഷിക്കാരും തൊഴിലാളികളും തങ്ങളുടെ ഭൂമികളിൽ അധ്വാനിക്കാൻ തയ്യാറായതു വഴി കാർഷിക ഉത്പാദനത്തിൽ വലിയ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. പൊക്കാളി നെല്ലുല്പാദനത്തിൽ നമുക്ക് ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. അതുപോലെ നാളികേര ഉദ്പാദനത്തിലും ഗണ്യമായ പുരോഗതി ഉണ്ടായി. കർഷകരും തൊഴിലാളികളും തമ്മിൽ ദൃഢമായ ഒരു ബന്ധം നിലനിന്നിരുന്നു. കാർഷിക വൃത്തി ക്രമേണ ആദായകരമല്ലാതാവുകയും ഇതോടെ ഭൂവുടമകൾക്ക് കാർഷിക വൃത്തിയോട് ആഭിമുഖ്യം കുറയുകയും ഉപതൊഴിൽ എന്ന നിലയിലേക്ക് കൃഷി മാറുകയും ചെയ്തു. തുണ്ടു തുണ്ടായി ഭൂമി കിട്ടിയ ഇടത്തരം കൃഷിക്കാരനും ആ കൃഷികൊണ്ട് ജീവിക്കാൻ കഴിയില്ല എന്നതുകൊണ്ട് മറ്റ് തൊഴിലുകളിലേക്ക് മാറിപ്പോയി. ഇതുമൂലം കൃഷിപ്പണിക്കാവശ്യമായ തൊഴിലാളികളെ യഥാസമയം കിട്ടാത്ത അവസ്ഥയും ഉയർന്നു വന്നു. സ്വന്തമായി അദ്ധ്വാനിക്കാൻ തയ്യാറുള്ള കർഷകർ മാത്രം ഈ രംഗത്തു പിടിച്ചുനിൽക്കുകയും മറ്റുള്ളവർ ഈ രംഗത്തുനിന്ന് പിന്നോക്കം പോകുന്ന അവസ്ഥയും ഉണ്ടായി. മറ്റുചില കാരണങ്ങളും ഇതിന്റെ പിന്നിലുണ്ട്. കർഷകരെ ആത്മാർത്ഥമായി സഹായിക്കുന്ന സമീപനം പലപ്പോഴും അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. രാസവളങ്ങളുടേയും കീടനാശിനികളുടേയും ക്രമാതീതമായ വിലവർദ്ധനവും വെള്ളക്കരം, കറന്റ് ചാർജ്ജ് എന്നിവയും വർദ്ധനവും തൊഴിലാളികളുടെ വേതനവർദ്ധനവും എല്ലാം അനുസരിച്ചുള്ള ഉത്പാദന ക്ഷമതയുണ്ടായില്ല. കായലുകളും പുഴകളും തോട്ടകളുമെല്ലാം നികന്ന് വെള്ളം ഏറ്റഇറക്കം കുറഞ്ഞുവന്നതിന്റെ തുടർന്ന് വലിയ കുറവു സംഭവിച്ചിട്ടുണ്ട്. പുതിയ ആയിരങ്ങൾ ഭൂവുടമകളായി മാറിയെങ്കിലും നാം പ്രതീക്ഷിച്ച ഉത്പാദന വർദ്ധന സ്ഥിരമായി ആ രംഗത്ത് ഉറപ്പിച്ചെടുക്കാൻ ഇതുമൂലം കഴിഞ്ഞില്ല. ഉത്പാദന ചിലവനുസരിച്ച് വിളവുണ്ടാകാത്തതും കാർഷിക വിളകൾക്ക് ന്യായമായ വില കിട്ടാത്തതും സർക്കാരിന്റെ ആത്മാർത്ഥമായ സഹായമില്ലാത്തതും കർഷകരെ പിന്നോട്ടടിപ്പിക്കാൻ ഇടവരുത്തി.

കാർഷികരംഗത്ത് ഒരു കൂട്ടായ്മയിലൂടെ സർക്കാരിന്റെ പിൻബലത്തോടെ ഒരു വലിയ മാറ്റം ഉണ്ടാക്കാൻ കഴിയും എന്ന കാര്യത്തിൽ തർക്കമില്ല. അതിനുള്ള ആരംഭമാണ് നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലയിലേക്ക് നമുക്ക് ഒന്ന് എത്തി നോക്കാം. 336 ഹെക്ടർ സ്ഥലത്ത് പൊക്കാളി കൃഷി നടത്തിവരുന്നു. ഒരു ഹെക്ടറിൽ നിന്നും 1200 Kg. നെല്ല് വിള കിട്ടുമെങ്കിലും നമ്മുടെ മൊത്തം ഉത്പാദനം 403.2 ടൺ ആണ്. പല സ്ഥലത്തും നിലങ്ങൾ കൃഷിചെയ്യാതെ തരിശിടുന്നതുമൂലം ഉത്പാദനം കുറഞ്ഞുവരുന്നു.

നമ്മുടെ പഞ്ചായത്തിലെ മുഖ്യ വിളയായ നാളികേരം നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലാണ്. ഏതാണ്ട് 1068 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയുണ്ട്. നൂറു കണക്കിന് തൊഴിലാളികൾ കൊപ്ര, ചകിരി, കയർ വ്യവസായങ്ങളുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. എന്നാൽ തൊണ്ടിന് വ്യാപകമായി ഉണ്ടാകുന്ന രോഗങ്ങൾ ഈ രംഗത്തെ തകർത്തിരിക്കുകയാണ്. ഒരു ഹെക്ടറിൽ 5250 നാളികേരം വിളയുണ്ടായിരുന്നത് 1000ൽ താഴെയായി കുറഞ്ഞിട്ടുണ്ട്. മറ്റ് ഇടവിളകളായി വാഴ, മരച്ചീനി, പച്ചക്കറി, കുരുമുളക്, കവുങ്ങ്, പയർ, എന്നിവയും കൃഷി ചെയ്യുന്നുണ്ട്. പച്ചക്കറികൾ ഏകദേശം 5 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്തുവരുന്നുണ്ട്.

ശരാശരി ഒരോ വാർഡിലും 80 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ഉണ്ട്. ശരാശരി 14000 തെങ്ങുകൾ ഓരോ വർഡിലും വരാം.

## ഉത്പാദന ക്ഷമത

സംസ്ഥാനത്തിന്റെ ശരാശരി ഉത്പാദന ക്ഷമതക്ക് താഴെയാണ് നമ്മുടെ പഞ്ചായത്തിലെ ഉത്പാദനം. അതിന് പല കാരണങ്ങളുമുണ്ട്.

(1) കായലുകളുംതോടുകളും എല്ലാം സമയാ സമയങ്ങളിൽ സംരക്ഷിക്കപ്പെടാതിരിക്കുന്നതു മൂലവും, ചകിരിച്ചോറ്, എക്കൽ തുടങ്ങിയവ അടിഞ്ഞ് നികന്നുപൊകുന്നതുകൊണ്ട് ഏറ്റഇറക്കം ഇല്ല.

(2) സമീപപ്രദേശങ്ങളിൽ നിന്നും, വ്യവസായ ശാലകളിൽ നിന്നും മലിനജലം തുറന്നു

വിടുന്നത് ജലം മലിനമാക്കുന്നു.

(3) സമയാസമയങ്ങളിൽ കൃഷിപ്പണികൾ നടത്താത്തത്.

(4) യഥാസമയം കൃഷിപ്പണികൾ നടത്താൻ ആവശ്യമായ തൊഴിലാളികളെ ലഭിക്കായ്ക.

മൂന്നു വശവും ഓരുവെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്നതുകൊണ്ട് ജലസേചന സൗകര്യങ്ങൾ പരിമിതമാണ്. കിണറുകളിലും കുളങ്ങളിലും എല്ലാം വർഷക്കാലങ്ങളിൽ മാത്രമേ നല്ല വെള്ളം ലഭിക്കുകയുള്ളു. കുടിവെള്ളത്തിനു പോലും പൂർണ്ണമായും പൈപ്പ് ലൈനിനെ ആശ്രയിച്ചാണ് കഴിയുന്നത്. നല്ല വെള്ളം കിട്ടാത്തതുകൊണ്ട് പച്ചക്കറി കൃഷി ഉൾപ്പെടെ കാർഷിക വിളകൾ മഴയെ ആശ്രയിച്ചാണ് കൃഷിചെയ്യുന്നത്.

ജലസേചന സൗകര്യാർത്ഥം തത്തപ്പിള്ളിയിൽ സ്ലൂയീസ് കം ബ്രിഡ്ജ് നിർമ്മിക്കാനുള്ള പദ്ധതികൾ പരിഗണനിയിലാണ്.

## ഉത്പന്നങ്ങളുടെ വിലയും വിപണനവും

നമ്മുടെ പഞ്ചായത്തിലെ നാളികേരം സംഭരിച്ച് അത് കൊപ്രയാക്കി പുറം മില്ലുകളിൽ സ്വകാര്യവ്യവസായികൾ കൊണ്ടുപോയി വിൽപ്പന നടത്തുന്ന രീതിയാണ് നിലവിലുള്ളത്. ഇടത്തട്ടുകാരായ വ്യവസായികൾ ആണ് ഇതുകൊണ്ട് നേട്ടം ഉണ്ടാക്കുന്നത്. കർഷകർക്ക് ഒരിക്കലും ന്യായമായ വില ലഭിക്കാറില്ല. അതുപോലെ മടൽ ചകിരിയാക്കി കയറുപിരിച്ച് നൂറു കണക്കിന് തൊഴിലാളികൾ ജീവിച്ചിരുന്നതാണ്. ഇന്ന് മില്ലിൽ ചകിരിയാക്കി, ചകിരിതന്നെ ആലപ്പുഴ തുടങ്ങിയ ജില്ലകളിയ്ക്ക് കയറ്റി അയക്കുകയാണ്. ഈ രംഗത്ത് പണിയെടുത്തിരുന്ന തൊഴിലാളികൾ തൊഴിൽ രഹിതരായി മാറി. കശുവണ്ടി, അടയ്ക്ക, കുരുമുളക്, തുടങ്ങിയ ഉത്പന്നങ്ങൾ സ്വകാര്യ കച്ചവടക്കാർ വാങ്ങി വിൽക്കുകയാണ്. ന്യായമായ വില ഒരിക്കലും കൃഷിക്കാർക്ക് കിട്ടാറില്ല. അതുപോലെ ക്ഷീര കർഷകർ തങ്ങളുടെ ഉത്പന്നങ്ങൾ സ്വകാര്യ കച്ചവടക്കാർക്ക് വിൽക്കാൻ നിർബന്ധിതരാകുന്നു. ഈരംഗത്ത് കർഷകരുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ചാൽ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷപ്പെടാനും തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും കഴിയും.

## കൂലിയും സേവന വ്യവസ്ഥകളും

കാർഷിക ജനസംഖ്യയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. പുതിയ തലമുറക്ക് കാർഷികവൃത്തിയോട് ആഭിമുഖ്യം കുറഞ്ഞുവരികയാണ്. അതുപോലെതന്നെ തേങ്ങയിടാനും ആവശ്യത്തിന് തൊഴിലാളികൾ ഇല്ല. ഈ രംഗത്ത് നിശ്ചിതമായ ഒരു കൂലിവ്യവസ്ഥ ഇല്ല. പറമ്പുകിളക്കുന്നതിന് 80 മുതൽ 100 രൂപ വരെ കൂലി നിലവിൽ ഉണ്ട്. ഞാറു നടീൽ കൊയ്ത്ത് എന്നീ പണികൾക്ക് യഥാസമയം തൊഴിലാളികളെ കിട്ടാതെ വരുന്നതു മൂലം കർഷകർ പ്രയാസപ്പെടുകയാണ്. പൊക്കാളി കൃഷിക്ക് രാസവളപ്രയോഗത്തിന്റെ ആവശ്യം വരുന്നില്ല. എന്നാൽ മറ്റുകൃഷിക്ക് പരിമിതമായ തോതിൽ രാസവളങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. മന്നം സർവ്വീസ് സഹകരണ സംഘം വഴിയാണ് രാസവളം വിതരണം കുറേ ചെയ്യുന്നത്.

## നടപ്പു പദ്ധതികളുടെ അവലോകനം

കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി ധാരാളം കർഷകർക്ക് ധനസഹായം നല്കുകയുണ്ടായി. അവരുടെ കാർഷിക വരുമാനവും മൊത്തത്തിലുള്ള ജീവിതനിലവാരവും ഉയർത്തിയിട്ടുള്ളതായാണ് കാണുന്നത്. സമഗ്ര നാളികേര പദ്ധതി പ്രകാരം കിണർ കുഴൽ കിണർ, പമ്പ് സെറ്റ്, തുടങ്ങിയവ നൽകിയതുവഴി, തെങ്ങിൻ തോട്ടങ്ങളിലെ ജലസേചന സൗകര്യം വർദ്ധിക്കുകയും നാളികേര ഉത്പാദനവും ബയോഗ്യാസ് നിർമ്മിച്ചു നൽകുക വഴി ആ കുടുംബങ്ങൾക്ക് നേട്ടമുണ്ടായിട്ടുണ്ട്.

നെൽകൃഷി ഉത്പാദന ബോണസ് 93–94 ൽ 22,000 രൂപയും 94–95ൽ 32,500 രൂപയും 95–96ൽ 35,380 രൂപയും കൂടി ആകെ 89,880 രൂപ നൽകിയിട്ടുണ്ട്.

C.O.B. തെങ്ങ് വെട്ട്

| 92–93 | 93–94 | 94–95 | 95—96 |
|---|---|---|---|
| 500–37,500 | 350–70,000 | 450–90,000 | 850–1,70,000 |

V, XI, XII വാർഡുകളിലായി ആകെ 2120 തെങ്ങ്.

ആകെ ചിലവ് 3,67,500 രൂപ.

(അവലംബം കൃഷിഭവൻ റപ്പോർട്ട്)

## ഡ്രിപ്പ് ഇറിഗേഷൻ

രണ്ട് യൂണിറ്റുകൾക്കായി 23,500 രൂപ സബ്സീഡി നൽകി. ഗ്രൂപ്പ് ഫാമിങ്ങ് പ്രകാരം രണ്ട് പമ്പ് സെറ്റ് 9200 രൂപ. നല്ല കർഷകനുള്ള സമ്മാനപദ്ധതി പ്രകാരം 5 വർഷത്തിനുള്ളിൽ 9 പേർക്ക് 4500 രൂപ സമ്മാനം നൽകി.

പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് :

| | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|
| Bio-Gas | 5–25,000 | 5–25,000 | 5–5000 | |
| Well | | 5–13000 | | |
| വളം | | | 17,072 | 19,843 |
| L.D.Work | | | | 30,600 |

| | |
|---|---|
| ആകെ ബയോഗ്യാസ് 11 എണ്ണം | Rs.55,000/ |
| കിണർ 5എണ്ണം | Rs.15,000/ |
| വളം | Rs. 36,915/ |
| മണ്ണിട്ടുനികത്തൽ | Rs.30,600/ |

(കൃഷിഭവൻ റിപ്പോർട്ട്)

1996–97 സാമ്പത്തിക വർഷത്തിലെ നടപ്പു പദ്ധതികൾ

1) സമഗ്ര നാളികേര വികസന പദ്ധതി

(1) കിണർ 12

(2) കുഴൽ കിണർ 3

(3) പമ്പ് സെറ്റ് 15

(4) റോക്കർ സ്പ്രേയർ 3

(5) രാസവളം 5 Palm kit- 210;
10 Palm kit - 100

2) ബയോഗ്യാസ് ഡെവലപ്പമെന്റ്

(1) ബയോഗ്യാസ് പ്ലാന്റ് 3 എണ്ണം
Rs. 7,200/

3) S.C.P. പ്രത്യേക ഘടക പദ്ധതി

Farm House - 1. Fin-25,000/

4)നെൽ കൃഷി ഉത്പാദന ബോണസ്

Rs. 32,000/

(അവലംബം കൃഷിഭവൻ റിപ്പോർട്ട്)

കഴിഞ്ഞ 8–ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെട്ട് കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനുള്ളിൽ നമ്മുടെ കൃഷിഭവൻ വഴി ലക്ഷക്കണക്കിന് രൂപ ചിലവഴിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ കൃഷി വികസിപ്പിക്കുക എന്ന ലക്ഷ്യം വച്ചാണ് ഇത്രയും തുക ചിലവഴിച്ചിട്ടുള്ളത്. എന്നാൽ ചിലവഴിച്ച ലക്ഷങ്ങളുടെ തോതിനനുസരിച്ച് കാർഷിക ഉത്പാദനം വർദ്ധിച്ചിട്ടില്ല എന്നത് വസ്തുതയാണ്. കൃഷിക്കാരുടെ യഥാർത്ഥ ആവശ്യങ്ങൾ അവരുമായി ചർച്ച ചെയ്ത് അതിന് പരിഹാരം കണ്ടെത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ചിരുന്നതുകൊണ്ടാണ് ഈ പാളിച്ച സംഭവിച്ചിട്ടുള്ളത്. പദ്ധതിയുടെ നേട്ടങ്ങൾ യഥാർത്ഥ്യമാകണമെങ്കിൽ അവരെ കൂടി പങ്കാളികളാക്കി പദ്ധതി ആവിഷ്കരിച്ചാലെ കഴിയൂ എന്ന യാഥാർത്ഥ്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

നമ്മുടെ പഞ്ചായത്തിലെ ഓരോ വാർഡുകളിൽ നിന്നും ഉയർന്നിട്ടുള്ള പ്രശനങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധക്ഷണിക്കുകയാണ്.

കൈതാരം കോട്ടുവള്ളി മേഖലയിൽ മണ്ണെടുത്ത് താഴ്ത്തപ്പെട്ട സ്ഥലങ്ങൾ കുഴികളായും തരിശായും കിടക്കുകയാണ്. നീറ്റുറവു പോകുവാൻ യാതൊരു മാർഗ്ഗവുമില്ലാതെ ചതുപ്പുനിലങ്ങളായി ഈ പുരയിടങ്ങൾ മാറി, ഇവിടെ തെല്ലും നെൽകൃഷി ചെയ്യാൻ പറ്റാത്ത നിലയിൽ തരിശായി കിടക്കുകയാണ്. സമീപത്തുള്ള തെങ്ങുകളും ഇതുമൂലം നശിക്കുകയാണ്.

തെങ്ങുകൃഷി മുരടിപ്പിലും തകർച്ചയിലുമാണ്. തേങ്ങയുടെ ഉത്പാദനം കുറഞ്ഞു വരുന്നു. ഇതുമൂലം ഈ രംഗത്തുള്ള കൃഷിക്കാർ ആകെ അസ്വസ്ഥരും ദുഃഖിതരും ആണ്. നമ്മുടെ പഞ്ചായത്തിൽ കേന്ദ്രീകരിച്ചിരുന്ന കൊപ്രാ വ്യവസായവും വെളിച്ചെണ്ണ വ്യവസായവും പ്രതിസന്ധിയിലാണ്. തെങ്ങിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന നാനാ വിധരോഗങ്ങളാണ് ഉത്പാദന തകർച്ചക്ക ഒരു കാരണം. കൂമ്പൂചീയൽ, മഞ്ഞപ്പിത്തം, ഓലകരിച്ചിൽ, കാറ്റ് വീഴ്ച, ചെല്ലിക്കുത്ത് ഇത്യാദി പ്രശ്നങ്ങളാണ് തെങ്ങിനെ ബാധിക്കുന്നത് യഥാസമയം കണ്ടറിഞ്ഞ് മരുന്നുചെയ്യാത്തതുകൊണ്ട് രോഗങ്ങൾ മൂർച്ചിക്കുകയും വ്യാപകമാവുകയും ചെയ്യുന്നു. മറ്റൊരു കാരണം; യഥാസമയങ്ങളിൽ പറമ്പുകളിൽ കണ്ണിവെയ്ക്കൽ, തോടുവെട്ട്, തടമെടുക്കൽ തടം മൂടൽ ഇത്യാദി കൃഷിപ്പണികൾ കാലാകാലങ്ങളിൽ നടത്താത്തതുമൂലം ഫലഭൂയിഷ്ടി കുറയുകയും സ്വേദനശക്തി കുറയുകയും ജലാംശം തടഞ്ഞുനിർത്താൻ കഴിയാത്തതുമൂലം ഉത്പാദനം കുറയുന്നു. കൂടാതെ ഈ രംഗത്ത് പണിയെടുക്കുന്ന കർഷകത്തൊഴിലാളികൾക്ക് ജീവിതം വഴി മുട്ടുന്നു. കാലാകാലങ്ങളിൽ വളപ്രയോഗവും ജലസേചനവും നൽകാത്തതും തെങ്ങിന്റെ വളർച്ച മുരടിക്കുന്നതിനും ഉത്പാദനം കുറയുന്നതിനും രോഗങ്ങൾ വ്യാപിക്കുന്നതിനും ഇടവരുത്തുന്നു. സമയാസമയങ്ങളിൽ തെങ്ങുകയറി മണ്ടവെളിപ്പിക്കൽ ഇത്യാദി ശുചീകരണ പ്രവർത്തനങ്ങൾ നടത്താത്തതും രോഗവ്യാപനത്തിന് ഒരു കാരണമാണ്.

ഉത്പാദനശേഷിയും, രോഗപ്രതിരോധശക്തിയുമുള്ള നല്ലയിനം തെങ്ങിൻ തൈകൾ ലഭിക്കാനുള്ള ബുദ്ധിമുട്ടും ഈ രംഗത്തെ മുഖ്യ പ്രശ്നമാണ്.

## നെൽകൃഷി

നെല്ലുല്പാദനം ഓരോ വർഷം ചെല്ലുന്തോറും കുറഞ്ഞുവരികയാണ്. പഞ്ചായ

ത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷിചെയ്യാതെ തരിശിട്ടിരിക്കുന്ന ഒട്ടേറെ പാടങ്ങൾ കാണാം. ചാത്തനാട് കോട്ടുവള്ളി പുഴ എക്കൽ വന്ന് അടിഞ്ഞതുമൂലം വെള്ളം ഏറ്റം ഇറക്കം ശരിയായി നടക്കുന്നില്ല. ഇതുമൂലം നമ്മുടെ പുഴകളിലും തോടുകളിലും പണ്ടത്തെപ്പോലെ ജലം ലഭിക്കുന്നില്ല. പുഴകളും തോടുകളും കെട്ടിസംരക്ഷിക്കാത്തതുമൂലം മണ്ണിടിഞ്ഞ് നികന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ പുഴകളിൽ ചകിരിച്ചോറ് പുഴകളിൽ നിക്ഷേപിക്കുന്നതു മൂലം പുഴമിക്കവാറും നികന്നുകൊണ്ടിരിക്കുകയാണ്. ഇതുമൂലം കഴക്കൻ പാടശേഖരങ്ങളിൽ ആവശ്യത്തിന് ജലം നിലങ്ങളിൽ കയറുന്നില്ല. ഇതുമൂലം നെല്ലിന്റെ ഉത്പാദനം ഗണ്യമായി കുറയുന്നു. പണ്ടത്തെപ്പോലെ രാടങ്ങളിൽ ചിറവെട്ട്, തോടുവലി, കിള ഇത്യാതി ജോലികൾ യഥാസമയം ചെയ്യാത്തതുകൊണ്ട് മണ്ണിന്റെ ഫലഭൂയിഷ്ടി കുറയുന്നു. നിലം കിളച്ചതിനു ശേഷം അത് ഉണക്കി കൊത്തി വിതയ്ക്കുന്ന രീതി ഇന്ന് നിലവിൽ ഇല്ല. പലസ്ഥലത്തും പച്ച കിള നടത്തി വിതക്കുന്ന രീതി ആണ് ഇന്ന് നിലവിൽ ഉള്ളത്. ചില പാടങ്ങളിൽ കിളക്കാതെ തന്നെ വിത്തിടുന്ന രീതിയയും നിലവിൽ ഉണ്ട്. ഇതെല്ലാം ഉത്പാദന കുറവിനുള്ള കാരണമാണ്.

കർഷകത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളുടെ എണ്ണവും ഗണ്യമായി കുറയുന്നു. കൃത്യമായി ഈ രംഗത്ത് തൊഴിൽ ലഭിക്കാത്തതുമൂലം തൊഴിലാളികൾ മറ്റു തൊഴിലുകൾ തേടി പോകുന്നു. കാർഷികരംഗത്ത് തൊഴിലെടുക്കുന്നവരുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരാൻ കാരണം ഇതാണ്. പണ്ടൊക്കെ എല്ലാ വർഷങ്ങളിലും ഉണ്ടാകുന്ന വെള്ളപ്പൊക്കം മൂലം എക്കൽ പാടശേഖരങ്ങളിൽ അടിഞ്ഞു കൂടുകയും ആ വളം ഉപയോഗപ്പെടുത്തിയാണ് പൊക്കാളി കൃഷി നല്ല വിളവ് തന്നിരുന്നത്. ഇന്ന് ആ അവസ്ഥ ഇല്ല. പല സ്ഥലങ്ങളിലും നിലങ്ങളിലെ പ്രധാനകൃഷി ചെമ്മീൻ ആയിമാറുകയും നെല്കൃഷി ഉപകൃഷിയാക്കിമാറ്റുകയും ചെയ്തതും ഈ രംഗത്തെ തകർച്ചക്ക് ഒരു കാരണമാണ്. നെൽകൃഷിക്കാരന് ഇന്ന് കൊടുത്തുകൊണ്ടിരിക്കുന്ന ഉത്പാദന ബോണസ് തുക വർദ്ധിപ്പിക്കണം.

നിശ്ചിത സമയത്തുതന്നെ ചെമ്മീൻ കെട്ട് അവസാനിപ്പിച്ച് യഥാ സമയം കൃഷിപ്പണി ആരംഭിക്കാൻ തക്ക വിധത്തിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിനെ ഇടപെടുവിക്കണം.

## ഇടവിളകൾ

തെങ്ങും നെല്ലും കഴിഞ്ഞാൽ മറ്റ് ഇടവിളകൃഷിയെക്കുറിച്ച് പരിശോധിക്കുമ്പോഴും വേണ്ടത്ര ഉത്പാദന വർദ്ധനവ് ഉണ്ടെന്ന് പറയുവാൻ കഴിയുകയില്ല. അടക്കാമരം, വാഴ, കുരുമുളക്, കപ്പ, ഇത്യാദി കൃഷികൾ കുറെ ഭാഗങ്ങളിൽ നടക്കുന്നുണ്ട്. എന്നാൽ അത് കൃഷി എന്ന നിലയിലൽ വളരെ വ്യാപകമായി ചെയ്യുന്ന ഏർപ്പാട് ഇല്ല. എങ്കിലും തത്തപ്പിള്ളിയിൽ ചില സ്ഥലങ്ങളിൽ വാഴ കൃഷി നടക്കുന്നുണ്ട്. അതുപോലെ പച്ചക്കറി കൃഷിയും നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ ഒരു കൃഷി എന്ന നിലയിൽ നടത്തുന്ന അവസ്ഥ ഇല്ല. നല്ല വെള്ളം കിട്ടാനുള്ള ബുദ്ധിമുട്ട് ഒരു പ്രധാന കാരണമാണ്. എന്നാൽ നമ്മൾ ഓരോരുത്തിരും വിചാരിച്ചാൽ നല്ല നിലയിൽ പച്ചക്കറി കൃഷിയും പൈനാപ്പിൾ മുതലായവ പഞ്ചായത്തിൽ നടത്താൻ കഴിയും. പൂകൃഷിയും നമ്മുടെ പഞ്ചായത്തിൽ നല്ല നിലയിൽ വികസിപ്പിക്കാൻ കഴിയും.

നമ്മുടെ പഞ്ചായത്തിലെ കർഷകരെ പരിശോധിച്ചാൽ ഭൂരിപക്ഷവും കൃഷിയെമാത്രം ആശ്രയിച്ചു ജീവിക്കുന്നവരല്ല. മറ്റുപല തൊഴിലുകളുമായി ബന്ധപ്പെട്ട് ബിസിനസ്സുമായും ജീവിക്കുന്നവരാണ് അവർ. കൃഷി ഒരു ഉപതൊഴിൽ എന്ന നിലയിൽ ആണ് പരിഗണിച്ചുവരുന്നത്.

വാർഡുതലത്തിലുള്ള ഓരോ പ്രശ്നങ്ങളിലേക്കും കടക്കാം. മൂന്നാം വാർഡിൽ കൂനമ്മാവു മുതൽ ചെമ്മായം വരെയുള്ള വെള്ളച്ചാൽ തോട് വെട്ടാതെ നികന്നതുമൂലം ഈ പ്രദേശങ്ങളിൽ വ്യാപകമായി വെള്ളക്കെട്ട് അനുഭവപ്പെടുന്നു. ഇത് തെങ്ങുൾപ്പെടേയുള്ള കൃഷിക്ക് ഒരു ഭീഷണിയാണ്.

അഞ്ചാം വാർഡിൽ ആവുതോട്, കോളേപ്പാടം, പ്രയപ്പിള്ളിതോട് എന്നിവ നികന്നുപോയതു മൂലം ഈ പ്രദേശത്ത് ശക്തിയായ വെള്ളക്കെട്ട് അനുഭവപ്പെടുന്നു. ഇതുമൂലം ഈ പ്രദേശത്ത് തെങ്ങ് ഉൾപ്പെടേയുള്ള കൃഷി തകർച്ചയിലാണ്. ചെറിയപ്പിള്ളി കുണ്ടേക്കാവ് തോടിന്റെ ഇരുവശവും മണ്ണിടിഞ്ഞ് നികന്നു കൊണ്ടിരിക്കുകയാണ്. ഇത് മണ്ണൊലിപ്പിന് ഇട വരുത്തുന്നു. കോട്ടുവള്ളി ഫിഷ് ബണ്ഡിന്റെ കിഴക്കു പടിഞ്ഞാറു വശത്തുള്ള ഒഴുകുന്ന തോട് വീതി കുറവായതുകൊണ്ട് വെള്ളം ഒഴു

കുന്നതിന് തടസ്സം ഉണ്ട്. അതിനാൽ പുഴയിൽ എക്കൽ വീണ് നികരുന്നു. ഇതുമൂലം അവിടെ കൃഷിക്ക് വളരെ ദോഷമുണ്ടായിട്ടുണ്ട്. അവിടെ പുഴതാഴ്ത്തുകയും ചെളിയും മണ്ണും ബണ്ഡിലേക്ക് ഒഴുക്കി ബണ്ഡിന്റെ ആഴം കുറയ്ക്കാം. അവിടെ നെൽകൃഷി ചെയ്ത് ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയും. ഇതിനോടൊപ്പം ചെമ്മീൻ കൃഷിയും അഭിവൃദ്ധിപ്പെടുത്താം.

ആറാം വാർഡിലുള്ള കുണ്ടേക്കാവ് ചെറിയപ്പിള്ളി തോട് ഒഴികെ ബാക്കി നാലു തോടുകളും വെട്ടിശരിയാക്കാത്തതുകൊണ്ട് വെള്ളം ശരിക്ക് ഒഴുകി പോകുന്നില്ല. അതുമൂലം ഈ പരിസരത്തുള്ള തെങ്ങുകൾ ഉൾപ്പെടേയുള്ള കൃഷിക്ക് ദേഷമുണ്ടായിട്ടുണ്ട്. ഏഴാം വാർഡിൽ തൃക്കപുരത്തിനു പടിഞ്ഞാറു വശം അനവധി ചെറുതോടുകളിൽ നിന്നും വെള്ളം ചോർന്നു പോകാനുള്ള സൗകര്യം ഇന്നില്ല. ഇതുമൂലം ആ പ്രദേശങ്ങളിലെ ഒട്ടേറെ തെങ്ങകൾക്കും മറ്റുകൃഷികൾക്കും ദോഷമുണ്ട്. അതുകൊണ്ട് കടക്കര പുഴയിലേക്ക് ഒരു തോട് നിർമ്മിച്ചാൽ ഈ പ്രദേശത്തെ വെള്ളക്കെട്ടിന് പരിഹാരമുണ്ടാക്കാം. ഈ പ്രദേശത്തുള്ള ചെറുതോടുകളെല്ലാം വൃത്തിയാക്കേണ്ടതുണ്ട്.

അഞ്ചാം വാർഡിലെ കുളത്തുപടി തോട് കിഴക്ക് പുഴയുമായി ബന്ധിപ്പച്ചാൽ ഈ പ്രദേശത്തെ വെള്ളക്കെട്ടിന് പരിഹാരം കാണാനും അതുവഴി ആ പ്രദേശത്തെ തെങ്ങുകൃഷിക്ക് നേട്ടമുണ്ടാക്കാനും കഴിയും.

9-ാം വാർഡിലെ ഏകദേശം 150 ഏക്കർ കൃഷിസ്ഥലം ഉള്ളതിൽ 50 ഏക്കർ മാത്രമാണ് കൃഷിചെയ്യുന്നത്. ബാക്കി സ്ഥലങ്ങൾ ചെമ്മീൻ കെട്ടിനു മാത്രം ഉപയോഗിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. 10ാം വർഡിൽ ഏകദേശം 350 ഏക്കറോളം നെൽപ്പാടങ്ങൾ ഉണ്ട്. എന്നാൽ അതിൽ പകുതിയോളം സ്ഥത്ത് മാത്രമേ നെൽകൃഷി ചെയ്യുന്നുള്ളൂ. ഏകദേശം 20 ഏക്കർ നിലങ്ങൾ ഇന്ന് നികത്തിക്കൊണ്ടിരിക്കയാണ്.

നെൽപ്പാടങ്ങൾ കൃഷിചെയ്യാതെ തരിശ്ശിടുന്നതിന് കാരണങ്ങളായി കർഷകർ പറയുന്ന ന്യായങ്ങളും ഉണ്ട്. സമയാസമയങ്ങളിൽ തൊളിലാളികളെ കിട്ടുന്നില്ല, കൊയ്യാൻ ആളെ കിട്ടുന്നില്ല, തേങ്ങയിടാൻ തൊഴിലാളികളെ കിട്ടുന്നില്ല, തൊഴിലാളികളുടെ കൂലി കൂടുതലാണ് ഇവയാണ് അവർ നിരത്തുന്ന ന്യായങ്ങൾ. കൃഷിഭവനിൽ നിന്നും ആവശ്യമായ സഹായങ്ങളും നിർദ്ദേങ്ങളും കിട്ടുന്നില്ല, ഉത്പാദന ചിലവനുസരിച്ച് ആദായം കിട്ടുന്നില്ല, കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല, വായ്പാസൗകര്യങ്ങൾ ലഭിക്കുന്നില്ല എന്നിവ അവർ നിരത്തുന്ന പരാതികളാണ്.

## സാദ്ധ്യതകൾ

കേടുവന്ന മുഴുവൻ തെങ്ങിൻ തൈകളും വെട്ടിമാറ്റി പുതിയ ഉത്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കാനുള്ള പദ്ധതി ആരംഭിക്കണം. വെട്ടിമാറ്റുന്ന തെങ്ങിന് ഇന്ന് പ്രതിഫലമായി കൊടുക്കുന്ന തുക വർദ്ധിപ്പിക്കുക. തെങ്ങിൻ തൈകൾ സൗജന്യനിരക്കിൽ വിതരണം ചെയ്താൽ നന്നായിരിക്കും. പുതിയ തൈകൾ നട്ട് അനുഭവം ലഭിക്കുന്നതു വരെയുള്ള കാലത്തേയ്ക്ക് കർഷകൽക്ക് സാമ്പത്തിക സഹായം അനുവദിക്കണം. തൽക്കാലം കേടുവന്നിട്ടുള്ള മുഴുവൻ തെങ്ങുകൾക്കും മരുന്ന് തളി വ്യാപകമായി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക. ഓരോ കൃഷിഭവൻ കേന്ദ്രത്തിലും മണ്ണ് പരിശോധിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന തേങ്ങ ഏറ്റെടുത്ത് സംസ്ക്കരിച്ച് കൊപ്രയും വെളിച്ചെണ്ണയും ആക്കി മാറ്റി വിപണനം നടത്താനുള്ള ഏർപ്പാടുണ്ടായാൽ നന്നായിരിക്കും. അതിന് കേരകർഷകരുടെ സഹകരണ സംഘം തനതായി രൂപീകരിച്ച് ഈ ചുമതല ഏറ്റെടുത്താൽ നന്നായിരിക്കും. ഈ പ്രവർത്തനങ്ങളിലാകെ നേതൃത്വപരമായ പങ്ക് ഏറ്റെടുത്ത പ്രവർത്തിക്കാൻ കേര കർഷക സമിതിയും കൃഷിഭവനും തയ്യാറാകണം. പറമ്പുകളിൽ കാലാകാലങ്ങളിൽ കൃഷിപ്പണി എടുപ്പിക്കാൻ തയ്യാറാകണം. അങ്ങിനെ തയ്യാറായാൽ കർഷകത്തൊഴിലാളികൾ മറ്റുരംഗങ്ങളിൽ തൊഴിൽ അന്വേഷിച്ചു പോകാതെ ഈ രംഗത്തുതന്നെ ഉറച്ചു നില്കും.

## നെൽകൃഷി

തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള പരിപാടി വേണം. കൃഷിചെയ്യാതെ തരിശ്ശിട്ടിരിക്കുന്ന നിലങ്ങളിൽ കൃഷിയിറക്കാൻ ആവശ്യമായ ഇടപെടലും നിർദ്ദേശങ്ങളും സഹായങ്ങളും ഉണ്ടാവണം. പുതിയഇനം നെൽവിത്തുകൾ വിതരണം ചെയ്യാനുള്ള നടപടി ഉണ്ടാവണം. കുട്ടനാടൻ പ്രദേശങ്ങളിൽ ഒരു പൂവിന് ഒരു 250 പറ നെല്ലു ലഭിക്കുമ്പോൾ പൊക്കാ

ളിക്ക് നല്ലവിളയ്ക്ക് 60നും 70നും ഇടയ്ക്ക് നെല്ലാണ് ലഭിക്കുന്നത്.

പഞ്ചായത്തിലെ 10-ാം വാർഡിലെ പൊതുകുളമായ കാട്ടുനെല്ലൂർ പള്ളിക്കുളവും അണ്ടിവളപ്പൻ കുളവും 10-ാം വാർഡിലെ കൗങ്ങംമ്പിള്ളി കല്പടക്കൂട്ടങ്ങൾ വെട്ടിവൃത്തിയാക്കിയാൽ ഈ ഭാഗങ്ങൾ ജലസേചനത്തിനു ഉപയുക്തമാകും. അതുപോലെ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തത്തപ്പിള്ളി ചുങ്കം ബണ്ട് എത്രയും വേഗം പണിപൂർത്തീകരിച്ചാൽ ഈ പ്രദേശത്തെ കൃഷിക്ക് ഏറ്റവും പ്രയോജന പ്രദമാകും. കൂടാതെ ഈ പ്രദേശത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം കണ്ടെത്താനാകും. (ചുങ്കം ബണ്ട് അടയ്ക്കാനും തുറക്കാനും കഴിയുന്ന ചീപ്പ് ഇട്ട് ശക്തിയായി ബണ്ട് കെട്ടുന്നു. മാഞ്ഞാലി കടവിനോട് ചേർന്ന് ഇന്ന് പുറപ്പിള്ളിക്കാവിന് സമീപം കെട്ടിയിരിക്കുന്ന ബണ്ട് മാറ്റിക്കെട്ടണം. അവിടെ നിന്നും നല്ല വെള്ളം ആനച്ചാൽ തോടു വഴി തത്തപ്പിള്ളി പുഴയിലേക്ക് ഒഴുക്കിവിടുന്നു. ചുങ്കം ബണ്ടിനകത്ത് ഈ നല്ല വെള്ളം തടഞ്ഞു നിർത്തുകയും പുറത്തുനിന്നും ഓരുവെള്ളം അകത്തുകടക്കാതെ തടഞ്ഞുനിർത്തുകയും ചെയ്യുന്നു. ബണ്ടിനകത്തു ശേഖരിക്കുന്ന നല്ല വെള്ളം 10ാം വാർഡിലും ആലങ്ങാട് കരുമാല്ലൂർ പഞ്ചായത്തുകളുടെ പടിഞ്ഞാറൻ മേഖലകളിലുള്ള ഏതാണ്ട് 500 ഏക്കറോളം വരുന്ന ഭൂപ്രദേശത്തെ നെൽകൃഷി രണ്ടും മൂന്നും പൂകൃഷി ആക്കി വികസിപ്പിക്കാൻ കഴിയും) ചുങ്കം ബണ്ട് 10, 11 വാർഡുകൾക്ക് കൂടി പ്രയോജനപ്രദമായ രീതിയിൽ പന്നക്കാട് ഭാഗത്തേക്ക് മാറ്റി നിർമ്മിക്കണം എന്ന ഒരു നിർദ്ദേശവും ഉയർന്നുവന്നിട്ടുണ്ട്.

XII, XIII വാർഡുകളിലുള്ള കാട്ടിക്കുളം വലിയകുളം, അന്താരകുളം മുതലായവയിൽ നിന്നും പൊതുവായ ഇറിഗേഷൻ സൗകര്യം ഏർപ്പാടുചെയ്താൽ ഈ പ്രദേശത്തുള്ള കാർഷിക ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയും. കിഴക്കേപ്രം N.S.S. കരയോഗം ബൈ പാസ് റോഡിന് സമീപം വെള്ളക്കെട്ടുമൂലം ഈ പ്രദേശത്ത് കൃഷിക്ക് ദോഷമുണ്ട്. അതിനു പരിഹാരം കാണണം.

## സാദ്ധ്യതകൾ

ഉത്പാദന വർദ്ധനവ് ഉണ്ടാക്കാൻ ആശ്യമായ ശ്രമം കൃഷിക്കാരും സ്വീകരിക്കണ. യഥാസമയം കിള, ഉണക്കൽ, കൊയ്ത്ത്, വിു തോടുവലി, ചിറവെട്ട് ആദിയായ പണികൾ ന ത്തിയാൽ ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയു; കൃഷിക്കാർ യോജിച്ച് സഹകരണാടിസ്ഥാന ത്തിൽ ഒരേ സമയത്ത് കൃഷിപ്പണികൾ നടത്തു ന്നതും ഉത്പാദനക്ഷമതക്ക് ഗുണകരമായണ്. ഈ പ്രവർത്തനങ്ങളിൽ, കർഷകത്തൊഴിലാളികളുടെ ആത്മാർത്ഥമായ സഹകരണം ഉറപ്പാക്കാൻ കഴിഞ്ഞാൽ മെതിക്കാനും ആളെക്കിട്ടുന്നില്ല എന്ന പരാതിക്ക് പരിഹാരമായി. കൃഷിഭവൻ മുഖേന മെതിയന്ത്രങ്ങൾ വാങ്ങിയാൽ കർഷകർക്ക് വാടകയ്ക്ക് കൊടുക്കാനുള്ള നടപടി ഉണ്ടായാൽ വളരെ പ്രയോജനകരമാണ്. ഇന്ന് പാഴായിപ്പോകുന്ന വൈക്കോൽ നല്ല നിലയ്ക്ക് വിൽക്കാനും കഴിയും. തെങ്ങുകയറുന്നതിന് കൃഷിഭവന്റേയോ ബ്ലോക്കിന്റേയോ നേതൃത്വത്തിൽ തെങ്ങുകയറുന്നതിനുള്ള യന്ത്രങ്ങൾ സംഘടിപ്പിച്ച് പരിശീലനം കൊടുക്കണം. പാടങ്ങൾ നികത്തുന്നതിനെതിരെ നിയന്ത്രണം കൊണ്ടുവരിക. സാമൂഹ്യ സമ്മർദ്ദം ഉയർത്തിക്കൊണ്ടുവരിക.

കുണ്ടേക്കാവ് മുതൽ ചാത്തനാട് വരെയുള്ള പുഴ, തോട്, ഡ്രഡ്ജ് ചെയ്ത് താഴ്ത്തുക, ഇരുവശവുമുള്ള ചിറകൾ ബലപ്പെടുത്തുക. എറണാകുളം ജില്ലാ ലേബർ കം ഡവലപ്പ്മെന്റ് ബാങ്കിന്റെ കീഴിലുള്ള കോട്ടുവള്ളി ഫിഷ് ബണ്ട് പഞ്ചായത്ത് ഏറ്റെടുക്കണം. ഈ ബണ്ടിന്റെ കിഴക്ക് പടിഞ്ഞാറ് വശങ്ങളിലുള്ള തോട് മൂന്നിരട്ടിയായി വീതികൂട്ടുകയും , ആഴം വർദ്ധിപ്പിക്കുകയും വേണം. ഇവിടെ ഡ്രഡ്ജ് ചെയ്യുന്ന ചെളിയും മണ്ണും ഈ ബണ്ടിലേക്ക് ഒഴുക്കിയാൽ ബണ്ടിന്റെ ആഴം കുറയ്ക്കാം. അങ്ങിനെ അവിടെ മഴക്കാലത്ത് നെൽകൃഷിയും അതു കഴിഞ്ഞ് മത്സ്യകൃഷിയും നടത്താം. ഈ ബണ്ടിലെ മത്സ്യം വളർത്തുന്നതിന് പഞ്ചായത്തിനെ ഏൽപ്പിക്കണം.

കുനമ്മാവ് മുതൽ ചെമ്മായം വരെയുള്ള വെള്ളച്ചാൽ വെട്ടിത്തെളിക്കുക, കോട്ടുവള്ളിക്കാവിന്റെ തെക്കുവശം പുഴവരെയുള്ള തോട് വെട്ടിശരിയാക്കണം. ആവുതോട്, കൊളേപ്പാടം,

പ്രായിപ്പിള്ളിത്തോട് മണ്ണ്കോരി ആഴമുള്ളതാക്കുക. ചെറിയപ്പിള്ളി, കുണ്ടേക്കാവ് തോടിന്റെ ഇരുവശവും കല്ലുകെട്ടി സംരക്ഷിക്കുക. തൃക്കപുരം ക്ഷേത്രത്തിനു പടിഞ്ഞാറു വശം കടക്കരപുഴയിലേക്ക് പുളിക്കനാട വഴി ഒരു തോട് നിർമ്മിക്കണം. VIII-ാം വാർഡിൽ കളത്തും പടിതോട് കിഴക്ക് പുഴയുമായി ബന്ധിപ്പിക്കണം. വലിയകുളം, അന്താരകുളം, കാട്ടിക്കുളം ഇവയിൽ നിന്നും പൊതുവായ ഇറിഗേഷൻ പദ്ധതി ആസൂത്രണം ചെയ്യുക. കല്പടക്കുളം, കൗങ്ങം പിള്ളി കുളം, കാട്ടുനെല്ലൂർ പള്ളിക്കുളം, അണ്ടി വളപ്പൻ കാവ് കുളം ഇവകൾ അളന്ന് തിട്ടപ്പെടുത്തി നന്നാക്കാൻ ആവശ്യമായ നടപടികൾ എടുക്കുക. തത്തപ്പിള്ളി ചുങ്കം ബണ്ടിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള ഇടപെടൽ വേണം. കർഷകർക്ക് കിണർ കുഴിക്കാനും മോട്ടോർ പമ്പ് സെറ്റ് നന്നാക്കാനും സബ്സീഡി ആനുകൂല്യങ്ങൾ 30 സെന്റ് സ്ഥലം എന്നത് ഒഴിവാക്കി 10 സെന്റ് ഭൂമി ഉള്ളവർക്കും കിട്ടണം.

പച്ചക്കറി കൃഷി വ്യാപകമായും നല്ല നിലയ്ക്ക് നടത്താൻ വിത്തും വളവും സൗജന്യ നിരക്കിൽ നൽകുക. അതുപോലെ അടക്കാമരം, കുരുമുളക്, ജാതി, മാവ്, പ്ലാവ് തുടങ്ങി എല്ലാ നല്ലയിനം തൈകളും സൗജന്യമായി വിതരണം നടത്തുക. വാർഡ്തലത്തിൽ പച്ചക്കറി കർഷകരെ വിളിച്ചുചേർത്ത് കമ്മറ്റി രൂപീകരിക്കുകയും മോണിറ്ററിംങ് വർക്ക് നടത്തുകയും വേണം. ഈ പ്രവർത്തനങ്ങളിൽ കൃഷിഭവൻ ഉദ്യോഗസ്ഥന്മാരുടെ നിരന്തരമായ ഇടപെടലും ഉപദേശങ്ങളും ഉണ്ടാകണം. കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറി പഞ്ചായത്ത് ഏറ്റെടുത്ത് വിതരണം നടത്താനുള്ള നടപടി എടുക്കുക. പച്ചക്കറി കൃഷി മത്സരാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും വേണം.

## മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും.

### മൃഗസംരക്ഷണം

കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് കാർഷികമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തിക്ക് പ്രാമുഖ്യം ഉണ്ടാക്കിയിരുന്നെങ്കിലും കന്നുകാലിവളർത്തലും കൃഷിയും തമ്മിൽ അത്ര വലിയ ബന്ധം ഉണ്ടായിരുന്നതായി പറയാൻ വയ്യ. കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്ന നിലയിലല്ലായിരുന്നു എന്നതുകൊണ്ട് തന്നെ പ്രധാനമായും പാൽ ഉൽപ്പാദനത്തിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനമായിരുന്നു. കാലി വളർത്തൽ മുഖ്യ തൊഴിലാക്കിയ കുടുംബങ്ങൾ വിരളമായിരുന്നു. കാലിമേയുന്നതിനുള്ള വിശാലമായ പുൽമേടുകളും മറ്റും ഉണ്ടായിരുന്നില്ലെങ്കിലും കാലിവളർത്തൽ ആദായകരമായിരുന്നു. എന്നാൽ ഇന്ന് ഭൂമിയുടെ തുണ്ടുവല്കരണവും കാലിത്തീറ്റകളുടെ ക്രമാതീതമായ വിലവർദ്ധനവും കാലിവളർത്തൽ ആദായകരമല്ലാതാക്കി. എങ്കിലും ഗാർഹികവൃത്തിയുടെ ഭാഗമായി ചിലർ കാലി വളർത്തിവരുന്നുണ്ട്. പഞ്ചായത്തിലെ ചില ആളുകൾ ആട്, പശു, എന്നിവയെ വളർത്താൻ കൊടുക്കുന്ന ഒരു ഏർപ്പാട് ഈ അടുത്തകാലം വരെ ഉണ്ടായിരുന്നു. ഇതനുസരിച്ച് വളർത്താൻ ഏറ്റെടുക്കുന്നവർക്ക് ആദ്യ പ്രസവത്തിലെ കുട്ടി വളർത്തുകാരന്റേതാകും. വളർത്തിയിരുന്നവയെ ഉടമസ്ഥർക്ക് തിരിച്ചു കൊടുക്കുകയും ചെയ്യും.

പശു, ആട് എന്നിവയാണ് ഈ പഞ്ചായത്തിൽ വളർത്തിവരുന്ന പ്രധാന മൃഗങ്ങൾ. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയും താറാവുമാണ്. എരുമ ചിലയിടങ്ങളിൽ ഉണ്ടായിരുന്നങ്കിലും ഇപ്പോൾ ഇല്ല. മുയൽ വളർത്തു കേന്ദ്രങ്ങൾ ഉണ്ടായിരുന്നത് ഇപ്പോഴില്ല. പ്രധാനമായും പാൽ ഉൽപ്പാദനത്തിൽ ഊന്നിയുള്ള കാലിവളർത്തൽ ആയിരുന്നു എന്നതുകൊണ്ടു തന്നെ സങ്കരയിനങ്ങളുടെ വ്യാപനം മൂലം നാടൻ പശുക്കളുടെ ജനുസുകൾ ഇല്ലാതാക്കി. പരമ്പരാഗതമയി വളർത്തി വന്നിരുന്ന പശു, ആട്, എന്നിവയുടെ എണ്ണത്തിൽ കഴിഞ്ഞകാലത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

വളർത്തു പക്ഷികളുടെ കൂട്ടത്തൽ കോഴി (ബ്രോയിലർ) വളർത്തലും മുട്ടയുടെ ആവശ്യത്തിന് ചെറിയതോതിലാണെങ്കിലും താറാവു വളർത്തലും ഉണ്ട്. താറാവു വളർത്തലിൽ ചെറിയ തോതിൽ കുറവുണ്ടായിട്ടുണ്ട്. ഗതാഗത്തിന് ഒറ്റപ്പെട്ട നിലയിൽ കാള, കുതിര, എന്നീ മൃഗങ്ങളെ ഉപയോഗിച്ചിരുന്നു. ഇപ്പോഴതില്ല. തത്തപ്പിള്ളി മേഖലയിൽ ഉഴവുകാളകളെ ഉപയോഗിച്ചിരുന്നു.

പഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷണ സംവിധാനം പറവൂർ ബ്ലോക്കാഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ വകുപ്പിന്റെ സബ് സെന്റർ മാത്രമാണ്.

മൂന്നുമാസങ്ങൾക്കുമുമ്പ് ഇത് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ വടക്കു കിഴക്കൻ മേഖലയിൽ പറവൂർ വെറ്റിനറി ആശുപത്രി സൗകര്യങ്ങളാണ് ഉപയോഗിക്കുന്നത്. അറവുശാലകൾ പഞ്ചായത്തിൽ ഇല്ലെങ്കിലും നാടൻ രീതിയിൽ മാടുകളെ അറുത്ത് വില്പന നടത്തുന്ന അൻപതോളം കടകൾ ഉണ്ട്. അവയുടെ പ്രവർത്തനം തൃപ്തികരമല്ല.

ക്ഷീരവിപണന രംഗത്ത് കാര്യമായ സംഘടിത ശ്രമങ്ങൾ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നില്ല. അടുത്തകാലത്ത് ഈ രംഗത്ത് സംഘടിതമായ ചില ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. ആദ്യമായി കൂനമ്മാവിലാണ് ഒരു ക്ഷീരവ്യവസായ സഹകരണ സംഘം ആരംഭിച്ചത്. തുടർന്ന് ഒരു വർഷം മുമ്പ് മന്നം കേന്ദ്രമാക്കി ഒരു ക്ഷീര സഹകരണ സംഘം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ വള്ളുവള്ളിയിലും ഒരു ക്ഷീര വ്യവസായ സഹകരണ സംഘത്തിന് രൂപം കൊടുത്തിട്ടുണ്ട്. ഇതെല്ലാം APCOS ന്റെ സഹായത്തോടെ ആരംഭിച്ചതാണ്. ക്ഷീര ഉല്പാദകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഈ സംവിധാനത്തിലൂടെയും ലഭ്യമല്ല എന്നത് ഒരു പ്രധാന പ്രശ്നം തന്നെയാണ്. കൂടാതെ കർഷകർ നേരിട്ടു വിതരണം നടത്തുന്ന രീതിയും സ്വകാര്യ ഏജൻസികൾ വിതരണം നടത്തുന്ന രീതിയും ഉണ്ട്. കൂനമ്മാവിൽ ഒരു വനിതാ ക്ഷീരോല്പ്പന്ന നിർമ്മാണയൂണിറ്റി സാമാന്യം നന്നായി പ്രവർത്തിക്കുന്നുണ്ട്.

ഇറച്ചിക്കോഴി വളർത്തൽ രംഗത്ത് കാവിൽ നടയിലെ മുക്കത്ത് ഫാം ഉൾപ്പെടെ പത്തോലം യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. ഇന്ന് അഞ്ചോളം യൂണിറ്റുകളേ പ്രവർത്തിക്കുന്നുള്ളു. മുക്കത്ത് ഫാം സാമാന്യം ലാഭകരമായ നിലയിൽ നടന്നിരുന്നതാണ്. ഇപ്പോൾ കോഴികളെ കൊണ്ടുവന്നു വിൽക്കുന്ന രീതിയാണ് ഉള്ളത്. മറ്റിടങ്ങളിലെ സ്ഥിതി മെച്ചമാണെന്ന് പറയാൻ പറ്റില്ല. അടുത്തകാലത്തായി കോഴികൾ കൂട്ടമായി ചത്തൊടുങ്ങുന്നത് ഈ വ്യവസായത്തിന് ഒരു ഭീഷണിയായി തീർന്നിട്ടുണ്ട്. രോഗകാരണം കണ്ടുപിടിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഒറ്റപ്പെട്ട നിലയിൽ മുട്ടക്കോഴികളെ വളർത്താൻ ചില കുടുംബങ്ങളിൽ ഉണ്ടെന്നല്ലാതെ വ്യാവസായികാടിസ്ഥാനത്തിൽ ഇല്ല. ഇതുതന്നെയാണ് താറാലവിന്റെയും സ്ഥിതി.

കന്നുകാലിത്തീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവ്, തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം ഇവ കന്നുകാലി വളർത്തുകാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

പട്ടികളുടെ ശല്യം പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ട്. പ്രദേശികമായി പട്ടി പിടുത്തത്തിന് പരിശീലം ലഭിച്ചവർ ഇല്ലാത്തത് ഈ പ്രശ്നം പരിഹരിക്കാൻ ബുദ്ധിമുട്ടുനേരിടുന്നുണ്ട്.

## പ്രശ്നങ്ങൾ

1. കാലിത്തീറ്റ വിലകൂടുതൽ
2. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനം അപര്യാപ്തമാണ്.
3. വിപണന സൗകര്യങ്ങൾ പരിമിതം.
4. കുളമ്പു രോഗവും അകിടുവീക്കവും.
5. മൃഗചികിത്സാ സംവിധാനങ്ങളുടെ അപര്യാപ്തത.
6. തീറ്റപ്പുല്ല് ദൗർല്ലഭ്യം.
7. കൃത്രിമ ബീജസങ്കലനരീതിയുടെ അപര്യാപ്തത.
8. നാടൻ ഇനങ്ങളുടെ ശോഷണം.
9. ചെറായി ജനുസ് ആടുകളുടെ വംശനാശം.
10. കറവക്കാരുടെ ദൗർല്ലഭ്യം.
11. ശാസ്ത്രീയമായ കറവരീതിയുടെ അഭാവം.
12. കോഴി താറാവ്, രോഗ പ്രതിരോധ ചികിത്സയുടെ അഭാവം.
13. കോഴിത്തീറ്റകളുടെ വിലവർദ്ധനവും ദൗർല്ലഭ്യവും.
14. മുട്ടക്കോഴികളെ ലാഭകരമായി വളർത്താൻ കഴിയുന്നില്ല.
15. ആധുനിക അറവുശാലകളുടെ അഭാവം.
16. കന്നുക്കുട്ടി പരിപാലന രീതിയുടെ അപര്യാപ്തത.

## സാദ്ധ്യതകൾ

1. സർക്കാർ ഏജൻസികളുടെ

സബ്സിഡി കാലിത്തീറ്റകൾക്കും ലഭ്യമാക്കണം.

2. മൃഗസംരക്ഷണത്തിൽ ഔദ്യോഗിക സംവിധാനം മെച്ചപ്പെടുത്തുക.

3. മൃഗചികിത്സ (രോഗ പ്രതിരോധം) സംവിധാനം മെച്ചപ്പെടുത്തുക.

4. നിലവിലുള്ള സംവിധാനങ്ങൾ കൂടി ഉപയോഗിച്ച് തീറ്റപ്പുല്ല് കൃഷി വ്യാപനത്തിന് വേണ്ട പ്രവർത്തനം സ്ഥലസൗകര്യമുള്ള കൃഷിക്കാരിലൂടെ നടത്തുക.

5. കൃത്രിമ ബീജ സങ്കലനത്തിന്റെ (സംവിധാനത്തിന്റെയും, പ്രയോഗരീതിയുടേയും മറ്റും അശാസ്ത്രീയത) ശരിയായ വിനിയോഗം ഉറപ്പാക്കുക.

6. കൂടുതൽ ഗുണമേന്മയുള്ള പാലും ഇറച്ചിയും പ്രദാനം ചെയ്യുന്ന 'ചെറായി ജനുസ്സ്' ആടുകളുടെ ലഭ്യത ഉറപ്പുവരുത്തുക.

7. പഞ്ചായത്തിന്റെ നേതൃത്വത്തിൽ കുടുംബിനികൾക്ക് ശാസ്ത്രീയമായ കറവ പരിശീലനവും ബോധവൽക്കരണവും നടത്തുക.

8. കന്നുകുട്ടികളുടെ പരിപാലനത്തിന് സബ്സീഡിയോടെ പോഷണ വസ്തുക്കൾ ലഭ്യമാക്കുകയും, ആവശ്യമായ ബോധവൽക്കരണവും ഇൻഷുറൻസും രജിസ്ട്രേഷനും ഉറപ്പുവരുത്തുക.

9. ഇറച്ചിക്കോഴി വളർത്തൽ ആദായകരമാക്കാൻ പ്രാദേശികമായി ലഭ്യമായ തീറ്റകൾ ഉൾപ്പെടുത്തി തീറ്റച്ചിലവ് ചുരുക്കുക.

10. ഓരോ വീടുകളിലും മുട്ടക്കോഴികളെ വളർത്തുന്നതിന് ശാസ്ത്രീയമായ രീതികൾ അവലംബിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നല്കുകയും ഓരോ വീടുകളിലും കുറഞ്ഞത് രണ്ടു കോഴികളെ വളർത്താനുള്ള സംവിധാനം ഉറപ്പാക്കുക.

11. കോഴി, താറാവ് ഇവയുടെ രോഗപ്രതിരോധ ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുകയും ഇൻഷൂറൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

12. അത്യുല്പാദന ശേഷിയുള്ള താറാവ് ഇനങ്ങളുടെ കുഞ്ഞുങ്ങളെ ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ സൗജന്യ നിരക്കിൽ വിതരണം നടത്തുക.

13. ഇറച്ചിയ്ക്കാവശ്യമായ നല്ലയിലം പന്നി, മുയൽ, എന്നിവയുടെ കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.

14. ബയോഗ്യാസ് പ്ലാന്റുകളുടെ വ്യാപനം കന്നുകാലി വളർത്തൽ ലാഭകരമാക്കാം.

15. മീറ്റ്സ് പ്രോഡക്ട്സ് ഇന്ത്യ ലിമിറ്റഡ്, കൂത്താട്ടുകുളവുമായി സഹകരിച്ചുകൊണ്ട് അവർക്കാവശ്യമായ മാടുകളുടെ കളക്ഷൻ സെന്റർ തുടങ്ങുക.

## മത്സ്യ ബന്ധനം

പഞ്ചായത്തിന്റെ ഭൂമിശാസ്ത്രമായ പ്രത്യേകതകൾ മത്സ്യകൃഷിക്ക് അനുയോജ്യമായതാണ്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലൂടെ ഒഴുകുന്ന പെരിയാറിന്റെ കൈവഴി ഏകദേശം 12 കി.മി. വരും. ഇതു കൂടാതെ ഈ പുഴയോടു ബന്ധപ്പെട്ട തോടുകൾ ചെറിയപ്പിള്ളി കുണ്ടേക്കാവ്, കേശവത്തുരുത്ത്, ചെറിയപ്പിള്ളി പള്ളിത്താഴം തോട് എന്നിയാണ്. ഇത് ഏകദേശം 9 കി.മി. നീളം വരും. ഇതുകൂടാതെ 14ൽ പരം പൊതു കുളങ്ങളും (4ഹെക്ടർ) പഞ്ചായത്ത് വക ഒരു ഹെക്ടറിൽ താഴെ പുറമ്പോക്കു തോടും, ഒരു ഹെക്ടറിൽ താഴെ സ്വകാര്യകുളങ്ങളും ഉണ്ട്. എറണാകുളം ലേബർ കം ഡവലപ്പ്മെന്റ് ബാങ്ക് നേരിട്ടു ചെമ്മീൻ കൃഷി നടത്തുന്ന കോട്ടുവള്ളിയിലെ ഏകദേശം 50 ഹെക്ടർ വരുന്ന ബണ്ട് 3 ഹെക്ടറോളം വരുന്ന പാലക്കാതോട് (വേനൽക്കാലത്ത് വറ്റുന്നത്) നെൽകൃഷിനടത്തുന്ന ചെമ്മീൻ കൃഷിക്കുപയുക്തമായ 336 ഹെക്ടർ വരുന്ന ചതുപ്പുനിലം കൂടാതെ ചെറിയ നിരവധി കൈത്തോടുകളും ഈ പഞ്ചായത്തിൽ ഉണ്ട്. ഇത്രയുമാണ് പഞ്ചായത്തിലെ ഉപരിതല ജല സ്രോതസുകൾ.

ഈ ജലസ്രോതസുകളുമായി ബന്ധപ്പെട്ടാണ് മത്സ്യബന്ധന മേഖല നിലകൊള്ളുന്നത്. പൊതുവെ വറ്റാത്ത ജലസ്രോതസുകളാണ്. കാലവർഷവും തുലാവർഷവും കൊണ്ട് ഓരു ജലസ്രോതസ്സുകൾ ശുദ്ധജലസ്രോതസ്സുകളായി മാറുന്ന സ്ഥിതിയുണ്ട്. ഏതാണ്ട് ജൂലായ് മുതൽ ഡിസംബർ വരെ ഈ നില തുടരുകയും ചെയ്യുന്നുണ്ട്. നാരൻ ചമ്മീൻ കാരചെമ്മീൻ ഒഴിച്ചുള്ള മത്സ്യങ്ങൾ ഓരു ജലത്തിലും ശുദ്ധജലത്തിലും വളരുന്നതാണ്.

പരമ്പരാഗത മത്സ്യബന്ധന രീതികളാണ് പ്രധാനമായി അവലംബിക്കുന്നത്. പ്രകൃത്യായുള്ള മത്സ്യങ്ങളെ പിടിച്ചെടുക്കുക മാത്രമാണ്

ചെയ്യുന്നത്. പ്രധാനമായും ചെമ്മീൻ, കരിമീൻ, കണമ്പ്, പൂമീൻ, വരാൽ, തിരുത, പാലാങ്കണ്ണി, മുഷി, തിലോപ്പിയ, പള്ളത്തി, പൂളാൻ, നന്തൻ, കൊഞ്ച്, ചെമ്പല്ലി, കാളാഞ്ചി, കൊഴുവ എന്നിവയാണ് മത്സ്യ ഇനങ്ങൾ. കുറുവ മുമ്പ് കൂടുതലായി ഉണ്ടായിരുന്നെങ്കിലും ഇന്ന് ലഭ്യമല്ലാത്ത സ്ഥിതിയുണ്ട്. അടുത്തകാലത്തായി ചെമ്മീൻ കുഞ്ഞുങ്ങളെ വാങ്ങിനിക്ഷേപിച്ച് കൃഷി ചെയ്യുന്ന രീതിയും അവലംബിക്കുന്നുണ്ട്.

പുഴയോരങ്ങളിലുള്ള മടലടിമില്ലുകളിൽ നിന്നും ചകിരിച്ചോർ പുഴയിൽ തള്ളുന്നത്, ഏലൂർ വ്യവസായമേഖലയിൽ നിന്നുള്ള മാലിന്യങ്ങൾ, ചുങ്കം ഭാഗത്ത് കശാപ്പുശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ ആനച്ചാൽ പുഴയോട് ചേർന്നിട്ടുള്ള തുകൽസംസ്കരണ ശാലയിൽ നിന്നും പുറത്തുവിടുന്ന മാരകമായ രാസവസ്തുക്കൾ കലർന്ന വെള്ളത്തിന്റെ ഒഴുക്കിവിടൽ ഇവയെല്ലാം ജലമലിനീകരണത്തിനു കാരണമാവുകയും ഉൾനാടൻ മത്സ്യ ഉത്പാദനത്തെ ഹാനികരമായി ബാധിക്കുകയും ചെയ്യുന്നു.

വിപണനരംഗത്ത് പൊതു മാർക്കറ്റുകൾ ഒന്നുംതന്നെയില്ല. ഒറ്റപ്പെട്ട സ്വകാര്യ സംരഭങ്ങൾ എന്ന നിലയിൽചില പ്രധാന കേന്ദ്രങ്ങളിൽ വിപണനം കടൽ മാത്സ്യങ്ങളുടേതടക്കം നടക്കുന്നുണ്ട്. ചെമ്മീൻ മാത്രമാണ് കയറ്റുമതി ചെയ്യുന്നത്. ഇത് ഇടനിലക്കാരുടെ സഹായത്തോടെ ശീതീകരിച്ചാണ് ചെയ്യുന്നത്. ഇവിടെ നാല് ചെമ്മീൻ സംസ്കരണ കേന്ദ്രമാണുള്ളത്. (വാർഡ് 8 ൽ 3, 9 ൽ 1) മറ്റു മത്സ്യങ്ങൾ പ്രാദേശികമായും പറവൂർ, ചെട്ടിഭാഗം ഭാഗങ്ങളിലും വിൽപ്പന നടത്തുന്നു. ഈ രംഗത്തും ഈ രംഗത്തും ഇടനില്ക്കാരുടെ സാന്നിധ്യമുണ്ട്. കൂടുതൽ ആളുകളും മത്സ്യം ആഹാരക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളവരാണ്. ഈ രംഗത്തു തൊഴിൽ ചെയ്യുന്നവരുടെ സാമൂഹിക സാമ്പത്തിക നില ഭദ്രമാണ് എന്നു പറയാൻ കഴിയാത്ത സ്ഥിതിയാണ്.

മത്സ്യബന്ധനം മുഖ്യ തൊഴിലാക്കിമാറ്റിയവർ 1300 ൽ പരമാണ്. സ്വന്തമായി വഞ്ചിയും വലയുമുള്ളവർ 100ൽ പരവും ചീനവലയുംമുള്ളവർ 30ൽ പരവുമാണ്. മത്സ്യ തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നവർ വിരളമാണ്. സഹകരണാടിസ്ഥാനത്തിൽ ഈ രംഗത്ത് നിലവിൽ ഒന്നും പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ ഒരു മത്സ്യ തൊഴിലാളിഗ്രാമ സഹകരണ സംഘം രജിസ്ട്രേഷന് അപേക്ഷിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറൻ മേഖലയിലും വടക്കു പടിഞ്ഞാറൻ മേഖലയിലുംമായി 336 ഹെക്ടർ ചതുപ്പുനിലങ്ങൾ ചെമ്മീൻ കൃഷിക്കു യോജിപ്പിച്ചതാണ്. പരമ്പരാഗത ചെമ്മീൻ കഷി (ഓരു ജലം) prawn filtration ഇതിൽ മിക്കതിലും നടക്കുന്നുണ്ട്. ഏതാണ്ട് 150 ൽ പകരം പേർ ഇതിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ഏറണാകുളം ജില്ലാ ലേബർ കം ഡവലപ്പമെന്റ് ബാങ്ക് നേരിട്ടുനടത്തുന്ന 50 ഹെക്ടർ ഓരു ജല ചെമ്മീൻ കൃഷിയുമുണ്ട്. ADAK ന്റെ സഹായത്തോടെയും സ്വകാര്യ സംരഭമായും ശാസ്ത്രീയമായ ഓരു ചെമ്മീൻ കൃഷി ഏതാണ്ട് 10 ഹെക്ടറിൽ ഈ പഞ്ചായത്തിൽ നടക്കുന്നുണ്ട്. കാലവർഷാരംഭത്തോടെ ശുദ്ധജലത്തിന്റെ വരവ് ഈ കൃഷി തുടർച്ചയായി നടത്തുന്നതിന് കഴിയാത്ത സ്ഥിതിയുണ്ട്. അഴീക്കോട് സർക്കാർ ഹാച്ചറിയിൽ നിന്നും വൈപ്പിൻ കരയിലെ സ്വകാര്യ ഹാച്ചറിയിൽ നിന്നും ചെമ്മീൻ കുഞ്ഞുങ്ങളെ ശേഖരിച്ച് വളർത്തുന്ന രീതി അടുത്ത കാലത്തായി കാണാൻ കഴിയുന്നുണ്ട്.

മത്സ്യഫെഡിന്റെ ഒരു വനിതാ ബസ്സിന്റെ സഹായം ഇന്ന് ലഭ്യമാണ്. അതിനു പിരമിതിയുമുണ്ട്. മത്സ്യകർഷകവികസന ഏജൻസി (BFFDA) സംസ്ഥാന ജല കൃഷി വികസന ഏജൻസി (ADAK) കേന്ദ്രങ്ങളായ സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (MPEDA) കേന്ദ്ര സമുദ്ര മത്സ്യ വികസന സ്ഥാപനം (CMFRA) തുടങ്ങിയ സർക്കാർ ഏജൻസികളുടെ സാങ്കേതിക വിദ്യകളിൽ പ്രായോഗിക പരിശീലനവും സാമ്പത്തിക സഹായവും നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന സ്ഥിതിയില്ല. മത്സ്യതൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ പാർപ്പിട പദ്ധതിയുമായി ബന്ധപ്പെട്ട് കരാർ വെച്ചിട്ടും മാസങ്ങളായി സാമ്പത്തിക സഹായം ലഭിക്കാത്ത സ്ഥിതിയുമുണ്ട്. മത്സ്യതൊഴിലാളി കുടുംബത്തിലെ വിദ്യാഭ്യാസ ആനുകൂല്യം 85 കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. പഞ്ചായത്തിന്റെ ഏറ്റുവും അടുത്തുള്ള ഞാറക്കൽ ഹാച്ചറിയിൽ നിന്ന് ആവശ്യമായത്ര ചെമ്മീൻ കുഞ്ഞുങ്ങളെ സമയത്തിനും മതിയായ അളവിലും ലഭിക്കാത്തതുമൂലം സ്വകാര്യ സംരഭകരേയും അഴീ

ക്കോട് ഹാച്ചറിയേയും അശ്രയിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഇതിന് മാറ്റം വരണം. വിവിധ ഏജൻസികളിലൂടെ ഇന്നു നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ ഏകോപിപ്പിച്ച് ഇനി ഉണ്ടാകുമെന്ന് ഉറപ്പുള്ള മത്സ്യഭവനുകളിലൂടെ ലഭ്യമാക്കാൻ കഴിയുന്ന അവസ്ഥയുണ്ടാക്കിയാൽ ഇതിനു മാറ്റം വരുത്താൻ കഴിയും.

## പ്രശ്നങ്ങൾ

1. മത്സ്യ ഉത്പാദനത്തിൽ കുറവുണ്ടായിട്ടുണ്ട് (പ്രകൃതി ദത്തമായവ)

2. മത്സ്യ ഇനങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.

ഉദാ : കുറുവ, കൊഴുവ

3. പുഴയോര കക്കൂസുകളുടെ ആധിക്യം.

4. ചകിരിച്ചോർ മൂലമുള്ള പുഴ മലിനീകരണം.

5. ഏലൂർ വ്യവസായ മേഖലയിൽ നിന്നുള്ള മലിനമായ ജലത്തിന്റെ സാന്നിദ്ധ്യം.

6. ആനച്ചാൽ തുകൽസംസ്കരണസ്ഥാപനത്തിന്റെ പുറത്തേക്ക് ഒഴുകുന്ന മലിനജലം.

7. അറവ് ശാലകളിലെ പാഴ്‌വസ്തുക്കളുടെ പുഴയിലേക്കുള്ള നിക്ഷേപം.

8. ഓരു ജല ചെമ്മീൻ കൃഷിക്ക് ആവശ്യമായ കുഞ്ഞുങ്ങളുടെ പ്രാദേശികമായ ലഭ്യത കുറവ്.

9. ബന്ധപ്പെട്ട സർക്കാർ ഏജൻസികളുടെ സാങ്കേതിക സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.

10. മത്സ്യ സംസ്കരണത്തിന്റെ അഭാവം.

11. ശാസ്ത്രീയ കൃഷിരീതിയുടെ അഭാവം.

12. ഉൾനാടൻ ജലാശയങ്ങളുടെ പൂർണ്ണമായ ഉപയോഗമില്ലായ്മ.

13. മത്സ്യഗ്രാമത്തിന്റെ അഭാവം.

14. മത്സ്യതൊഴിലാളി സഹകരണ സംഘത്തിന്റെ അഭാവം.

15. മത്സ്യഫെഡ് വനിതാ സ്പെഷ്യൽ ബസ് ഉൾപ്രദേശങ്ങളിൽ ബന്ധപ്പെടാതെ പോകുന്നു.

## സാധ്യതകൾ

1. ഉൾനാടൻ ജലാശയങ്ങൾ മത്സ്യകൃഷിക്ക് ഉപയോഗ്യമാക്കുക.

2. ഉൾനാടൻ മത്സ്യവിഭവ സംരക്ഷണ സമിതികളുടെ രൂപീകരണം.

3. ചകിരിച്ചോർ മലിനീകരണം ഒഴിവാക്കാൻ ജൈവവളം ഉണ്ടാക്കുന്നതിനുള്ള സാധ്യത ഉപയോഗിക്കണം.

4. മത്സ്യവിഭവ സംരക്ഷണം, പരിപാലനം എന്നിവ സംബന്ധിച്ച് പഞ്ചായത്ത് തല മാർഗ്ഗ രേഖ വികസിപ്പിക്കണം.

5. പുഴയോരങ്ങൾ ഉപയോഗപ്പെടുത്തി ജനപങ്കാളിത്തത്തോടെ മത്സ്യ വളപ്പുകൾ ഉണ്ടാക്കുക.

6. പഞ്ചായത്തിലെ കുളങ്ങൾ മത്സ്യകൃഷിക്കായി (ഗ്രൂപ്പ് അടിസ്ഥാനത്തിൽ) നാട്ടിൻ കുളം പദ്ധതിയിൽ ഉൾപ്പെടുത്തുക.

7. മത്സ്യഗ്രാമം പദ്ധതി പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറൻ മേഖലയിൽ നടപ്പിലാക്കാൻ കഴിയുന്നതാണ്.

8. കോട്ടുവള്ളിയിലെ എറണാകുളം ജില്ലാ ലേബർ ബാങ്ക് നടത്തുന്ന ബണ്ട് പഞ്ചായത്ത് ഏറ്റെടുക്കുക. ബണ്ടിന്റെ ആഴം ചാത്തനാട് കോട്ടുവള്ളി പുഴ ഡ്രഡ്ജ് ചെയ്യുന്നതിലൂടെ കുറച്ച് നെൽ–ചെമ്മീൻ പാടങ്ങൾ ആക്കി മാറ്റുക.

9. സ്വന്തമായി കൃഷിയില്ലാത്തവർക്കും മത്സ്യതൊഴിലാളികൾക്കും ഉപയോഗ പ്രദമായ രീതിയിൽ വിവിധ ഇനം മത്സ്യങ്ങൾ മത്സ്യക്കൂടുകളിൽ കൃഷി ചെയ്യാനുള്ള സംവിധാനം പൊതു ജലാശയങ്ങളുമായ് ബന്ധപ്പെട്ട് പഞ്ചായത്ത് മുൻകയ്യെടുത്ത് ചെയ്യുക.

10. വീട്ടുവളപ്പിൽ ഉള്ള ചെറുകുളങ്ങൾ അടുക്കള അവശിഷ്ടങ്ങൾ ഉപയോഗിച്ച് മത്സ്യകൃഷി (വീട്ടുകുളം)പദ്ധതി തുടങ്ങുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുക.

11 പ്രദേശികമായ വിഭവങ്ങൾ ഉപയോഗിച്ച് മത്സ്യങ്ങൾക്കും ചെമ്മീനും ആവശ്യമായ തീറ്റ ഉല്പാദന യൂണിറ്റ് സ്ഥാപിക്കണം.

12. ചെമ്മീൻ തോട്, മത്സ്യാവശിഷ്ടം, കക്കഇറച്ചി ഉപയോഗിച്ച് കൊണ്ടുള്ള വളം നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക

13. ശുദ്ധജലാശയങ്ങളിൽ വളർത്താവുന്ന മത്സ്യകൃഷി.

14. അലങ്കാര മത്സ്യങ്ങളുടെ കൃഷി.

15. മത്സ്യതൊഴിലാളി സഹകരണ സംഘം രൂപീകരണവും മത്സ്യക്ലബുകളുടെ രൂപീകരണവും

16. മത്സ്യമാർക്കറ്റ് രൂപീകരണം.

17. മത്സ്യ സംസ്കരണ ശാലകൾ സ്ഥാപിക്കുക.

18. വിവിധ സർക്കാർ ഏജൻസികളുടെ സാങ്കേതിവും സാമ്പത്തിക സഹായവും രൂപീകരിക്കപ്പെടുന്ന മത്സ്യഭവനുകൾ വഴി ഏകോപിപ്പിക്കണം.

19. ചെറിയപ്പിള്ളി കൊണ്ടേക്കാവ് തോടിൽ ഇരുവശവും വലകെട്ടി (അടിച്ചിൽ) ജനപങ്കാളിത്തത്തോടെ മത്സ്യവളർത്തൽ നടപ്പാക്കുക.

20. ചതുപ്പ്നിലങ്ങളിൽ ഞണ്ട് കൃഷിക്ക് സാദ്ധ്യതയുള്ളത് ഉപയോഗപ്പെടുത്താം. അതിന് വ്യാപകമായുള്ള ചെറു കൈത്തോടുകളും ജനപങ്കാളിത്തത്തോടെ ചെയ്യാം.

21. ചെറിയ കൈത്തോടുകളിൽ, കരിമീൻ, തിലോപ്പിയ അതുപോലെ മറ്റ് മത്സ്യങ്ങൾ വളർത്താൻ കഴിയും, ഇതോടൊപ്പം കൈത്തോടുകളുടെ ഇരുവശങ്ങളിൽ കൈതച്ചക്ക കൃഷിയും നടത്താം.

## വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി മോശമല്ലാത്ത സ്ഥിതിയാണ് പഞ്ചായത്തിനുള്ളത്. പഴയ തിരുവിതാംകൂറിൽ ഉൾപ്പെട്ട നാട്ടുപ്രദേശമായ നമ്മുടെ പഞ്ചായത്തിൽ ആയില്യം തിരുനാൾ മഹാരാജാവിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തി പള്ളിക്കൂടങ്ങളിൽ ഒന്ന് സ്ഥാപിക്കപ്പെട്ടു. കൊ.വ. 1046–47 കാലത്ത് അനുവദിക്കപ്പെട്ട സ്ക്കൂൾ കൈതാരം കോട്ടുവള്ളി പ്രദേശത്തുള്ള ആളുകളുടെ സഹകരണത്തോടെ കൈതാരത്ത് സ്ഥാപിക്കപ്പെട്ടു. കൈതാരത്തെ കിഴ്ശ്ശേരി ഇല്ലക്കാരുടെ പടിക്കൽ പ്രവർത്തിച്ചിരുന്നതുകൊണ്ട് ഈ സ്ക്കുളിന് ഇല്ലത്ത് സ്ക്കൂൾ എന്നു വിളിച്ചുവന്നു. പെരുവാരം പിഷാരംവക സ്ഥലം സൗജന്യമായി നൽകിയ സ്ക്കുളിൽ ആദ്യകാലത്ത് 1, 2, 3 ക്ലാസുകളാണ് ഉണ്ടായിരുന്നത്. ഈ സ്ക്കൂൾ 1950 ൽ യു.പി. സ്ക്കുളായും, 1963 ൽ ഹൈസ്ക്കുളായും ഉയർത്തപ്പെട്ടു. മുള്ളായപ്പിള്ളി മഠത്തിൽ പ്രവർത്തിച്ചിരുന്ന പെൺ പള്ളിക്കൂടം ഇല്ലത്ത് സ്ക്കുളിനോട് ചേർക്കുകയും രണ്ടു പള്ളിക്കൂടങ്ങളും ഒന്നായി പ്രവർത്തിക്കുകയും ചെയ്തു. ഈ സ്ക്കുൾ സ്ഥാപിക്കപ്പെടുന്നതിനും പുരോഗതി പ്രാപിക്കുന്നതിനും കാര്യമായ സംഭാവന ചെയ്തിട്ടുള്ളവരിൽ പ്രധാനികളാണ് നെല്ലിപ്പള്ളി കൊച്ചുള്ളിപ്പിള്ള, മുള്ളായപ്പിള്ളി നാരായണൻ നായർ, നെല്ലിപ്പിള്ളി നാരായണ പിള്ള, എന്നിവരും കൈതാരം N.S.S. കരയോഗവും. നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട ആദ്യ സ്ക്കൂൾ ഇന്നത്തെ കൈതാരം ഗവ. ഹൈസ്ക്കൂൾ ആണ്. എന്നാൽ ആദ്യത്തെ ഹൈസ്ക്കൂൾ കൂനമ്മാവിൽ ആണ് സ്ഥാപിക്കപ്പെട്ടത്. പഴയകാല സാമൂഹ്യ ആചാരങ്ങളുടെ വേലിക്കെട്ടുകൾ 1914 വരെ അവർണ്ണ വിഭാഗങ്ങൾക്ക് വിദ്യാലയ പ്രവേശനം അനുവദിച്ചിരുന്നില്ല. കൊല്ലവർഷം 1090ൽ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് എല്ലാ ജാതി മത വിഭാഗത്തിനും വിദ്യാലയപ്രവേശനം അനുവദിക്കപ്പെട്ടതിനെ തുടർന്നാണ് നമ്മുടെ നാട്ടിലും സ്ക്കൂളുകളിൽ എല്ലാവിഭാഗം ആളുകൾക്കും പ്രവേശനം അനുവദിക്കപ്പെട്ടത്.

അതുവരെ നാടിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്ന ആശാൻ പള്ളിക്കൂടങ്ങളും, ആശാട്ടിമാരും ആയിരുന്നു വിവിധ വിഭാഗം ആളുകളുടെ വിദ്യാഭ്യാസ കേന്ദ്രങ്ങൾ. കൈതാരം പ്രൈമറി സ്ക്കൂൾ ആയിരുന്ന കാലത്തു തന്നെ സ്ക്കൂളനോടനുബന്ധിച്ച് ഒരു റൂറൽ ലൈബ്രറി സ്ഥാപിക്കപ്പെടുകയുണ്ടായി. കാലക്രമേണ അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് വായനശാലകൾ ഉയർന്നുവരികയും, ചെറിയപ്പിള്ളി പ്രദേശത്തെ വിജ്ഞാന ദാഹികളും, സ്വാതന്ത്ര സമര സാമൂഹ്യ നവോത്ഥാന ആശയങ്ങളിൽ തൽപ്പരരായ ചെറുപ്പക്കാരും ചേർന്ന് സുഭാഷ് ലൈബ്രറി ആരംഭിക്കുകയും ചെയ്തു. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ആരംഭകാലത്തു തന്നെ പ്രവർത്തനമാരംഭിക്കുകയും 1945 ൽ അഖില തിരുവിതാംകൂർ ഗ്രന്ഥശാല സംഘത്തിൽ സുഭാഷ് ലൈബ്രറി അഫിലിയേറ്റ് ചെയ്യുകയും ചെയ്തു. 1958ൽ കൈതാരത്തെ റൂറൽ ലൈബ്രറി സുഭാഷ് ലൈബ്രറിയിൽ ലയിപ്പിച്ചു. ഇതേ കാലത്തുതന്നെ കൈതാരം കോട്ടുവള്ളി കൂനമ്മാവ്, വള്ളുവള്ളി, കിഴക്കേപ്രം പ്രദേശങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ

വായനശാലകൾ ആരംഭിക്കുകയുണ്ടായി. കാലക്രമത്തിൽ പല വായനശാലകളും നശിച്ചുപോയി എങ്കിലും ചെറിയപ്പിള്ളി സുഭാഷ് ലൈബ്രറി, കോട്ടുവള്ളി പീപ്പിൾസ്, കൂനമ്മാവ് ബാപ്പുജി, തത്തപ്പിള്ളി ജവഹർ കിഴക്കേപ്രം ശ്രീനാരായണ വായനശാല എന്നിവ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. വർഷങ്ങളുടെ പാരമ്പര്യം അവകാശപ്പെടുന്ന വായനശാലകളാണ് നമ്മുടേത് എങ്കിലും ഗ്രന്ഥശാല പ്രസ്ഥാനത്തിനും, വായനശാലകൾക്കും മൊത്തത്തിൽ സംഭവിച്ച അപചയവും വളർച്ചാരാഹിത്യവും നമ്മുടെ സ്ഥാപനങ്ങളേയും ബാധിച്ചിട്ടുണ്ട്.

നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും അവയിലെ വിദ്യാർത്ഥി അദ്ധ്യാപക വിവരങ്ങളും ഇതോടൊപ്പം വയ്ക്കുന്നു.

ഗവ. വി.എച്ച്. എസ്സ്. കൈതാരം

ഗവ. യു.പി.എസ്സ്., തത്തപ്പിള്ളി

ഗവ. യു.പി. എസ്സ്. വള്ളുവള്ളി

സെന്റ്. ഫിലോമിന എൽ.പി.എസ്സ്, കൂനമ്മാവ്.

സെന്റ്. ഫിലോമിന എച്ച്. എസ്സ്. കൂനമ്മാവ്.

സെന്റ്. ജോസഫ്സ് യു. പി. എസ്സ് കൂനമ്മാവ്.

സെന്റ്. ജോസഫ്സ് എച്ച്.എസ്സ് കൂനമ്മാവ്.

ഗവ. യു.പി. കോട്ടുവള്ളി

സെന്റ്. ലൂയീസ് എൽ. പി. എസ്സ് കോട്ടുവള്ളി.

സെന്റ്. ജോസഫ്സ് ഇ. എം.എൽ. പി. എസ്സ് കൂനമ്മാവ്.

| Std. | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ * | | | | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 570 | 506 | 1076 | 140 | 94 | 234 | 20 | 16 | 36 | 43 | 27 | 70 | 5 | 4 | 9 | 10 | 2 | 12 | 21 |
| II | 186 | 181 | 367 | 49 | 45 | 94 | 7 | 4 | 11 | 15 | 3 | 18 | 0 | 0 | 0 | 1 | 0 | 1 | 1 |
| III | 183 | 159 | 342 | 9 | 5 | 14 | 0 | 0 | 0 | 24 | 8 | 30 | 1 | 1 | 2 | 8 | 4 | 12 | 14 |
| IV | 163 | 107 | 270 | 17 | 9 | 26 | 2 | 0 | 2 | 14 | 5 | 19 | 0 | 0 | 0 | 0 | 1 | 1 | 1 |
| V | 1070 | 475 | 1545 | 96 | 37 | 133 | 22 | 9 | 31 | 102 | 59 | 161 | 0 | 0 | 0 | 23 | 9 | 32 | 32 |
| VI | 331 | 833 | 1164 | 19 | 43 | 62 | 2 | 2 | 4 | 16 | 27 | 33 | 0 | 0 | 0 | 6 | 9 | 15 | 15 |
| VII | 0 | 332 | 332 | 0 | 19 | 19 | 0 | 3 | 3 | 0 | 18 | 18 | 0 | 0 | 0 | 0 | 0 | 0 | 0 |
| VIII | 154 | 148 | 302 | 27 | 32 | 59 | 4 | 1 | 5 | 14 | 6 | 20 | 0 | 0 | 0 | 0 | 0 | 0 | 0 |
| IX | 81 | 56 | 137 | 8 | 3 | 11 | 0 | 0 | 0 | 5 | 2 | 7 | 0 | 0 | 0 | 0 | 0 | 0 | 0 |
| X | 64 | 116 | 180 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 2802 | 2913 | 5715 | 365 | 265 | 630 | 57 | 35 | 92 | 235 | 155 | 390 | 6 | 5 | 11 | 48 | 25 | 73 | 84 |

പഠനം നിർത്തിയവരെ സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തെ വിവരം ശേഖരിക്കുന്നത് നല്ലതാണ്.

ഓരോ സ്ക്കൂളിനും ഇത്തരത്തിലുള്ള ഒരു ഫോറം ഉപയോഗിക്കണം. പഞ്ചായത്ത് സ്ഥലത്ത് ക്രോഡീകരിക്കുന്ന ഇതേ ഫോറം തന്നെ ഉപയോഗിക്കണം

# വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്ക്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ | | | കോളേജുകൾ | | | പാരലൽ കോളേജ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | H.S.S./H.S | | | | | U.P.S | | | | | L.P. S | | | | | നേഴ്സറി | | | | | | | | | | | | |
| | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ അംഗൻവാടി | പഞ്ചാ.വക | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്ക്കൂൾ ക്ലാസ്സുകൾ നടത്തുന്നവ | കോളേജ് ക്ലാസ്സുകൾ മാത്രം നടത്തുന്നവ | സ്ക്കൂൾ കോളേജ് ക്ലാസ്സുകൾ നടത്തുന്നവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| 1 | | | | | | 1 | | | | | | | | | | 1 | | | | | | | | | | | | |
| 2 | | | | | | | | | | | | | | | | 2 | | | | | | | | | | | | |
| 3 | | | 1 | | | | 1 | | | | | | | | | 1 | | | | | | | | | | | | |
| 4 | | 1 | | | | | | | | | | 1 | | | | 1 | | | | | ITC | | | | | | 1 | |
| 5 | | | | | | | | | | | | | 1 | | | 2 | | 1 | | | | | | | | | | |
| 6 | | | | | | | | | | | | | | | | 2 | | | | | | | | | | | | |
| 7 | | | | | | 1 | | | | | | 1 | | | | 1 | 1 | | | | | | | | | | | |
| 8 | | | | | | | | | | | | | | | | 2 | | | | | | | | | | | | |
| 9 | | | | | | 1 | | | | | | | | | | 1 | | 1 | | | | | | | | | | |
| 10 | | | | | | | | | | | | | | | | 2 | | | | | | | | | | | | |
| 11 | | | | | | | | | | | | | | | | 2 | | | | | | | | | | | | |
| 12 | | | | | | | | | | | | | | | | 2 | | 1 | | | | | | | | | | |
| 13 | 1 | | | | | | | | | | | | 1 | | | 2 | | 2 | VHS | | | | | | | 2 | | |
| ആകെ | 1 | 1 | 1 | - | 3 | 3 | 1 | - | - | | | 2 | 2 | | | 21 | 1 | 5 | | | | | | | | | | |

വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും അനൗപചാരിക പ്രവർത്തനങ്ങളുടേയും പ്രവർത്തന ഫലമായി നമ്മുടെ സാക്ഷരതാനിലവാരം മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഉയർന്നതാണ്. നമ്മുടെ സാക്ഷരതാ നിലവാരം 92.45% ആണ്. (സെൻസസ് 91). സാക്ഷര നിരക്കിൽ വനിതകൾ 89.6%, പുരുഷന്മാർ 95.8% എന്നീ ക്രമത്തിൽ ആണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 5 സ്വകാര്യ നേഴ്സറികളും 21 അംഗൻവാടികളും ഒരു സർക്കാർ പട്ടികജാതി പട്ടിക വർഗ്ഗ നേഴ്സറിയും പ്രവർത്തിക്കുന്നു. ശാസ്ത്രീയമായി സംഘടിപ്പിക്കപ്പെട്ടതോ നിലവാരം പുലര്ത്തുന്നതോ അല്ല നമ്മുടെ പഞ്ചായത്തിലെ പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യം.

പഞ്ചായത്തിലെ വിവിധ സർക്കാർ, സ്വകാര്യ വിദ്യാലയങ്ങളിലെ പഠന അക്കാദമിക് നിലവാരം മൊത്തത്തിൽ മെച്ചമല്ല. സർക്കാർ സ്ക്കൂളുകളിലെ സൗകര്യങ്ങളും രക്ഷകർത്താക്കളുടെ ഇടപെടലും ഒട്ടും തൃപ്തികരമല്ല. കൈതാരം സ്ക്കൂളിൽ മാത്രമാണ് ആവശ്യത്തിന് കെട്ടിടങ്ങളും, അദ്ധ്യാപകരും ഇപ്പോൾ ഉള്ളത്. എന്നാൽ പ്രാഥമിക ആവശ്യത്തിനുള്ള മൂത്രപ്പുര, കക്കൂസ്, കുടിവെള്ള ടാപ്പ് മുതലായവ കളിസ്ഥലം കുട്ടികളേയും അദ്ധ്യാപകരുടേയും വാഹനങ്ങൾ സൂക്ഷിക്കുന്നതിനു

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | S.S.L.C വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30%താഴെ കുട്ടികൾ | 30-40 മാർക്ക് നേടുന്നവർ | 40-50 ശതമാനം നേടുന്നവർ | 50-60 ശതമാനം നേടുന്നവർ | 60%ൽ കൂടുതൽ നേടുന്നവർ | 91-92 കൂടുതൽ നേടുന്നവർ | 92-93 | 93-94 | 94-95 | 95-95 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 3 | 223 | 48 | 52 | 33 | 38 | 52 | | | | | |
| 4 | 225 | 67 | 52 | 33 | 32 | 40 | | | | | |
| 5 | 280 | 59 | 59 | 41 | 38 | 83 | | | | | |
| 6 | 298 | 55 | 64 | 45 | 42 | 88 | | | | | |
| 7 | 296 | 81 | 54 | 60 | 39 | 62 | | | | | |
| 8 | 162 | 85 | 31 | 23 | 8 | 15 | | | | | |
| 9 | 137 | 56 | 29 | 17 | 16 | 19 | | | | | |
| 10 | 100 | 46 | 19 | 13 | 6 | 16 | | | | | |
| S.S.L.C പരീക്ഷഎഴുതിയവർ | | | | | | | 47 | 38 | 41 | 42 | 26 |

ള്ള സൗകര്യം തുടങ്ങിയവ ഇല്ല.

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ഏറെക്കുറെ ശാസ്ത്രീയമാണെങ്കിലും പഠനനിലവാരത്തിലോ വിജയശതമാനത്തിലോ ഇത് പ്രതിഫലിക്കുന്നില്ല. മറ്റു പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് P.T.A. യും മറ്റും കാര്യമായ ശ്രമം നടത്തിയാൽ ഒരു മാതൃകാസ്ക്കൂളാക്കി മാറ്റുന്നതിന് സാധിക്കും. തത്തപ്പിള്ളി, വള്ളുവള്ളി, യു.പി. സ്ക്കൂളുകളിൽ ആവശ്യത്തിന് ക്ലാസുമുറികളോ അദ്ധ്യാപകരോ മറ്റു സൗകര്യങ്ങളോ ഇല്ല. ഇവിടങ്ങളിലെ പഠന അക്കാദമിക് നിലവാരത്തിലും ഇത് പ്രകടമാണ്. P.T.A. പ്രവർത്തനം ഇനിയും ശക്തമാക്കേണ്ടിയിരിക്കുന്നു. വളരെ ചെറിയ ശ്രദ്ധ നല്കിയാൽ പരിഹരിക്കാവുന്ന ഒട്ടേറെ കാര്യങ്ങൾ ഈ സ്ക്കൂളുകളിൽ ഉണ്ട്. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ കുട്ടികളാണ് ഇവിടങ്ങളിൽ പഠിക്കുന്നത്. ആവശ്യത്തിന് സൗകര്യങ്ങൾ ഇല്ലാത്തിടത്ത് അവ ഉണ്ടാക്കുന്നതിന് വിവിധ സർക്കാർ സ്വകാര്യ ഏജൻസികളിൽ നിന്നും കിട്ടാവുന്ന സഹായങ്ങൾ സംഭരിച്ചുകൊണ്ട് പ്രശ്നപരിഹാരത്തിന് അദ്ധ്യാപക രക്ഷകർതൃ സമിതിയുടേയും പഞ്ചായത്തിന്റേയും കൂട്ടായ ശ്രമം ആവശ്യമാണ്.

| സ്ക്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ഇല്ല | ലാബോ/സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നും/ഇല്ല | പഠനോപകരണങ്ങൾ വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ ശ്രവ്യ ഉപകരണങ്ങളുടെ എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ട പ്പെട്ട അദ്ധ്യയന ദിവസം | പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിവസം | മാതൃ സംഗമം സജീവം/അല്ല. | ക്ലാസ് റൂം പി.ടി.എ. കൾ പ്രവർത്തിക്കുന്നു/ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റിക്കോർഡർ | ടി.വി സെറ്റ് | വി.സി.ആർ/ വി.സി.പി | സിനിമാ പ്രൊജക്ടർ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | കംപ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| കൈതാരം | ✓✓ | ✓✓ | × | × | × | × | × | ✓ | × | × | × | 10 | 21 | 189 | 3 | 6 | സജീവം | × |
| തത്തപ്പിള്ളി | ✓ | ✓ | ✓ | × | × | × | × | × | × | × | × | 14 | 10 | 189 | 0 | 2 | സജീവം | ✓ |
| വള്ളുവള്ളി | ഭാഗീകം | × | × | × | × | × | × | × | × | × | × | 2 | 11 | 190 | 0 | 6 | സജീവം | × |
| St. P.L.P. | × | × | × | × | × | × | × | × | × | × | × | 8 | 8 | 195 | 0 | 0 | സജീവം | × |
| H.S. | ✓ | ✓ | ✓ | ✓ | × | × | × | × | × | × | × | 0 | 40 | 195 | 3 | 3 | സജീവം | ✓ |
| St.J.U.P. | ✓ | ✓ | ✓ | ✓ | × | × | × | × | × | × | × | 0 | 24 | 192 | 0 | 0 | സജീവം | ✓ |
| H.S. | ✓ | ✓ | ✓ | ✓ | × | × | × | × | × | × | × | 9 | 9 | 189 | 1 | × | × | ✓ |
| G.U.P. കോട്ടുവള്ളി | ✓ | ✓ | ✓ | ✓ | × | × | × | × | × | × | × | 3 | 10 | 192 | 7 | 8 | × | ✓ |

കൂനമ്മാവിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ക്കൂളുകൾക്കും പ്രശ്നങ്ങളുണ്ടെങ്കിലും ഭൗതീക സൗകര്യങ്ങളിൽ സ്ഥിതി മെച്ചമാണ്. സർക്കാർ സ്ക്കൂളുകളെ അപേക്ഷിച്ച് അദ്ധ്യാപന പഠന വിജയ നിലവാരത്തിൽ മെച്ചമാണെങ്കിലും, രക്ഷകർത്താക്കളുടേയും മറ്റും ശ്രദ്ധാപൂർവ്വമായ ഇടപെടൽ ഉണ്ടായാൽ ഇനിയും വിജയ ശതമാനം ഉയർത്തുന്നതിന് സാധിക്കും. കോട്ടുവള്ളിയിലെ അംഗീകൃതവും, കൈതാരം, കോതകുളം എന്നിവിടങ്ങളിലെ അംഗീകാരമില്ലാത്തതുമായ L.P. സ്ക്കൂളുകളിലെ അധ്യാപക രക്ഷകർതൃ സമിതികൾ സജീവമാക്കുകയും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് അടിസ്ഥാനമിടുന്ന പ്രവർത്തനം നടത്തുകയും വേണം. കോതകുളം വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും അകന്നുകിടക്കുന്ന പ്രദേശമാണ്. അടുത്തുള്ള കൈതാരം ഹൈസ്ക്കൂൾ ഉദ്ദേശം മൂന്നു കിലോമീറ്ററോളം ദൂരെയാണ്. ആ പ്രദേശത്തുകാരുടെ ആഗ്രഹപ്രകാരം ആരംഭിച്ച L.P. സ്ക്കൂളിന്റെ പ്രസക്തിയും അതാണ്. എന്നാൽ ഇന്നത്തെ സ്ക്കൂൾ മാനേജ്മെന്റ് സാമ്പത്തിക പരാധീനതകളിലാണ്. അടുത്തുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്ക് കൊച്ചുകുട്ടികൾക്ക് എത്തിച്ചേരാനുള്ള മാർഗ്ഗം സൃഷ്ടിച്ചുകൊണ്ടോ നിലവിലുള്ള സൗകര്യം കാര്യക്ഷമമാക്കിക്കൊണ്ടോ ഈ പ്രദേശത്തിന്റെ ആവശ്യം പരിഗണിക്കേണ്ടതാണ്. പ്രഥമിക വിദ്യാഭ്യാസ സൗകര്യത്തിൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ 12 കിലോമീറ്ററിനുള്ളിൽ സ്ഥാപനങ്ങൾ ഉലഭ്യമാണ്. ഈ സ്ഥാപനങ്ങളിലെ സൗകര്യവും നിലവാരവും ഉയർത്തുന്നതിന് ചില പരിപാടികൾ തയ്യാറാക്കി നടപ്പിലാക്കിയാൽ പരിഹരിക്കാവുന്ന പ്രശ്നങ്ങളേ ഇപ്പോൾ പഞ്ചായത്തിൽ ഉള്ളു. മൂന്നു സ്ക്കൂളിലേയും പഠന നിലവാരം ഉയർത്താൻ കഴിഞ്ഞാൽ പഞ്ചായത്തിനു പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കുന്നതിനും അതുവഴി നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യ സാമ്പത്തിക നിലകളിൽ ഉയർന്ന നിലവാരത്തിലുള്ളവരുടെ കൂടി ശ്രദ്ധയും പങ്കും നമ്മുടെ പഞ്ചായത്തിൽ കിട്ടുന്നതിനും ഇടയാക്കും.

ഇന്ത്യയിലെ വിദ്യാഭ്യാസ പരിഷ്കരണ ശ്രമങ്ങളിൽ ശ്രദ്ധേയമായ കോത്താരി കമ്മീഷൻ റപ്പോർട്ടിലെ 'അയൽപക്ക സ്ക്കൂളുകൾ' എന്ന സങ്കല്പം യാഥാർത്ഥ്യമാക്കുന്നതിന് അദ്ധ്യാപകരും രക്ഷകർത്താക്കളും സർവ്വോപരി അധികാരികളും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ സൗകര്യം പഞ്ചായത്തിൽ പരിമിതമാണ്. പ്രധാനമായും കൈതാരം സ്ക്കൂളിലെ വൊക്കേഷ്ണൽ ഹയർ സെക്കന്ററിയും, കൂനമ്മാവ് K.C.M. I.T.C. എന്ന സാങ്കേതിക പരിശീലന കേന്ദ്രങ്ങളും B.T.M.പാരലൽ കോളേജും ആണ്. കോളേജ് വിദ്യാഭ്യാസത്തിനായി ആലുവ, എറണാകുളം, മാല്യങ്കര എന്നിവിടങ്ങളിലെ കോളേജുകളേയും പറവൂരിലെ പാരലൽ സ്ഥാപനങ്ങളേയും ആശ്രയിക്കുന്നു. അതിന് പരിഹാരം കാണുന്നതിന് പറവൂരിൽ ഒരു കോളേജ് സ്ഥാപിക്കണം എന്ന ആവശ്യം നമ്മുടെ കൂടി ആണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ആവശ്യമായ പ്രവർത്തനങ്ങളിൽ പങ്കാളികളാകേണ്ടതാണ്. ഇപ്പോൾ കൈതാരത്ത് നടക്കുന്ന വൊക്കേഷ്ണൽ ഹയർ സെക്കന്ററി വിപുലപ്പെടുത്തി കൂടുതൽ കുട്ടികൾക്ക് പ്രയോജനപ്പെടുത്തക്ക വിധത്തിൽ ആക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്.

ഇന്ന് അംഗീകൃത കോളേജുകളേക്കാൾ കൂടുതൽ പാരലൽ സ്ഥാപനങ്ങളാണ് സർവ്വകലാശാലാ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നത് എന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തിലെ അഭ്യസ്ഥവിദ്യരായ അദ്ധ്യാപന തൽപ്പരരായ ചെറുപ്പക്കാരെ ഉൾപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ ഒരു പാരലൽ കോളേജ് നടത്തുന്നതിനെ പറ്റി ആലോചിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ വിദ്യാർത്ഥികളുടെ പഠ്യേതര പ്രവർത്തനങ്ങൾ വളരെ താഴ്ന്ന നിലവാരത്തിലാണ്. കലാകായിക രംഗത്ത് മറ്റ് രംഗങ്ങളിലോ മികവു പ്രകടിപ്പിക്കുന്ന കുട്ടികൾ ഇല്ല എന്നു തന്നെ പറയാം. ഇവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്ന തരത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യേണ്ടതാണ്.

മാനസീക വളർച്ച പ്രാപിക്കാത്ത കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് ഒരു സ്പെഷ്യൽ സ്ക്കൂൾ പഞ്ചായത്തിൽ കൂനമ്മാവ് കോൺവെന്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവിടെ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപികമാരും ഉണ്ട്.

ഇപ്പോൾ സമീപ പ്രദേശങ്ങളിലേതുൾപ്പെടെ 45 കുട്ടികളാണ് സ്ക്കൂളിൽ വരുന്നത്. എന്നാൽ കൂനമ്മാവ് പ്രദേശത്തുള്ളതും

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ളതുമായ ബുദ്ധിവളർച്ചയില്ലാത്ത കുട്ടികളെ ഈ സ്ക്കൂളിൽ ചേർക്കുന്നതിന് രക്ഷകർത്താക്കൾ മടികാണിക്കുന്നതായി കാണുന്നു. ഇത്തരം കുട്ടികളുടെ പിന്നോക്കാവസ്ഥ ഒരു പരിധിവരെ പരിഹരിക്കുന്നതിന് കഴിയുന്ന ഈ സ്ക്കൂളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഉപയോഗപ്പെടുത്തുന്നതിന് പൊതുജനങ്ങളിൽ ഒരു ബോധവല്ക്കരണ പരിപാടി നടത്തേണ്ടതാണ്.

തത്തപ്പിള്ളി യു.പി.സ്ക്കൂൾ, വള്ളുവള്ളി യു.പി.സ്ക്കൂൾ, കോട്ടുവള്ളി യു.പി. സ്ക്കൂൾ എന്നിവ ഹൈസ്ക്കൂൾ ആയി ഉയർത്തണം. ഇവിടങ്ങളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തണം. തത്തപ്പിള്ളി സ്ക്കൂളിന് ചുറ്റുമതിൽ, കളിസ്ഥലം എന്നിവ വേണം. ഇപ്പോഴത്തെ കളിസ്ഥലത്തിനും സ്കൂളിനും ഇടയിലുള്ള സ്വകാര്യ സ്ഥലം ഏറ്റെടുക്കണം. ശുദ്ധജലം കിട്ടുന്നതിന് കിണർ നന്നാക്കണം. കൈതാരം ഗവ. വൊക്കേഷ്ണൽ ഹയർ സെക്കന്ററി സ്ക്കൂളിൽ വർക്ക് ഷോപ്പ് കെട്ടിടം നിർമ്മിക്കണം. സ്ക്കൂളിന് ആവശ്യമായ ഫർണീച്ചറുകൾ ഉണ്ടാവണം. കെട്ടിടങ്ങൾക്ക് അറ്റകുറ്റ പണികൾ നടത്തണം. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കണം. ടെക്ക്നിക്കൽ ഹൈസ്ക്കൂൾ, പോളിടെക്നിക്ക്, ITI, കോളേജ് എന്നിവ ആരംഭിക്കണം. ആവശ്യത്തിന് പ്ലസ് ടു ക്ലാസുകൾ തുടങ്ങണം.

അംഗൻ വാടിയിൽ കളിക്കോപ്പുകൾ വേണം. കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തണം. അംഗൻ വാടികളിൽ ഒരു സ്റ്റാഫിനെ കൂടി നിയമിക്കുകയും അംഗൻവാടി ജീവനക്കാരെ ഗവ. ജീവനക്കാരായി അംഗീകരിക്കുകയും ശമ്പളം വർദ്ധിപ്പിക്കുകയും വേണം. പട്ടികജാതി നേഴ്സറിക്ക് ആവശ്യമായ സ്ഥലവും കെട്ടിടവും വേണം. പ്രതിരോധകുത്തിവെയ്പ്പുകൾ അംഗൻവാടി വഴി നടത്തണം.

സ്ക്കൂളിൽ ആവശ്യമായ ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ ഉണ്ടാവണം. എല്ലാ സ്ക്കൂളുകളിലും പ്രവർത്തിക്കുന്ന വായനശാലകളും അവയിൽ ആവശ്യമായ പുസ്തകങ്ങളും വാങ്ങണം. കോട്ടുവള്ളി സ്ക്കൂളിന് വായനശാല തുടങ്ങുന്നതിന് നാടക സംഘത്തിന്റെ കെട്ടിടം വിട്ടുതരുവാൻ തയ്യാറാണ്.

പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് ഏർപ്പാടുണ്ടാക്കണം. അദ്ധ്യാപകർക്ക് പുനഃപരിശീലനം കൊടുക്കണം. നിർബന്ധ വിദ്യാർത്ഥികൾക്ക് പഠന സൗകര്യങ്ങൾ ഏർപ്പെടുത്തണം. ആവശ്യമായവർക്ക് വിദ്യാഭ്യാസ ലോണുകൾ ഏർപ്പെടുത്തണം. ഉയർന്ന നിലയിൽ വിജയിക്കുന്ന വാർഡ്/ പഞ്ചായത്ത് വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകണം.

ഹൈസ്ക്കൂളുകളിൽ അദ്ധ്യാപക വിദ്യാർത്ഥി രക്ഷകർതൃ യോഗങ്ങൾ മാസത്തിൽ ഒരു തവണ ചേരുകയും പ്രശ്നങ്ങൾ മനസ്സിലാക്കി ഇടപെടുകയും ചെയ്യണം.

U.P., L.P. വിഭാഗങ്ങളിൽ മാതൃ സംഗമങ്ങൾ കാര്യക്ഷമമായി ചേരുകയും നിരന്തര ശ്രദ്ധചെലുത്തുകയും ചെയ്യണം.

പഞ്ചായത്ത് തലത്തിൽ മുഴുവൻ P.T.A. കമ്മറ്റികളേയും വിളിച്ചു കൂട്ടി പഞ്ചായത്തു പ്രസിഡന്റിന്റേയും കമ്മറ്റിയുടേയും സഹായ സഹകരണങ്ങൾ നല്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക. അദ്ധ്യാപകർക്ക് വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന പുത്തൻ പരീക്ഷണങ്ങളും ബോധനരീതികളും പരിചയപ്പെടുത്തുന്നതിന് ജില്ലയിലെ വിദ്യാഭ്യാസ നവീകരണത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഡയറ്റ് പോലുള്ള സർക്കാർ ഏജൻസികളുമായി ബന്ധപ്പെട്ട് പഞ്ചായത്തടിസ്ഥാനത്തിൽ ക്ലാസുകൾ നല്കി അദ്ധ്യാപകരുടെ കഴിവും ശേഷിയും വർദ്ധിപ്പിക്കുക.

ഓരോ സ്ക്കൂളുമായി രക്ഷകർത്താക്കളുടേയും മറ്റ് ആളുകളുടേയും പങ്കാളിത്തത്തോടെ വിദ്യാലയ സംരക്ഷണ സമിതികൾ രൂപീകരിക്കുകയും ഇവയുടെ പഞ്ചായത്ത് തല സമിതി രൂപീകരിച്ചുകൊണ്ട് മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും പഞ്ചായത്ത് തല നിരീക്ഷണ സംവിധാനം രൂപീകരിക്കുകയും ചെയ്യുക.

പഞ്ചായത്തിൽ കൂടുതൽ സൗകര്യങ്ങളുള്ള സ്ക്കൂൾ ലബോറട്ടറി, ലൈബ്രറി, കളിസ്ഥലം, പഠനോപകരണങ്ങൾ ലീഡിങ് സ്ക്കൂളാക്കി മാറ്റുക. മറ്റു U.P.സ്ക്കൂളുകളിലെ പോരായ്മ പരിഹരിക്കുന്നതിന് ലീഡിങ് സ്ക്കൂളിലെ സൗകര്യങ്ങൾ ഉപയോഗിക്കുക. ഇതിന് കൈതാരം ഹൈസ്ക്കൂൾ കേന്ദ്രമാക്കി വിദ്യാഭ്യാസ കോംപ്ലക്സ് രൂപീകരിക്കുക.

നമ്മുടെ പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഏറിയും കുറഞ്ഞും ബഞ്ച്, ഡസ്ക് മുതലായവയുടെ പോരായ്മ അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന്

സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും സഹായം സംഭരിക്കുകയും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം. ഇപ്പോൾ പഞ്ചായത്ത് വിവിധ സ്ക്കൂളുകൾക്ക് ഉച്ചക്കഞ്ഞി വിതരണത്തിനായി 5670 രൂപ ചെലവഴിക്കുന്നുണ്ട്. ഇത് ആവശ്യത്തിന് മതിയാകുന്നുണ്ടോ എന്ന് പരിശോധിക്കുകയും സ്ക്കൂൾ ഉച്ചഭക്ഷണപരിപാടിയിൽ അർഹരായ മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തി നല്ല രീതിയിൽ നടത്തുന്നതിന് പഞ്ചായത്ത് തല സമിതിയെ ഉപയോഗപ്പെടുത്തുകയും ചെയ്യുക.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 21 അംഗൻവാടികളും 5 സ്വകാര്യ നഴ്സറികളും പ്രവർത്തിക്കുന്നു. എന്നാൽ യഥാർത്ഥ നഴ്സറി സൗകര്യം ഒരിടത്തും ഇല്ല. വേണ്ടത്ര പരിശീലനം കിട്ടാത്ത അദ്ധ്യാപികമാരും സ്ഥലസൗകര്യമില്ലാത്ത കെട്ടിടങ്ങളും ആണ് എവിടേയും. ഈ രംഗത്ത് പഞ്ചായത്തിന്റെ ഇടപെടൽ അനിവാര്യമാണ്. ശാസ്ത്രീയമായി സംഘടിപ്പിക്കപ്പെട്ട ഒരു നഴ്സറിയെങ്കിലും പഞ്ചായത്ത് തലത്തിൽ ഒരുക്കുകയും, ഇപ്പോൾ നഴ്സറി നടന്നുവരുന്ന സ്ഥലങ്ങളിൽ പോരായ്മകൾ പരിഹരിക്കുന്നതിന് മാനേജ്മെന്റുകളേയും രക്ഷാകർത്താക്കളേയും ബോധവല്ക്കരിക്കുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്യണം.

പഞ്ചായത്തിൽ താമസിക്കുന്ന റിട്ടയർ ചെയ്തവരും അല്ലാത്തവരുമായ അദ്ധ്യാപകരേയും മറ്റ് വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവരേയും ഉൾപ്പെടുത്തി ഒരു അക്കാദമിക്ക് കമ്മറ്റി ഉണ്ടാക്കുകയും വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ നിലവാരം ഉയർത്തുന്നതുൾപ്പെടേയുള്ള കാര്യങ്ങളിൽ ഇവരുടെ സഹായ സഹകരണം ഉറപ്പുവരുത്തുകയും ചെയ്യുക.

ഇന്ന് വിദ്യാഭ്യാസ രംഗത്ത് ഇംഗ്ലീഷ് മീഡിയം സ്ഥാപനങ്ങളോടുള്ള ആദരവ് നമ്മുടെ സ്ക്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാനിലവാരം ഉയർത്തിക്കൊണ്ട് ഏതൊരു ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥിയേക്കാളും മുന്നിലാക്കാനും ഉള്ള സൗകര്യം കൂട്ടായ ശ്രമത്തിലൂടെ സാധിക്കണം.

വിദ്യാഭ്യാസരംഗത്ത് പഞ്ചായത്ത് തലത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് വിവിധ പ്രവർത്തനങ്ങളോടൊപ്പം സമീപ ഭാവിയിൽ നമ്മുടെ സ്ക്കൂളുകളിലെ S.S.L.C. വിജയശതമാനം 80 100 ആക്കി ഉയർത്തുക എന്ന ലക്ഷ്യം ബന്ധപ്പെട്ട ഓരോരുത്തരുടേയും സ്വപ്നമായിത്തീരുകയും അതിനാവശ്യമായ ഭൗതീക സൗകര്യം ഒരുക്കുകയും ചെയ്യുക.

ഉന്നത സർവ്വകലാശാലാ വിദ്യാഭ്യാസം കൂടുതൽ ക്ലർക്കുമാരായ തൊഴിൽ അന്വേഷകരെ സൃഷ്ടിച്ചെടുക്കുന്ന രീതിയിലായതിനാൽ സാങ്കേതിക വിദ്യാഭ്യാസത്തിന് പ്രാധാന്യം ഏറുകയാണ്. അതിനാൽ I.T.I. പോളിടെക്നിക്ക് എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയും നേടിയെടുക്കുന്നതിന് ശ്രമിക്കുകയും വേണം. ദേശീയ സാക്ഷരതാ മിഷന്റെ പൈലറ്റ് പരിപാടിയായിരുന്ന എറണാകുളം ജില്ലാ സാക്ഷരതാ പ്രവർത്തനം പഞ്ചായത്തിലും നടക്കുകയുണ്ടായി എങ്കിലും തുടർ പ്രവർത്തനം നടക്കാനിരിക്കുന്നതിനാൽ നവസാക്ഷരർ നിരക്ഷരതയിലേത്ത് മാറിയിട്ടുണ്ട്. കാൻഫെഡിന്റെയും, റിസോഴ്സിന്റേയും സംയോജന വിദ്യാഭ്യാസ പരിപാടികൾ പഞ്ചായത്തിൽ നടന്നിരുന്നു.

തുടർ സാക്ഷരതാ പ്രവർത്തവും, വിജ്ഞാന വ്യാപനവും ശാസ്ത്രീയമായി സംഘടിപ്പിക്കുന്നതിന് പഞ്ചായത്തിലെ മുഴുവൻ വായനശാലകളേയും കലാ സാംസ്കാരിക സംഘടനകളേയും ബന്ധപ്പെടുത്തി ഒരു പ്രവർത്തന പരിപാടി ഉണ്ടാക്കുകയും വായനശാലകളുടെ ഇന്നത്തെ സാമ്പത്തിക പരാധീനത മാറ്റുന്നതിന് പഞ്ചായത്ത് നൽകി വരുന്ന സഹായം വായനശാലകളുടെ ഗ്രേഡ് അനുസരിച്ച് വർദ്ധിപ്പിക്കുകയും ചെയ്യണം.

സ്ക്കൂളുകളിൽ പഠനസഹായികളായി ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ ഒന്നും തന്നെ ഇല്ലാത്ത സ്ഥിതിയാണ്. പഞ്ചായത്തിൽ ഒരു സ്ക്കൂളിൽ എങ്കിലും ഈ സൗകര്യങ്ങൾ ഉണ്ടാകുകയും മറ്റ് സ്ക്കൂളുകൾക്ക് ഉപപദ്ധതി ഉപയോഗിക്കുന്നതിന് സൗകര്യം നല്കുകയും ചെയ്യണം.

## കുടിവെള്ളവും പൊതുജനാരോഗ്യവും

കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട കുടനീർ സ്രോതസ് കിണറുകളും കുളങ്ങളുമാണ്. ഈ സ്രോതസുകളിൽ നിന്നും എല്ലാ മാസങ്ങളിലും സുലഭമായി ശുദ്ധജലം ലഭിക്കാറില്ല. ആകെ 6287 വീടുകളുള്ളതിൽ 2230 വീടുകൾക്കാണ് സ്വന്തമായി കിണർ ഉള്ളത്.

അതിൽ 620 കിണറുകളിൽ നിന്നാണ് ശുദ്ധജലം ലഭിക്കുന്നത്. ബാക്കിയുള്ള 1611 സാധാരണ കിണറുകളിൽ നിന്നും വർഷകാലങ്ങളിൽ മാത്രമേ കുടിവെള്ളം ലഭിക്കുകയുള്ളു. അയൽപക്കത്തെ കിണറുകളെ ആശ്രയിക്കുന്ന വർ എണ്ണത്തിൽ വളരെ കുറവാണ്. പഞ്ചായത്ത് വക 14 പൊതു കുളങ്ങളും 85 പൊതു കിണറുകളുമുണ്ട്. എന്നാൽ കുളങ്ങളൊന്നും ഉപയോഗയോഗ്യമല്ല. ഇവയെല്ലാം ശുദ്ധി ചെയ്ത് ചുറ്റും കല്ലുകെട്ടി സംരക്ഷിക്കുകയാണെങ്കിൽ ശുദ്ധജലം ലഭ്യമാകും. കിണറുകളിൽ പകുതിയോളം ഉപയോഗയോഗ്യമാണ്. കേരള വാട്ടർ അതോറിറ്റി നൽകുന്ന പൈപ്പുവെള്ള മാണ് ശുദ്ധജലം ലഭിക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം. 285 പൊതുടാപ്പുകളാണ് മൊത്തം ഈ പഞ്ചായത്തിൽ ഉള്ളത്. ഇത് വളരെ അപര്യാപ്തമാണ്. എല്ലാവാർഡുകളിലും 200 മീറ്ററിന് ഒരു ടാപ്പു വീതം സ്ഥാപിച്ചാൽ ശുദ്ധജലക്ഷാമം പരിഹരിക്കാൻ സാധിക്കും. IV, V, VII, VIII, XIII എന്നീവാർഡുകൾ ഭാഗീകമായി ഒരു വെള്ള ഭീഷണിയെ നേരിടുന്നു. I, II, III, VI, IX, X, XI എന്നീവാർഡുകൾ പൂർണ്ണമായും ഒരു വെള്ളഭീഷണിയെ നേരിടുന്നു. ഈ വാർഡുകൾക്കെല്ലാം അപവാദമായി നിൽക്കുന്ന ഒരേ ഒരു വാർഡ് XIII മാത്രമാണ്. 285 പൊതു ടാപ്പുകളിൽ കൂടി പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ വെള്ളം വിതരണം ചെയ്യാൻ സാധിക്കുന്നില്ല.

## പ്രശ്നങ്ങൾ

1. 12ാം വാർഡ് ഒഴികെ മറ്റു വാർഡുകളിൽ ഒരു വെള്ള ഭീഷണി നേരിടുന്നു.

2. വള്ളുവള്ളി മേഖലയിലും തത്തപ്പിള്ളി, കിഴക്കേപ്രം മേഖലകളിലും കൈതാരം പടിഞ്ഞാറെ മേഖലകളിലും കോട്ടുവള്ളി തെക്കൻ മേഖലകളിലും ശുദ്ധജലം ലഭ്യമല്ല. ഇതിൽ വള്ളുവള്ളി മേഖലയും തത്തപ്പിള്ളി തെക്കൻ മേഖലയും അതി രൂക്ഷമാണ്. പമ്പിംങ് സമയവും പ്രഷറും വളരെ കുറവാണ്.

3. സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള വലിയ കുളങ്ങൾ നിബന്ധനകൾക്ക് വിധേയമായി ജല വിതരണത്തിന് സജ്ജമാക്കണം.

4. ഒരു വെള്ള ഭീഷണി നേരിടുന്ന വാർഡുകളിൽ പൈപ്പുലൈൻ സ്ഥാപിക്കണം.

5. ആവശ്യമുള്ള മുഴുവൻ ആളുകൾക്കും ഹൗസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

6. അതീരൂക്ഷമായ കുടിവെള്ള പ്രശ്നമുള്ള സ്ഥലങ്ങളിൽ അടിയന്തിരമായി കുടിവെള്ളം ലഭിക്കുന്നതിന് കുഴൽ കിണറുകൾ സ്ഥാപിക്കണം.

7. എല്ലാ പൈപ്പുലൈനുകളിലും സ്ഥിരമായി പകൽ സമയത്ത് വെള്ളം ലഭിക്കുന്നതിന് നടപടി വേണം.

8. മുപ്പത്തടം പദ്ധതിയിൽ കോട്ടുവള്ളി പഞ്ചായത്തിനേയും ഉൾപ്പെടുത്തണം.

9. ഏലൂർ പഞ്ചായത്തിൽ നിന്നും ശുദ്ധജലം ലഭിക്കുന്നതിനുള്ള തടസ്സം നീക്കുകയും കൊങ്ങോർപ്പിള്ളിയിൽ കൂടി പോകുന്ന പാതാളം ലൈനുമായി എടയ്ക്കാതോട്ടിൽ വന്നു നിൽക്കുന്ന പൈപ്പ് ലൈൻ നീട്ടിയാൽ 1 മുതൽ 4 വരെ വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

10. തൃക്കപുരത്ത് വാട്ടർ അതോറിറ്റിക്കു നൽകിയിരിക്കുന്ന സ്ഥലത്ത് ജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചാൽ ശുദ്ധജല ക്ഷാമം പരിഹരിക്കാം.

11. തത്തപ്പിള്ളി അത്താണിയിലുള്ള കിണറും തത്തപ്പിള്ളി തെക്കേ അറ്റത്തെ കിണറും ശുദ്ധീകരിച്ച് ടാങ്ക് കെട്ടി ജലം സംഭരിച്ച് നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പലൈനുമായി ബന്ധിപ്പിച്ചാൽ 9,10 വാർഡുകളിലെ കുടിവെള്ളത്തിന് പരിഹാരം ഉണ്ടാക്കാവുന്നതാണ്. ഇതുപോലെ മറ്റു സ്ഥലങ്ങളിലും ഈ പദ്ധതി നടപ്പാക്കാവുന്നതാണ്.

12. 13-ാം വാർഡിന്റെ പടിഞ്ഞാറൻ ഭാഗത്ത് വേനൽകാലങ്ങളിൽ ശുദ്ധജലം ലഭ്യമല്ല. അവിടെ ശുദ്ധജലം ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

13 കടുംകുളം ശുദ്ധീകരിച്ച് കല്ലുകെട്ടി സംരക്ഷിച്ച് ടാങ്കുകെട്ടി നിലവിലുള്ള പൈപ്പ്ലൈനുമായി ബന്ധിപ്പിക്കുകയോ പുതിയ ലൈൻ സ്ഥാപിക്കുകയോ ചെയ്താൽ 1മുതൽ 4 വരെ വാർഡുകളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാം.

കോട്ടുവള്ളി പഞ്ചായത്തിലെ IV-ാം വാർഡിൽ ഒരു ഗവ. ആശുപത്രിയും I-ാം വാർഡിൽ ഒരു സ്വകാര്യ ആശുപത്രിയും ഉണ്ട്.

സർക്കാർ ഉടമയിലുള്ള രണ്ട് മാതൃ ശിശു സംരക്ഷണ കേന്ദ്രവും സ്വന്തമായി കെട്ടിടമുള്ള രണ്ട് സബ് സെന്ററുകളും സ്വന്തമായി കെട്ടിടമില്ലാത്ത നാല് സബ് സെന്ററുകളുമുണ്ട്. സ്വകാര്യ മേഖലയിൽ മൂന്നു ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടടമില്ലാത്ത ഒരു ആയുർവേദ ഡിസ്പെൻസറിയും ഒരു ഹോമിയോ ഡിസ്പെൻസറിയും ഈ പഞ്ചായത്തതിർത്തിയിലുണ്ട്. ഗവ. ആശുപത്രിയിൽ 60 രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. രണ്ട് ഡോക്ടർമാരും മറ്റ് ജീവനക്കാരുമുണ്ട്. ആശുപത്രി പ്രവർത്തനം പൊതുവേ തരക്കേടില്ല. എന്നാൽ ആവശ്യമായത്രയും ജീവനക്കാരും മരുന്നും ലഭ്യമല്ല. സ്വകാര്യ ആശുപത്രിയിൽ വേണ്ടത്ര സ്ഥലസൗകര്യങ്ങൾ ഉണ്ടെങ്കിലും കാര്യക്ഷമമായ രീതിയിൽ നടത്തിക്കൊണ്ടു പോകുവാൻ മാനേജ്മെന്റ് ശ്രദ്ധിക്കുന്നില്ല. ആയുർവേദ ഡിസ്പെൻസറിയുടെ പ്രവർത്തനവും ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനവും മെച്ചപ്പെട്ടതാണ്. സ്വകാര്യ മേഖലയിൽ അഞ്ചു ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. അവയും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. തീരപ്രദേശങ്ങളോട് ചേർന്നു കിടക്കുന്ന സ്ഥലങ്ങളിലാണ് പകർച്ചവ്യാധികൾ കൂടുതലായി കണ്ടുവരുന്നത്. 95-96 വർഷത്തിൽ പകർച്ച വ്യാധികൾ പിടിപെട്ടവരുടെ എണ്ണം 1742 ആണ്. കഴിഞ്ഞ നാലു വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ പകർച്ച വ്യാധികൾ പിടിപെടുന്നവരുടെ എണ്ണം കൂടി വരികയാണ്. ത്വക് രോഗം ബാധിച്ചവരുടെ എണ്ണം 394, വാത സംബന്ധമായ രോഗം ബാധിച്ചവരുടെ എണ്ണം 60ഉം ആണ്. മറ്റു രോഗങ്ങൾ ബാധിച്ചവർ 27294 ആണ്. ത്വക് വാത രോഗം ബാധിച്ചവർ മുൻവർഷത്തേക്കാൾ കുറവാണ്. 95-96ൽ 419 മരണവും 169 ജനനവും രേഖപ്പെടുത്തിയിട്ടുണ്ട്. (ജനന നിരക്ക് കൃത്യമല്ല. പഞ്ചായത്തിനു പുറത്ത് ജനനം നടക്കുന്നതിന്റെ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല.) കൂനമ്മാവിലെ സ്പെഷ്യൽ സ്ക്കൂളിലെ പഠന റപ്പോർട്ടിൽ ആപ്രദേശത്ത് മന്ദ ബുദ്ധികളായ കുട്ടികളെ കൂടുതലായി കണ്ടുവരുന്നതായി മനസ്സിലാകുന്നു. ഇതിന്റെ നിജ സ്ഥിതി എന്താണെന്നും പരിശോധനക്ക് വിധേയമാക്കണം. 45 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 26 പേർ സ്ഥിരമായി വരുന്നുണ്ട്. അംഗവൈകല്യമുള്ളവർ ആകെ 243 എണ്ണമുണ്ട് .(അന്ധർ 11, ബധിരർ 9, മൂകർ 21, ബധിരമൂകർ 4, ചലന വൈകല്യമുള്ളവർ 198) സ്ഥായിയായി രോഗമുള്ളവർ ആകെ 2067 (രക്തസമ്മർദ്ദം 1086, പ്രമേഹം 501, ക്യാൻസർ 46, കുഷ്ഠം 1 ക്ഷയം22, ഹൃദ്രോഗം 411). ഒരു വയസ്സിൽ താഴെ ഉള്ള കുട്ടികൾ 427 എണ്ണം. അതിൽ പ്രതിരോധ കുത്തിവെയ്പ് നടത്തിയവർ 423. ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടസ്ഥാനത്തിൽ ഒരു കുട്ടിയുള്ളവർ 2081, രണ്ടു കുട്ടികൾ ഉള്ളവർ 5036, രണ്ടിൽ കൂടതൽ കുട്ടികൾ ഉള്ളവർ 2022 എണ്ണവുമുണ്ട്. കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ ഒരു കുട്ടിയുള്ളവർ 1918, രണ്ടുകുട്ടിയുള്ളവർ 4277, രണ്ടിൽ കൂടുതൽ കുട്ടികൾ ഉള്ളവർ 1912 എണ്ണവുമാണ്. ( അനുബന്ധം അംഗൻവാടി റപ്പോർട്ടുകൾ). സെപ്റ്റിക് ടാങ്ക് കക്കൂസുകൾ ഉപയോഗിക്കുന്ന വീടുകൾ 2648,മറ്റുവിധത്തിൽ കക്കൂസുകൾ ഉപയോഗിക്കുന്ന വീടുകൾ 1100 എണ്ണവുമാണ്. (അവലംബം C.H.C. റിപ്പോർട്ട്) തത്തപ്പിള്ളി തെക്കുഭാഗത്തുള്ളവരും 1oം വാർഡിന്റെ കിഴക്കുഭാഗത്തുള്ളവരും ചികിത്സക്കായി തൊട്ടടുത്ത ആലങ്ങാട് പഞ്ചായത്തിലെ കരിങ്ങാം തുരുത്ത് ഗവ. ആശുപത്രിയിലും പോകുന്നുണ്ട്.

## പ്രശ്നങ്ങൾ

1. ശുദ്ധജലത്തിന്റെ കുറവുമൂലം വയറിളക്ക രോഗങ്ങൾ ഉണ്ടാകുന്നു.

2. ചകിരിച്ചോർ, അറവുശാലകളിലെ അവശിഷ്ടങ്ങൾ, ഏലൂർ വ്യവസായ ശാലകളിലെ അഴുക്കുകൾ പുഴകളിൽ നിക്ഷേപിക്കുന്നതിനാൽ പുഴയിലെ ജലം മലിനമാകുന്നു.

3. കക്കൂസുകളുടെ അപര്യാപ്തതമൂലം രോഗങ്ങൾ ഉണ്ടാകുന്നു. മാതൃകാ കക്കൂസുകൾ കുറവാണ്.

4. സ്ക്കൂൾ ആരോഗ്യ പരിപാടി കാര്യക്ഷമമല്ല.

5 തീരപ്രദേശങ്ങളിലെ ജനങ്ങൾ കക്കൂസ് കുഴലുകൾ പുഴകളിലേക്കു തോടുകളിലേക്കു വെയ്ക്കുന്നതിനാൽ ജലമലിനീകരണവും പരിസര മലിനീകരണവും ഉണ്ടാകുന്നു.

6. പൊതുവായ ശുദ്ധ ജലശ്രോതസ്സുകൾ മലിനമായി കിടക്കുന്നു.

7. പൊതു ജനാരോഗ്യ രംഗത്ത് അലോപ്പതി, ആയുർവേദം, ഹോമിയോ ആശുപത്രി

കൾ കുറവാണ്. നിലവിലുള്ള ആരോഗ്യ കേന്ദ്ര ങ്ങളിൽ വേണ്ടത്ര സ്റ്റാഫും മരുന്നും ലഭ്യമല്ല.

8. പൊതു സ്ഥലങ്ങളിൽ കുന്നുകൂടുന്ന ചപ്പുചവറുകൾ പരിസരമലിനീകരണം ഉണ്ടാക്കുന്നു.

9. മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ മൂലം രോഗങ്ങൾ വർദ്ധിക്കുന്നു.

10. ആനച്ചാൽ ഭാഗത്തുള്ള തുകൽ സംസ്കരണ കേന്ദ്രത്തിൽ നിന്നും സിങ്ക് കലർന്ന മലിനജലം തത്തപ്പിള്ളിയുടെ കിഴക്കൻ മേഖലകളിൽ പരിസര ജല വായു മലിനീകരണം ഉണ്ടാക്കുന്നു.

11. പല മേഖലകളിലും വെള്ളം കെട്ടിനില്കുന്നതിനാൽ ഈച്ചയും കൊതുകും പെരുകി രോഗങ്ങൾ ഉണ്ടാവുകയും പരിസരമലിനീകരണം ഉണ്ടാവുകയും ചെയ്യും.

12. പൊതു ശ്മശാനം ഇല്ലായ്മ.

13. അലഞ്ഞു തിരയുന്ന നായ് ശല്യം.

14. ആശുപത്രി ഭക്ഷണം കാര്യക്ഷമമല്ല.

## സാദ്ധ്യതകൾ

1. കക്കൂസ് ഇല്ലാത്ത എല്ലാവർക്കും കുറഞ്ഞ ചിലവിലുള്ള മാതൃകാ കക്കൂസുകൾ നിർമ്മിക്കാൻ സാമ്പത്തിക സഹായം നല്കണം.

2. വയറിളക്ക രോഗത്തിന് പ്രതിവിധി ഉണ്ടാകാൻ ശുദ്ധജലം ലഭ്യമാക്കണം.

3. പുഴജലം മലിനമാകാതിരിക്കാൻ നടപടി ഉണ്ടാക്കണം. കക്കൂസ് കുഴലുകൾ പുഴയിലേക്കും തോടുകളിലേക്കും വയ്ക്കാതിരിക്കാൻ നടപടി വേണം.

4.പൊതുജലസ്രോതസ്സുകൾ ശുദ്ധമാക്കണം.

5. സ്ക്കൂൾ ആരോഗ്യ പരിപാടികാര്യക്ഷമമാക്കണം.

6. സർക്കാർ ആശുപത്രിയിൽ ആവശ്യത്തിന് മരുന്നും കൂടുതൽ കിടക്കകളും ഡോക്ടർമാരും ഉണ്ടായാൽ ആരോഗ്യരംഗം മെച്ചപ്പെടുത്താം.

7. ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികളെ ആശുപത്രിയാക്കി മാറ്റുകയും സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ചെയ്താൽ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താം.

8. കെട്ടിക്കിടക്കുന്ന മലിനജലത്തിൽ മരുന്നു തളിക്കുകയും ഒഴിവാക്കുകയും ചെയ്താൻ ഈച്ച കൊതുകു ശല്ല്യം ഒഴിവാക്കാം.

9. കുന്നുകൂടുന്ന ചപ്പുചവറുകൾ നിക്ഷേപിക്കാൻ വെയ്സ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും അതു നീക്കം ചെയ്യുന്നതിന് ആളെ നിയമിക്കുകയും വേണം.

10. പൊതു ശ്മശാനം സ്ഥാപിക്കുക.

11. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചുനശിപ്പിക്കുകയും കെട്ടിയിട്ടു വളർത്തുന്ന നായ്ക്കൾക്ക് നിർബന്ധകുത്തിവെയ്പും ലൈൻസെൻസും ഏർപ്പെടുത്തണം.

12.ആശുപത്രിയിലെ ഭക്ഷണം കാര്യക്ഷമമാക്കുകയും സമയാ സമയങ്ങളിൽ മാത്രം വിതരണം ചെയ്യുകയും വേണം.

13. ദിവസം മുഴുവനും ഡോക്ടർമാരുടെ സേവനം ലഭിക്കാൻ കോർട്ടേഴ്സ് പണിയുക.

14. 5,6,7,12,13 വാർഡുകൾക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പറയന്റെ വെളിയിലുള്ള സബ്സെന്റർ കിടക്കകളുള്ള ആശുപത്രിയാക്കുക.

15. പഞ്ചായത്തിൽ ഒരു ഫുഡ് ഇൻസ്പെക്ടറെ നിയമിക്കുകയും ഭഷ്യവസ്തുക്കളിലെ മായം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

16. 9, 10 വാർഡുകളെ ബന്ധിപ്പിച്ച് അവിടെ നിലവിൽ ഉള്ള പൊട്ടിപൊളിഞ്ഞ സബ്സെന്റർ പുതുക്കി പണിത് ഒരു സ്ഥിര ഡോക്ടറെ നിയമിച്ചാൽ ആ ഭാഗത്തെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്താം.

17. എല്ലാവാർഡിൽ നിന്നും ഒറ്റപ്പെട്ടു നിൽക്കുന്ന XI-ാം വാർഡിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കണം. ആഴ്ചയിലൊരിക്കൽ ഡോക്ടറുടെ സേവനവും ഏർപ്പെടുത്തണം.

18. I, II വാർഡുകൾക്കു പ്രയോജനം ചെയ്യത്തക്കവിധത്തിലും 7,8 വാർഡുകൾക്കു പ്രയോജനം ചെയ്യുന്ന വിധകത്തിലും ഓരോ ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുകയും ആഴ്ചയിലൊരിക്കൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും വേണം.

# വ്യവസായം

മൊത്തം തൊഴിൽ മേഖല പരിശോധിച്ചാൽ വ്യാവസായികമായി കോട്ടുവള്ളി പഞ്ചായത്തിന്റെ അവസ്ഥ വളരെ മോശമാണ്. അഭ്യസ്ത വിദ്യരും തൊഴിൽ ഇല്ലാത്തവരുമായി ധാരാളം ജനങ്ങൾ ഈ പഞ്ചായത്തിന്റെ ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്നു.

ചെറിയൊരു ശതമാനത്തോളം വരുന്നവർ മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നുള്ളു. കുറച്ചു പേർ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടുന്നവരാണ്. ഈ തൊഴിലുകൾ പോലും ഇന്ന് നിർജ്ജീവമായിക്കൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ പണിയെടുക്കാൻ തൊഴിലാളികൾ ഇല്ലാത്ത ഒരു അവസ്ഥ വന്നുകൊണ്ടിരിക്കുന്നു. അസംസ്കൃത വസ്തുക്കളുടെ അപര്യാപ്തത, വൈദ്യുതി ക്ഷാമം, വേതനത്തിലുള്ള കുറവ് ഇതെല്ലാമാണ് ഇതിനു കാരണം. പഞ്ചായത്തിന് വിവിധ സ്ഥലങ്ങളിലായി നെയ്തുശാല, കൊപ്ര സംസ്കരണ ശാല, ആണിക്കമ്പിനി തുടങ്ങിയ വ്യവസായ സംരഭങ്ങൾ ഉണ്ടായിരുന്നു. എന്നാൽ പല കാരണങ്ങളാൽ ഇവയുടെയെല്ലാം പ്രവർത്തനം നിലച്ചുപോയി. പഞ്ചായത്തിൽ സമീപകാലം വരെ ചകിരിപിരിച്ച് കയറാക്കിമാറ്റിയാണ് വിപണനം ചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ ചകിരി നേരിട്ട് കയറ്റി അയക്കുന്ന രീതിയാണ്. വള്ളുവള്ളിയിൽ പ്രവർത്തിച്ചിരുന്ന വെളിച്ചെണ്ണമില്ലുമായി ബന്ധപ്പെട്ടാണ് മില്ലുപടി എന്ന സ്ഥലം അറിയപ്പെടുന്നത്. എന്നാൽ സമീപ കാലത്ത് ഈ മില്ല് പ്രവർത്തന രഹിതമായി. ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഈ പ്രശ്നങ്ങൾക്കു വേണ്ട നടപടി സ്വീകരിക്കുകയും വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ ഒരു പരിധി വരെ വ്യവസായ വികസനം സാധ്യമാകുന്നതാണ്.

ചെറുകിട കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യണം. രൂക്ഷമായി കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മക്ക് സത്വര പരിഹാരം കാണുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം. വനിതാ വ്യവസായ സംഘങ്ങൾ ആരംഭിച്ച് അതിൻ കീഴിൽ വനിതകൾക്കായി ചെറുകിട വ്യവസായങ്ങൾക്കാവശ്യമായ വസ്തുക്കൾ സംഘങ്ങൾ വഴി എത്തിച്ചുകൊടുക്കുകയും, ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംഘങ്ങൾ വഴി മാർക്കറ്റ് കണ്ടെത്തുകയും ചെയ്യണം.

തൊഴിലില്ലായ്മയാണ് ഏറ്റവും രൂക്ഷമായ പ്രശ്നം. ചെറുകിട, കുടിൽ പരമ്പരാഗത, വനിതാ എന്നീ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിനു വേണ്ട വൈദ്യുതി ക്ഷാമം,സ്ഥലസൗകര്യം വായ്പകൾക്കുള്ള കാലതാമസം, ഗതാഗത സൗകര്യങ്ങൾ, അസംസ്കൃത വസ്തുക്കളുടെ അപര്യാപ്തത, ചെയ്യുന്ന ജോലിക്കുള്ള വേതനം കിട്ടാത്ത അവസ്ഥ, വ്യവസായങ്ങൾക്കു വേണ്ട സാങ്കേതികമായ അറിവില്ലായ്മ, എന്നീ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും വ്യവസായ സംരഭകരെ കണ്ടെത്തി അവർക്കുവേണ്ട പരിശീലനം നൽകി വ്യവസായ വികസനം സാധ്യമാക്കാൻ വേണ്ട സത്വര നടപടി സ്വീകരിക്കുക. വ്യവസായങ്ങൾ ആരംഭിക്കാൻ വേണ്ട SSI രജിസ്ട്രേഷന്റെ വ്യവസ്ഥ കുറെ കൂടി ലളിതമാക്കുക. വ്യവസായ രംഗത്തെ വിദഗ്ധരെ കൊണ്ട് ജനങ്ങളിൽ വ്യവസായ ബോധവൽക്കരണം നടത്തുകയും ആവശ്യമായ പരിശീലനവും സാങ്കേതിക ഉപദേശങ്ങളും ഉദാരമായ വായ്പകളും മെറ്റീരിയൽസും വേണ്ടത്ര ലഭ്യമാക്കുക. ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാരിക്കുകയും കൂടാതെ പൊതു മാർക്കറ്റ് സ്ഥാപിക്കുകയും വേണം. കയർ വ്യവസായ സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം. ചകിരിച്ചോറ് ഉപയോഗിച്ച് ജൈവവളയൂണിറ്റിന് നല്ല സാധ്യതയുണ്ട്. പരമ്പാരാഗതനമായി ഉണ്ടായിരുന്ന വ്യവസായങ്ങളാണ് ചകിരി കയർ വ്യവസായങ്ങൾ, കള്ളു ചെത്ത്, കൈത്തറി എന്നിവ. ഇന്ന് ഈ വ്യവസായങ്ങൾ നാമാവശേഷമായ അവസ്ഥയിലാണ്. എഴ് മടലടി മില്ലുകൾ ഇവിടെയുണ്ട്. ഇവിടെ ഉണ്ടാക്കുന്ന ചകിരി പൂർണ്ണമായും മറ്റു സ്ഥലങ്ങളിലേക്ക് കയറ്റി പോകുകയാണ്. ഒരു കയർ വ്യവസായ സഹകരണ സംഘം 12-ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലുംപ്രവർത്തനം കാര്യക്ഷമമല്ല. ഈ സംഘത്തിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ഗവൺമെന്റിൽ നിന്നും 68210 രൂപ ലോൺ അനുവദിച്ചിട്ടുണ്ട്. 47 1/2 സെന്റ് ഭൂമി വാങ്ങി ജില്ലാ ബാങ്കിന്റെ സഹായത്തോടെ ഷെഡ്ഡു പണി നടന്നുകൊണ്ടിരിക്കുകയാണ്. ഈ സംഘത്തിലെ 5 അംഗങ്ങൾക്ക് യന്ത്ര റാട്ട് നൽകിയിട്ടുണ്ട്. ആകെ 7000/ രൂപയിൽ 3500/ രൂപ ഗ്രാന്റാണ്. പട്ടികജാതിയിൽ പെട്ട മൂന്ന്

അംഗങ്ങൾക്ക് വീടും വർക്ക് ഷെഡ്ഡും പണിയുന്നതിന് 41,000/രൂപ വീതം നല്കിയിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പിന്റെ അനുവാദത്തിനായി ഒരു അപേക്ഷകൂടി കൊടുത്തിട്ടുണ്ട്. മൊത്തം ഉത്പാദിപ്പിക്കുന്ന ചകിരിയുടെ ഒരു ശതമാനം കയർ സഹകരണ സംഘത്തിന് കൊടുക്കണം എന്നു നിയമമുണ്ടെങ്കിലും അത് ലഭിക്കാറില്ല. ചകിരി, കയർ വ്യവസായങ്ങൾ ഉദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ആ രംഗത്തെ കൂലി വർദ്ധിപ്പിക്കുകയും ചെയ്താൽ വ്യവസായം സംരക്ഷിക്കാൻ സാധിക്കും.

പരമ്പാരാഗത വ്യവസായങ്ങളിൽ പ്രധാനപ്പെട്ട മറ്റൊരു വ്യവസായമാണ് കള്ളുചെത്ത്. നൂറുകണക്കിനു തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുത്തിരുന്നു. ഈ പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിക്കും തൊഴിലാളി സംഘടനകളുടെ വളർച്ചക്കും ഈ വ്യവസായം വളരെയേറെ സംഭാവനകൾ നല്കിയിട്ടുണ്ട്. ഇന്ന് ഈ വ്യവസായം തകർച്ചയിലാണ്. തെങ്ങിനു വന്നിരിക്കുന്ന പലതരത്തിലുള്ള കേടുകളാണ് ഇതിനു കാരണം. തന്മൂലം ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം ആളുകളും മറ്റു പ്രദേശങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന അവസ്ഥയുണ്ടായി, തന്മൂലം സാമ്പത്തിക നഷ്ടവും. മറ്റൊരു വ്യവസായം കൈത്തറിയായിരുന്നു. കൂലിക്കുറവും നൂലിന്റെ വില വർദ്ധനയും കാരണം ഈ വ്യവസായവും തകർച്ചയിലാണ്. നൂലിന്റെ വിലക്കുറച്ച് കൂലി വർദ്ധിപ്പിച്ചാൽ ഈ മേഖലയും അഭിവൃദ്ധിപ്പെടുത്താം.

ഇന്ന് അഭിവൃദ്ധിയിലിരിക്കുന്ന ഒരു വ്യവസായമാണ് സിമന്റ് കൊണ്ട് കെട്ടിട നിർമ്മാണ സാമിഗ്രികൾ നിർമ്മിക്കൽ. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഇത്തരം ഒട്ടനവധി യൂണിറ്റുകൾ ലാഭകരമായി നടക്കുന്നുണ്ട്.

മറ്റ് വ്യവസായങ്ങളാണ് പിക്കിൾസ്, ചിപ്പ്സ്, ഹൽവ വ്യവസായങ്ങൾ. ഈ പഞ്ചായത്തിൽ പല സ്ഥലങ്ങളിലും ഇത് നടക്കുന്നുണ്ട് ഏതാനും ചില വർഷങ്ങളായി നമ്മുടെ നാട്ടിൽ പാക്കറ്റ് സംസ്ക്കാരം വളർന്നതാണ് ഈത്തരം യൂണിറ്റുകൾ വളർന്നുവരാൻ കാരണം.

എഞ്ചിനിയറിംങ് വ്യവസായമാണ് മറ്റൊന്ന്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നിരവധി പേർക്ക് തൊഴിൽ എടുക്കാൻ സാധിക്കുന്നുണ്ട്. ഇതിനൊരപവാദമായി നിലകൊള്ളുന്നത് സഹകരണമേഖലയിൽ ചെറിയപ്പിള്ളിയിൽ സ്ഥാപിച്ച 'ആട്ടോ ടെക്ക് ' എന്ന എഞ്ചിനിയറിംഗ് സ്ഥാപനം ആണ്. ആ സ്ഥാപനത്തിന്റെ കെട്ടിടവും സർവ്വീസ് സ്റ്റേഷനും ഇന്ന് ഒരു സ്വകാര്യ വ്യക്തിക്ക് വാടകയ്ക്കു നൽകിയിരിക്കുകയാണ്. ലക്ഷങ്ങൾ വില വരുന്ന യന്ത്രോപകരണങ്ങൾ ഇന്ന് തുരുമ്പെടുത്തു നശിച്ചുകൊണ്ടിരിക്കുന്നതിനാൽ സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നു.

കാലി വളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിന് ഗുണമേന്മയുള്ള സങ്കരയിനം പശുക്കളെ വളർത്തുന്ന മാതൃകാ ഡയറി യൂണിറ്റ് പദ്ധതി നടപ്പിലാക്കണം. ഒരു യൂണിറ്റിന് 7000 രൂപ ധനസഹായം ലഭിക്കും. രണ്ട് സങ്കരയിനം പശുക്കളെയെങ്കിലും വളർത്തണം. അതോടൊപ്പം പാൽ ഉൽപ്പാദന സഹകരണ സംഘങ്ങൾ സ്ഥാപിക്കണം. ഇവിടെ ഉൽപാദിപ്പിക്കന്ന പാൽ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി വനിതകളെ ഉൾപ്പെടുത്തി വ്യവസായ യൂണിറ്റ് സ്ഥാപിക്കാം.

രണ്ട് കക്ക സംസ്കരണ യൂണിറ്റുകൾ ഇവടെ പ്രവർത്തിക്കുന്നുണ്ട്. ഇത് പരിസരമലിനീകരണം സൃഷ്ടിക്കുന്നുണ്ടെങ്കിലും ഇരുപത്തഞ്ചോളം ആളുകൾ ഇതു മൂലം തൊഴിൽ ലഭിക്കുന്നുണ്ട്. ഈ വ്യവസായ സ്ഥാപനങ്ങൾ ആധുനകവൽക്കരിച്ച് പരിസരമലിനീകരണം ഒഴിവാക്കാൻ സാധിക്കും. കൂടുതൽ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുകയാണെങ്കിൽ കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുകയും സാമ്പത്തിക ലാഭം ഉണ്ടാവുകയും ചെയ്യും.

9, 10 വാർഡുകളിൽ പുരാതനമായി ഉണ്ടായിരുന്ന കളിമൺ പാത്ര നിർമ്മാണം മണ്ണിന്റെ ദൗർല്ലഭ്യം മൂലം ഇന്ന് തകർച്ചയുടെ വക്കിലാണ്. കൂടാതെ ലോഹപ്പാത്രങ്ങളുടെ കടന്നുകയറ്റവും കാരണമായിട്ടുണ്ട്. കളിമണ്ണ് കൊണ്ട് ചെടിച്ചട്ടി, ഫ്ളോറിങ്ങ് ടൈൽസ് നിർമ്മാണത്തിനായി ചെറുകിട വ്യവസായ യുണിറ്റുകൾ സ്ഥാപിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കും ആവശ്യമായ മണ്ണു ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാകണം.

വള്ളുവള്ളി കൂനമ്മാവ് മേഖലകളിൽ ഏറ്റുവും കൂടുതലായി നടക്കുന്ന ഒരു വ്യവസാ

യമാണ് കൊന്ത, കാശുരൂപം, മെഡൽ എന്നിവ. ഇതാ കേരളത്തിനു പുറത്ത് പല സംസ്ഥാന ങ്ങളിലേക്കും കയറ്റി അയയ്ക്കപ്പെടുന്നുണ്ട്. ധാരാളം യുവതീയുവാക്കൾക്ക് തൊഴിൽ ലഭി ക്കുന്ന ഒരു മേഖലയാണ് ഇത്. സർക്കാർ ഭാഗ ത്തുനിന്നും പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുകയാണെങ്കിൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും. കഴിഞ്ഞ സോൾ ഒളിമ്പിക്സിൽ ഐസ്ക്രീം വിതരണം ചെയ്യുന്നതിനുള്ള ചിരട്ടകൊണ്ടു നിർമ്മിതമായ പാത്രം ഏകദേശം ഒരു ലക്ഷം കയറ്റിയയച്ചത് കൂനമ്മാവിൽ നിന്നാണ്. ചിരട്ട കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മി ക്കുന്ന യൂണിറ്റുകൾ ഉണ്ടാക്കിയാൽ കൂടുതൽ പേർക്ക് തൊഴിൽ സാദ്ധ്യതകൾ വർദ്ധിക്കു കയും കുടുതൽ വരുമാനം ഉണ്ടാവുകയും ചെയ്യും. നിരവധി ചെറുകിട വ്യവസായ യൂണി റ്റുകൾ ഈ പഞ്ചായത്തിൽ നിലവിലുണ്ടെ ങ്കിലും പലതും കാര്യമാത്ര പ്രസക്തമായ രീതി യിൽ പ്രവർത്തിക്കുന്നില്ല. സാമ്പത്തിക ബുദ്ധി മുട്ടും വിപണി കണ്ടെത്തുന്നതിനുള്ള പ്രയാസ വുമാണ് ചെറുകിട വ്യവസായ യൂണിറ്റുകളുടെ മുരടിപ്പിന് കാരണം. സാങ്കേതിക പരിജ്ഞാ നവും സാമ്പത്തിക സഹായവും ലഭ്യമാകുക യാണെങ്കിൽ ഈ വ്യവസായികളെ പുരോഗതി യിലേക്കു കൊണ്ടുവരുവാൻ ഒരു പരിധിവരെ സാധിക്കും.

തടിവ്യവസായം വളരെ കൂടുതലായി നട ക്കുന്നുണ്ട്. അത് ഏതാനും വ്യക്തികളിൽ മാത്ര മായി ഒതുങ്ങിനിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് മൂന്ന് ഈർച്ചമില്ലുകളും പ്രവർത്തി ക്കുന്നുണ്ട്. ഒട്ടനവധി ചെറുകിട ഫർണീച്ചർ യൂണിറ്റുകളും തടിവ്യവസായവുമായി ബന്ധ പ്പെട്ട് പ്രവർത്തിക്കുന്നുണ്ട്.

സാങ്കേതിക പരിജ്ഞാനം ലഭിച്ച നിര വധി ആളുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. അവർക്ക് തൊഴൽ ലഭിക്കുന്നതിനുള്ള സാധ്യ തകൽ വളരെ കുറവാണ്.

## പ്രശ്നങ്ങൾ

1. പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെ ട്ടിരിക്കുന്ന തൊഴിലാളികൾക്ക് അർഹമായ കൂലി ലഭിക്കുന്നില്ല.

2. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അർഹമായ സാമ്പത്തിക സഹായവും സബ്സി ഡിയും ലഭിക്കുന്നില്ല.

3. തൊഴിൽ ദിനങ്ങളുടെ എണ്ണം കുറവ്. പ്രത്യേകിച്ച് കയർ കേഖലയിൽ.

4. തൊണ്ട് അഴുക്കുന്നതിന് കാലതാമസം.

5. വൈദ്യുതി ലഭിക്കാൻ കാലതാമസം നേരിടുന്നു.

6. പഞ്ചായത്ത്, വ്യവസായവകുപ്പ് എന്നിവ ഒഴികെ മറ്റു സ്ഥാപനങ്ങളിൽ നിന്നും ലൈസൻസിനു കാലതാമസം നേരിടുന്നു.

7. സബ്സിഡികൾ യഥാസമയം ലഭിക്കു ന്നില്ല.

8. സാങ്കേതിക പരിജ്ഞാനവും വിദ്ഗ്ധ തൊഴിലാളികളും കുറവ്.

9. മലിനീകരണ പ്രശ്നം പരിഹരിക്കുന്ന തിന് ചിലവുകുറഞ്ഞ സാങ്കേതിക വിദ്യ ലഭി ക്കുന്നില്ല.

10. അസംസ്കൃത പദാർത്ഥങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.

11. വനിതകൾക്ക് തൊഴിലവസരങ്ങൾ പൊതുവെ കുറവാണ്.

12. സാങ്കേതിക വിദ്യ ലഭിച്ചവർക്ക് തൊഴിൽ ലഭിക്കാൻ സൗകര്യമില്ല.

## സാദ്ധ്യതകൾ

1. വ്യവസായ സംരഭകരുടെ സൗക ര്യാർത്ഥം വ്യവസായ എസ്റ്റേററ് സ്ഥാപിക്കു കയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടു ത്തുകയും വേണം.

2. പരമ്പരാഗത വ്യവസായങ്ങൾ നവീക രിക്കുന്നതിനുള്ള പരിപാടികൾ തയ്യാറാക്കണം.

3. സംരഭകർക്ക് കാലാകാലങ്ങളിൽ പരി ശീലനം ഏർപ്പെടുത്തുക.

4. സഹകരണ മേഖലയിൽ പുതിയ വ്യവ സായ സംരംഭങ്ങൾ ഏർപ്പെടുത്തുക.

5.ലഭ്യമായ അസംസ്കൃത വസ്തുക്ക ളുടെ അടിസ്ഥാനത്തിൽ വ്യവസായ വികസന ത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

6. ഗൾഫ് കുടിയേറ്റക്കാരെ വ്യവസായ രംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുക.

7. വൈദ്യുതി ലഭിക്കാനുള്ള കാലതാ മസം ഒഴിവാക്കുക.

8. വനിതാ വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക.

9. മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിന് ചിലവുകുറഞ്ഞ സാങ്കേതിക വിദ്യ ലഭ്യമാക്കുക.

10. അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക.

11. ചകിരിയായി കയറ്റി അയയ്ക്കുന്ന അസംസ്കൃത വസ്തു ഉപയോഗിച്ച് കയറും, കയറുൽപ്പന്നങ്ങളും നിർമ്മിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ചാൽ കുടുതൽ തൊഴിലവസരങ്ങൾ ഉണ്ടാവുകയും സാമ്പത്തിക നേട്ടം ഉണ്ടാവുകയും ചെയ്യും.

12. സിമന്റ് കൊണ്ട് നിർമ്മിക്കുന്ന കെട്ടിട നിർമ്മാണ വസ്തുക്കളുടെ വിലകൾ ഏകീകരിക്കുകയും യൂണിറ്റുകൾ സഹകരണസംഘമാക്കുകയും ചെയ്യും.

13. കയർ ബോർഡുമായി സഹകരിച്ച് ചകിരിയും രാസവസ്തുക്കളും ഉപയോഗിച്ച് ഉണ്ടാക്കുന്ന 'പോളി ഫൈബർ' നിർമ്മിക്കുന്ന യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്.

## ഊർജ്ജം.

പഞ്ചായത്തിൽ ഊർജ്ജാവശ്യത്തിനായി വൈദ്യുതിയും വൈദ്യുതേതര ഉർജ്ജ സ്രോതസ്സുകളായ വിറക്, മണ്ണെണ്ണപാചകവാതകം എന്നിവയുമാണ് ഉപയോഗിക്കുന്നത്. ലഭ്യമായ കണക്കുകൾ പ്രകാരം 10 റേഷൻ കടകളിലായി 1017 മണ്ണെണ്ണ പെർമ്മിറ്റുകൾ ഉണ്ട്. ഈ പെർമ്മിറ്റുകൾ വഴി 10965 ലിറ്ററും റേഷൻ കാർഡുകൾ വഴി 213428 ലിറ്ററും മണ്ണെണ്ണ മുൻ വർഷത്തിൽ പ്രതിമാസം വിതരണം ചെയ്യപ്പെട്ടതായി രേഖകളിൽ കാണുന്നു. ഭൂരിഭാഗം വീടുകളും (75.88%) വൈദ്യുതീകരിച്ചതാണ്. 24.22% വീടുകൾ ഇനിയും വൈദ്യുതീകരക്കേണ്ടിയിരിക്കുന്നു. KSEB പറവൂർ മേജർ സെക്ഷന്റെ കീഴിൽ പഞ്ചായത്തിൽ 316 വ്യാപാര വൈദ്യുത കണക്ഷനുകളും 246 കാർഷിക കണക്ഷനുകളും 9 ട്രാൻസ്ഫോർമറുകളും ഉണ്ട്. 3 ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തിക്കുന്നു.

പാചകാവശ്യത്തിനായി കൂടുതലും കുടുംബങ്ങൾ തെങ്ങിൽ നിന്നും കിട്ടുന്ന വിഭവങ്ങളായ ഓല, മടൽ, കൊതുമ്പ് എന്നിവയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. തെങ്ങ് രോഗങ്ങളും; കൈവശാകാശ ഭൂമിയുടെ അളവിൽ കാലാനുസൃതമായി വന്നിട്ടുള്ള കുറവും ഈ സ്രോതസിന്റെ ലഭ്യത കുറച്ചിട്ടുണ്ട്. എണ്ണത്തിൽ കുറവാണെങ്കിലും ചില വീടുകളിൽ ചകിരിപോളയും, ഈർച്ചമില്ലുകളിൽ നിന്നും കിട്ടുന്ന അറക്കപ്പൊടിയും ഉപയോഗിക്കുന്നു. വില കൊടുത്ത് വിറക് വാങ്ങി ഉപയോഗിക്കുന്നവരുടെ എണ്ണവും കൂടുതലാണ്.

അംഗീകൃത പാചക വാതക കണക്ഷനുകൾ ഇല്ലെങ്കിലും ഉയർന്നതും ഇടത്തരവും ആയ വീടുകളിൽ പാചക വാതകം ഇന്ധനമായി ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ദക്ഷത കൂടിയ അടുപ്പുകൾ വീടുകളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഭൂരിപക്ഷം വീടുകളലും ഇപ്പോഴും ദക്ഷത കുറഞ്ഞതും, ഇന്ധന ദുരുപയോഗം കൂടുതലുള്ളതും; വീട്ടമ്മമാരുടെ ആരോഗ്യത്തിന് ഭീഷണി ഉയർത്തുന്നതുമായ സാധാരണ അടുപ്പുകളാണ് ഉപയോഗിക്കുന്നത്.

പ്രഖ്യാപിത പവർക്കട്ടു കൂടാതെ മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന അപ്രഖ്യാപിത പവർക്കട്ട് വ്യാപകമാണ്. പവ്വർക്കട്ട് വ്യാപകമായി തുടരുന്ന ഈ കാലഘട്ടത്തിലും അപൂർവ്വം ചില വീടുകളിൽ പാചകാവശ്യത്തിനായിപ്പോലും വൈദ്യുതി ഉപയോഗിക്കപ്പെടുന്നുണ്ട്. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 33 ട്യൂബ് ലൈറ്റുകളും 747 ബൾബുകളും വഴിവിളക്കായി സ്ഥാപിച്ചിട്ടുണ്ട്. പ്രതിവർഷം ഇതിന് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 1328[illegible] രൂപ (പഞ്ചായത്തിന്റെ വരുമാനത്തിന്റെ 13.95%) ചിലവഴിക്കപ്പെടുന്നുണ്ടെങ്കിലും ഭൂരിഭാഗം പ്രദേശങ്ങളിലും ഈ വഴിവിളക്കുകൾ കത്തുന്നില്ല എന്ന പരാതിയും എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നിട്ടുണ്ട്.

KSEB പറവൂർ മേജർ സെക്ഷന്റെ കീഴിൽ കോട്ടുവള്ളി പഞ്ചായത്തിൽ 54 വ്യാവസായിക കണക്ഷനുകൾ നിലവിലുണ്ട്. ഇവയെല്ലാം ചെറുകിട വ്യാവസായ യൂണിറ്റുകളാണ്. അനുവദനീയ സമയ പരിധി കഴിഞ്ഞ് ഇവയിൽ പലതും പ്രവർത്തിക്കുന്നത് ഈ പ്രദേശത്ത് ഇന്നനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമത്തിന് ഒരു കാരണമാണ്. സ്ഥാപിച്ചിരിക്കുന്ന ട്രൻസ്ഫോർമ്മറുകളുടെ കപ്പാസിറ്റിയേക്കാൾ

കൂടുതൽ വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുള്ളത് വോൾട്ടേജ് ക്ഷാമത്തിന്റെ പ്രധാന കാരണമാണ്. വൈകുന്നേരങ്ങളിൽ മതിയായ വോൾട്ടേജ് ലഭ്യമല്ലാത്തതിനാൽ കുട്ടികളുടെ പഠനത്തിനും മറ്റ് കാര്യങ്ങൾക്കും ബുദ്ധിമുട്ടനുഭവപ്പെടുന്നു. മണ്ണെണ്ണ വിളക്കുകളും മെഴുകുതിരി വിളക്കുകളും ഇതിനാൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു.

ദക്ഷത കൂടിയ അടുപ്പുകളുടെ ഉപയോഗം മൂലം പാചകാവശ്യത്തിനുള്ള വിറകിന്റെ അളവ് വളരെ കുറയ്ക്കാൻ കഴിയും. കൂടാതെ വീട്ടമ്മമാരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും ഇത് മൂലം കഴിയും. പക്ഷേ, ഇത്തരം അടുപ്പുകൾ ചെലവ് ഏറിയതാണെന്നാണ് പൊതുധാരണ. ഇതന്റെ പ്രധാന കാരണം പുകയില്ലാത്തതും ചെലവേറിയതും ദക്ഷത കുറഞ്ഞതുമായ അടുപ്പുകളുടെ ചില ബ്രാന്റുകൾ നമ്മുടെ പരിസരത്ത് ലഭ്യമാണ് എന്നുള്ളതായിരിക്കാം. എന്നാൽ ചെലവ് കുറഞ്ഞതും ദക്ഷത കൂടിയതുമായ അടുപ്പുകൾ ഇവിടെ ധാരാളം ലഭ്യമാണ്. ഗുണമേന്മയെക്കുറിച്ചുള്ള അറിവില്ലായ്മയും; വിലക്കുറവ് ഗുണക്കുറവാണെന്ന തെറ്റിദ്ധാരണയും പ്രചാരണവും ഇതിന്റെ ഉപയോഗം വ്യാപിക്കാതിരിക്കുന്നതിന് കാരണമാകുന്നു. പരിശീലനം നേടിയ അടുപ്പ് ഫിറ്റർമ്മാരുടെ കുറവും മറ്റൊരു കാരണമാണ്. വ്യാപകമായ ബോധവൽക്കരണവും ആവശ്യത്തിന് അടുപ്പ് ഫിറ്റർമ്മാരും ഉണ്ടങ്കിൽ ഇതിന് പരിഹാരമാകും. പഞ്ചായത്ത് തലത്തിൽ 50 പേർക്കെങ്കിലും പരിശീലനം നൽകിയാൽ തൊഴിൽ രഹിതരായ കുറെപ്പേർക്ക് ഒരു വരുമാന മാർഗ്ഗവും ആകും. കളിമൺ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പരമ്പരാഗത തൊഴിലാളികളെ അടുപ്പിന്റെ 'മോൾഡ' നിർമ്മാണത്തിന്റെ സാങ്കേതിക വശം അഭ്യസിപ്പിച്ചാൽ അവർ ഇന്നനുഭവിക്കുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാവുന്നതാണ്.

പ്രഷർ കുക്കറുകളുടെ ഉപയോഗം വ്യാപകമാക്കുന്നതിലൂടെയും ഇന്ധന ഉപഭോഗം കാര്യമായി കുറയ്ക്കാൻ കഴിയും. ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗവുകൾ വ്യാപകമാക്കുന്നതും, പാചകാവശ്യത്തിനുള്ള മണ്ണെണ്ണയുടെ ഉപയോഗം കുറയ്ക്കാൻ കഴിയും. സബ്സീഡി നിരക്കിൽ അനർട്ടിൽ നിന്നും ഇവ ലഭ്യമാണെന്നുള്ള കാര്യം പലർക്കും അറിയില്ല.

പണ്ടുകാലത്ത് ഉപയോഗിച്ചിരുന്ന കച്ചിപ്പെട്ടിയുടെ ഉപയോഗവും, ഇന്ധന ഉപയോഗം കുറയ്ക്കും. നാട്ടിൽ ലഭ്യമായ സാധാരണ വസ്തുക്കൾ കൊണ്ട് ഇത് സജ്ജമാക്കാനും കഴിയുന്നതാണ്. നല്ല വെയിൽ കിട്ടുന്ന ദിവസങ്ങളിൽ ഇന്ധന ചിലവില്ലാതെ സൂര്യ താപം ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യാൻ സഹായിക്കുന്ന സോളർ കുക്കറുകൾ പകുതിയോളം തുക സബ്സീഡിയിൽ ഇന്ന് ലഭ്യമാണ്.

പുറമ്പോക്കിലും വഴിയോരങ്ങളിലും, വേലിയരുകുകളിലും സാദ്ധ്യമായ മറ്റു സ്ഥലങ്ങളിലുമുള്ള വൃക്ഷവൽക്കരണവും വിറകു ക്ഷാമത്തിന് പരിഹാരമാണ്. വീടുകളിലെ ജൈവ ഖരമാലിന്യങ്ങൽ ഇറച്ചി / മീൻ ചന്ത, പച്ചക്കറിച്ചന്ത എന്നിവിടങ്ങളിലെ അവശിഷ്ടങ്ങൾ കന്നുകാലി ചാണകം എന്നിവ ഉപയോഗിച്ച് സാദ്ധ്യമായ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങാവുന്നതാണ്. കൃഷിഭവൻ, ഖാദിബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് സബ്സീഡി ലഭിക്കുന്നതാണ്.

അംഗീകൃത പാചക വാതക കണക്ഷനുകൾ പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ പാചക വാതക കണക്ഷൻ ഈ പഞ്ചായത്തിലും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുറഞ്ഞ ഊർജ്ജം ഉപയോഗിച്ച് കൂടുതൽ പ്രകാശം ലഭിക്കുന്നതിന് CFI വിളക്കുകൾ, ഇലക്ട്രോണിക് ചോക്കുകൾ എന്നിവ ഉപയോഗിക്കാവുന്നതാണ്. സബ്സീഡി നിരക്കിൽ കിട്ടുന്ന ഇവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നത് ഗാർഹീക വൈദ്യുത ഉപഭോഗത്തിന്റെ അളവ് കുറയ്ക്കാൻ കഴിയും. നിലവിലുള്ള സ്ലാബ് സമ്പ്രദായം അവസാനിപ്പിക്കുകയും സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും നടപ്പിലാക്കിയിട്ടുള്ള സെൽഫ് മീറ്റർ റീഡിംങ്, സ്പോട്ട് ബില്ലിംങ് സമ്പ്രദായങ്ങൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കണം.

നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾക്ക് പകരം ഫ്ളൂറസെന്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സ്പോൺസർമാരെ കണ്ടെത്താനാവുമോ എന്ന കാര്യം ആലോചിക്കേണ്ടതാണ്. അത് വഴി ലഭിക്കുന്ന ഊർജ്ജത്തിന്റെ അളവിന് ആനുപാതികമായി വൈദ്യുത ചാർജ്ജിൽ പഞ്ചായത്തിന് ഇളവുകൾ അനുവദിക്കുന്നതിന് സംസ്ഥാന വൈദ്യുത ബോർഡിനെ പ്രേരിപ്പിക്കാനും കഴിയണം. കൂടാതെ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ ശരിയായി പ്രവർത്തിക്കു

ന്നുണ്ടോ എന്ന് ഉറപ്പാക്കുകയും വേണം. ഇനിയും സ്ട്രിറ്റ് ലൈറ്റുകൾ ഇല്ലാത്ത സ്ഥല ങ്ങളിൽ ലൈനുകൾ വലിച്ചാൽ സ്പോൺസർ ഷിപ്പ് വഴി വൈദ്യുത വിളക്കുകൾ സ്ഥാപി ക്കാൻ കഴിയുമോ എന്ന കാര്യവും ആലോചി ക്കണം.

വൈദ്യുത കണക്ഷനുകൾ കൂടുന്നതനു സരിച്ച്, ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്. ഉയർന്ന തോതിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോ ക്താക്കൾക്ക ഉയർന്ന നിരക്ക് ഏർപ്പെടുത്തു ന്നത് വൈദ്യുതിയുടെ ദുരുപയോഗം കുറ യ്ക്കാൻ സഹായിച്ചേക്കാം. വീടുകളിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾ ശരിയായി പ്രവർത്തി ക്കുന്നുണ്ടോ എന്നും ഉറപ്പാക്കണം.

## ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിലെ കിഴക്കൻ മേഖല യിൽ വൈദ്യുതി എത്തിയിട്ടില്ല.

2. വോൾട്ടേജ് കുറവ്, സ്ട്രീറ്റ് ലൈറ്റ് കത്തുന്നില്ല. ഇവയ്ക്കുപരിഹാരം കാണണം. വിവിധ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

3. പഞ്ചായത്തിൽ വൈദ്യുതി എത്താത്ത മേഖലകളിൽ വൈദ്യുതി എത്തിക്കാനുള്ള നട പടികൾ സ്വീകരിക്കുക.

4. കുനമ്മാവ് പ്രദേശത്ത് ഒരു ബയോ ഗ്യാസ് പ്ലാന്റ് പഞ്ചായത്ത് ചെലവിൽ സ്ഥാപിച്ച് ചുരുങ്ങിയ നിരക്കിൽ പാചക വാതകം വീടു കളിൽ എത്തിക്കുക.

5. പ്രധാനപ്പെട്ട കവലകളിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കുക.

6. വൈദ്യുതി കട്ടിന് പരിഹാരം കാണുക.

7. വൈദ്യുതീകരിക്കാത്ത പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ എല്ലാം വൈദ്യുതീക രിക്കണം. ഇതിന് സത്വര നടപടികൾ ഉടനെ എടുക്കണം.

8. വീടുകളിൽ വൈദ്യുതി കണക്ഷൻ കിട്ടാൻ നേരിടുന്ന കാലതാമസം ഒഴിവാക്കുക.

9. സോഡിയം വേപ്പർ ലാമ്പുകൾ കവല കളിൽ സ്ഥാപിക്കുക.

10. സ്ട്രീറ്റ് ലൈറ്റുകൾക്ക് ഉപയോഗി ക്കുന്ന ബൾബുകൾക്ക് പകരം ഫ്ളൂറസെന്റ് ലാമ്പുകൾ ഉപയോഗിക്കുക.

11. ദാരിദ്ര രേഖക്കു താഴെയുള്ളവർക്ക് പുകയില്ലാത്ത അടുപ്പുകൾ സൗജന്യമായി നൽകുക.

12. വിറകിനായി വൃക്ഷങ്ങൾ വച്ചുപിടി പ്പിക്കുന്നത് പഞ്ചായത്ത് പ്രോത്സാഹിപ്പിക്കുക.

13. കോട്ടുവള്ളി പഞ്ചായത്തിൽ പൊതു വിതരണ പാചക വാതക ഏജൻസി ആരംഭി ക്കണം.

14. പാചകാവശ്യത്തിന് കൂടുതൽ മണ്ണെണ്ണ റേഷൻ കടകളിലൂടെ അനുവദി ക്കണം. പെർമ്മിറ്റിനേക്കാൾ കൂടുതലായി വാങ്ങുന്ന മണ്ണെണ്ണക്ക് അധിക ചാർജ്ജ് ഈടാ ക്കുന്നതാണ്.

15. ബയോഗ്യാസ് പ്ലാന്റിന്റെ പ്രചാരം കൂടുതൽ ജനങ്ങളിൽ എത്തിക്കാനുള്ള ഉപാ ധികൾ സ്വീകരിക്കുക.

16. മന്നം സബ്സ്റ്റേഷനിൽ ഒരു ഡീസൽ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ആവശ്യമുള്ള വീടുകൾക്ക് കൊടുക്കുക

17. ആലിംഗപൊക്കം, പന്നക്കാട് വൈദ്യുതി ലൈൻ ത്രീഫെയ്സ് ആക്കുകയും; വഴിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

18. കേശവത്തുരുത്ത് വഴി പോകുന്ന 11 KV. ലൈനും പാലത്തിന് പടിഞ്ഞാറുവശം പുതിയതായി നിർമ്മിച്ച റോഡും തമ്മിലുള്ള അകലം അപകട രഹിതമാക്കുക.

19. 12-ാം വാർഡിലെ പ്രധാനപ്പെട്ട കേന്ദ്ര മായ ചെറിയപ്പിള്ളി, വഴിക്കുളം, ഘണ്ടകർണ്ണൻ വെളി, ബ്ലോക്ക് പടി, പഴങ്ങാട്ടുവെളി, എന്നിവി ടങ്ങളിൽ വഴിവിളക്കുകൾക്കാവശ്യമായ ലൈറ്റ് ഫിറ്റിംഗ് സ്പോൺസർമാരെ കണ്ടെത്തി ഏൽപ്പിക്കുക.

## ഗതാഗതം

റോഡ് ഗതാഗതം വികസിക്കുന്നതിന് മുമ്പ് തന്നെ പഞ്ചായത്തിലെ ജനങ്ങൾ ജലഗ താഗത മാർഗ്ഗങ്ങളേയാണ് കൂടുതൽ ആശ്രയി ച്ചിരുന്നത്. പെരിയാറിന്റെ കൈവഴികളാൽ സമ്പുഷ്ടമാക്കപ്പെട്ട കോട്ടുവള്ളി പഞ്ചായത്തിൽ തത്തപ്പിള്ളി, ചെറിയപ്പിള്ളി എന്നിവിടങ്ങളിൽ നിന്ന് എറണാകുളം, കൊച്ചി, എന്നീ പ്രദേശ ങ്ങളിലേക്ക് ബോട്ട് സർവ്വീസ് ഉണ്ടായിരുന്നു.

ഇപ്പോൾ ഈ സർവ്വീസുകൾ ഇല്ല. ചരക്കുകൾ കൊണ്ടുവരന്നതിന് കെട്ടുവള്ള ഗതാഗതവും, യാത്രക്കായി പായ് വള്ളങ്ങളും ഉപയോഗിച്ചിരുന്നു. ചെമ്മായത്ത് പുഴയിൽ ചങ്ങാട സർവ്വീസ് വഴി കോട്ടുവള്ളിയിൽ നിന്നും ചെട്ടി ഭാഗത്തേക്ക് ബസ് സർവ്വീസ് ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ആ സർവ്വീസ് നിലനിൽപ്പില്ല. കൂടാതെ ചെറിയപ്പിള്ളി, വള്ളുവള്ളി കരകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടും ചങ്ങാടം സർവ്വീസ് ഉപയോഗപ്പെടുത്തി. പറവൂർ വരാപ്പുഴ കരിങ്കല്ലുറോഡിലൂടെ ബസ് സർവ്വീസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ യാത്രാ മാർഗ്ഗങ്ങൾ ചങ്ങമ്പുഴ കൃഷ്ണപിള്ള, എം.പി. പോൾ മുതലായ പ്രസിദ്ധരായ സാഹിത്യ നായകന്മാർ ഉപയോഗപ്പെടുത്തിയിട്ടുള്ളതായി പ്രസിദ്ധ നീരൂപകൻ എം. കൃഷ്ണൻനായർ പലവട്ടം രേഖപ്പെടുത്തിയിട്ടുണ്ട്.

ഏഴിക്കര പഞ്ചായത്തിനേയും കോട്ടുവള്ളി പഞ്ചായത്തിലെ ചെറിയപ്പിള്ളപ്പുഴയേയും തമ്മിൽ ജല മാർഗ്ഗം ബന്ധിപ്പിക്കുന്ന ചെറിയ തോട് നിലവിൽ വന്നിട്ടുണ്ടെങ്കിലും അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണ്ണമായും നിറവേറ്റപ്പെടത്തക്ക വിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.

ചുങ്കം കടത്ത്, ആട്ടേത്തറ, കോച്ചേരി,പഴൂപറമ്പ്, പഴങ്ങനാട്ട വെളി, പന്നക്കാട്, കുട്ടൻതുരുത്ത് തുടങ്ങി ഏഴു കടത്തുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഇവകൂടാതെ PWD യുടെ കീഴിൽ തത്തപ്പിള്ളി കരിഞ്ഞാംതുരുത്ത്, ചെമ്മായ കടത്ത് എന്നീ രണ്ട് കടത്തുകളും ഉണ്ട്. ഇവകളിലെല്ലാം സൗജന്യമായിട്ടാണ് കടത്ത് നടക്കുന്നത്. വരുമാനം ലഭ്യമല്ലാത്ത ഈ കടത്തുകൾ ശരിയാംവണ്ണം സംരക്ഷിക്കാൻ കഴിയാതെ വന്നിരിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ളവർ ദീർഘദൂരം കാൽനടയായി സഞ്ചരിക്കുന്നു. എന്നും ചരക്കുകൾ കൊണ്ടുവരുന്നതിന് പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കാളവണ്ടികൾ ഉപയോഗിച്ചിരുന്നതായി പറയുന്നു. 1962ൽ ചെറിയപ്പിള്ളി പാലവും റോഡുകളും നിലവിൻ വന്നതിനെ തുടർന്നാണ്കരമാർഗ്ഗമുള്ള യാത്ര സൗകര്യങ്ങൾ വികസിച്ചു തുടങ്ങിയത്. 1970 കളിലാണ് തത്തപ്പിള്ളി ഭാഗങ്ങളിലേക്കും കരമാർഗ്ഗം ബസ് സർവ്വീസ് തുടങ്ങിയത്.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി വ്യാപിച്ചു കിടക്കുന്ന 16 Km. നീളം വരുന്ന പുഴകളും തോടുകളും ശരിയായ രീതിയിൽ ആസൂത്രണം ചെയ്താൽ ഗതാഗത മാർഗ്ഗങ്ങളാക്കി ജില്ലയുടെ മറ്റു ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കാവുന്നതും, ചിലവ് കുറഞ്ഞുതും, അപകട സാദ്ധ്യത കുറഞ്ഞതും ആയിരിക്കും. തന്മൂലം ഗതാഗതക്കുരുക്ക് കുറയ്ക്കാനും കവിയും. കൂടാതെ ചരക്കുകൾ കൊണ്ടുവരുന്നതിനുള്ള സൗകര്യം കൂടുകയും അതുവഴി കുറെ ആളുകൾക്ക് വരുമാന മാർഗ്ഗവും ആയിത്തീരും.

പഞ്ചായത്ത് വിവിധ ഭാഗങ്ങളിലായി കച്ച, പക്ക മറ്റൽ വിഭാഗങ്ങളിലായും, പഞ്ചായത്ത്, പി.ഡബ്ല്യൂ.ഡി. നാഷനൽ ഹൈവേ, റോഡുകൾ ഉണ്ട്. പൊതു പ്രധാന റോഡുകൾ വെള്ളക്കെട്ടു ശല്യം ബാധിക്കാത്തതിനാൽ സഞ്ചാരയോഗ്യമാണ്. എന്നാൽ പഞ്ചായത്തുൾപ്രദേശങ്ങളിലേക്കുള്ള റോഡുകൾ ചിലവ കാലാകാലങ്ങളിൽ അറ്റകുറ്റ പ്പണികൾ നടകത്താതിരുന്നതുമൂലം ഭാഗൂകമായി സഞ്ചാരയോഗ്യമല്ല. ലഭ്യമായ കണക്കുകൾ പ്രകാരം പഞ്ചായത്തിൽ മൊത്തം 118.788 Km നീളം റോഡുകൾ ഉണ്ട്. ഇവയിൽ 4.5 Km. NH.17 ഉം 21.5 Km. നീളം ജണഉ റോഡുകളും 23 Km. നീളം പഞ്ചായത്ത് വക ടാർ ചെയ്തവയും, 69.788 Km നീളം പഞ്ചായത്ത വക ടാർ ചെയ്യാത്ത റോഡുകളും ആണ്. .

പഞ്ചായത്ത് അതിർത്തികളിൽ ഇതുവരെ റെയിൽവെ പാത വന്നെത്തിയിട്ടില്ല. സമീപ ഭാവിയിൽ NH.17 നോട് ചേർന്ന് തീരദേശ റെയിൽ വേ ആരംഭിക്കും എന്നും അതിന്റെ സർവ്വം ആരംഭിച്ചിരിക്കുന്നു എന്നും അറിയുന്നു. കൂടാതെ NH.17 പുതിയ വഴി നിലവിൽ വരുമ്പോൾ ഇപ്പോഴത്തെ റോഡന്റെ പല ഭാഗങ്ങളും ചഒ.ന്റെ ഭാഗമല്ലാതാകും, ബൈ പാസ് ആയിത്തീരുകയും ചെയ്യുന്നു.

ദേശീയ പാത 17ന്റെ ഭാഗമായുള്ള റോഡുകളൊഴിച്ചാൽ പഞ്ചായത്തിലെ മറ്റ് റോഡുകളുടെ സ്ഥിതി വളരെ മോശമാണ്. യഥാസമയം അറ്റകറ്റ പണി നടത്താതിരിക്കുന്നതും, റോഡുകളുമായി ബന്ധപ്പെട്ട് ഓടകൾ നിർമ്മിക്കാതിരിക്കുന്നതും ജണഉ യും കേരള വാട്ടർ അതോറിറ്റിയും, കേന്ദ്ര ടെലഫോൺസ് ഡിപ്പാർട്ടുമെന്റും നടത്തുന്ന പ്രവർത്തനങ്ങളിൽ ഏകോപനമില്ലാതിരിക്കുന്നതും റോഡിന്റെ ഇന്നത്തെ സ്ഥിതിക്ക് കാരണമായിട്ടുണ്ട്.

ദേശീയ പാത 17ലൂടെ ഇന്ന് ലഭ്യമായിട്ടുള്ള ഗതാഗത സൗകര്യങ്ങൾ കുട്ടൻ തുരുത്ത്, തത്തപ്പിള്ളി, കോട്ടുവള്ളി എന്നീ ഭാഗങ്ങളിലുള്ളവർക്ക് അതേ അളവിലും അനുപാതത്തിലും ലഭിക്കുന്നില്ല. കുട്ടൻ തുരുത്ത്, തത്തപ്പിള്ളി ഭാഗങ്ങളെ ചെറിയപ്പിള്ളിയുമായി ബന്ധിപ്പിക്കുന്നതും കോട്ടുവള്ളിയേയും കുനമ്മാവിനേയും തമ്മിൽ ബന്ധിപ്പിക്കുന്നതുമായ പാലങ്ങളും ലിങ്കി റോഡുകളും ഇതിന് പരിഹാരമാകും. ദേശീയ പാത 17 ന്റെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ഉണ്ടയേക്കാവുന്ന ഗതാഗത കുരുക്കിന് കോട്ടുവള്ളി പാലം വഴി ഇങ്ങനെ രൂപം കൊള്ളുന്നതും, ദേശീയ പാത 17 ആയി ഇപ്പോൾ ഉപയോഗിക്കുന്ന റോഡും ബൈപ്പാസായി ഉപയോഗിച്ച് കുറച്ചെങ്കിലും പരിഹരിക്കാനുമാകും. മാത്രമല്ല ഈ പ്രദേശങ്ങളുടെ ഇന്നത്തെ ശോചനീയാവസ്ഥക്കും നേരിയ പരിഹാരമാകും.

ഒരു ദേശീയ പാതയിലൂടെ ഉൾപ്പെടേയുള്ള ഗതാഗത സൗകര്യങ്ങളുപയോഗപ്പെടുത്തുന്ന നമ്മുടെ പഞ്ചായത്തിന്റെ പലഭാഗത്തും ബസുകളും കാത്തുനിൽക്കുന്ന വർക്ക് കയറി നിൽക്കാൻ ബസ് സ്റ്റോപ്പ് ഷെൽട്ടറുകളില്ല. സ്പോൺസർഷിപ്പ് വഴി ഇവ സ്ഥാപിക്കുന്നതിന് നമുക്കാവില്ലേ!

രാത്രി 8 മണിക്കു ശേഷവും ഏലൂർ ഫെറി പറവൂർ എന്നീ ഭാഗങ്ങളിലേക്ക് സർവ്വീസ് നടത്തേണ്ടുന്ന സ്വകാര്യ ബസ്സുകൾ സർവ്വീസ് മുടങ്ങുന്നത് യാത്രക്കാരുടെ പോക്കറ്റിൽ നിന്നും ധനനഷ്ടമുണ്ടാകുന്നതിനും രാത്രി കാലങ്ങളിൽ മറ്റ് ക്ലേശങ്ങളുണ്ടാകുന്നതിനും കാരണമാകുന്നുണ്ട്. ദേശീയ പാതയിലൂടെ സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ അമിത വേഗത അപകടങ്ങൾ നിത്യ സംഭവങ്ങളാക്കിയിരിക്കുന്നു. പകൽ സമയത്ത് സർവ്വീസ് നടത്തുന്ന പല ബസ്സുകളും സ്റ്റോപ്പിൽ നിർത്താതിരിക്കുന്നതും ആളുകൾ കയറുന്നതിനു മുമ്പ് ബസ്സുകൾ ബെല്ലടിച്ചുവിടുന്നതും വദ്യാർത്ഥികളെ ബസ്സിൽ കയറ്റുന്നതിൽ ബസ്സ് ജീവനക്കാർ കാണിക്കുന്ന വിമുഖതയും ഈ രംഗത്തെ ചില പ്രശ്നങ്ങളാണ്. അധികാരികളുടെ ഭാഗത്തുനിന്നുള്ള ശരിയായ ഇടപെടലും ജനങ്ങളുടെ സംഘടിത ശ്രമവും ഒത്തുചേർന്നാൽ ഇത് പരിഹരിക്കാം.

പഞ്ചായത്തിൽ അംഗീകൃത ഓട്ടോ-കാർ-ടെമ്പോ സ്റ്റാന്റുകളൊന്നും ഇല്ല. എന്നാൽ കൂനമ്മാവ്, ചെറിയപ്പിള്ളി, മന്നം ഭാഗങ്ങളിൽ ഇത്തരം വാഹനങ്ങൾ പാർക്ക് ചെയ്ത് സർവ്വീസ് നടത്തുന്നുണ്ട്. ഇതിൽ തന്നെ ചിലയിടങ്ങളിൽ റോഡുകളുടെ ഇരു വശങ്ങളിലും എന്നുമാത്രമല്ല പൊതു സ്ഥാപനങ്ങളുടെ മുന്നിൽ പോലും ഇവ പാർക്കു ചെയ്യുന്നുണ്ട്. കാൽ നടക്കാർക്ക് സഞ്ചരിക്കാൻ ഇതു മൂലം ഇടമില്ലാതെയുമാകുന്നു.

ധാരാളം ആളുകൾ തിങ്ങിപ്പാർക്കുന്ന കോട്ടുവള്ളി ഭാഗത്തേയ്ക്ക് ആവശ്യത്തിന് ബസ്സ് സർവ്വീസ് ഇല്ലെന്നുള്ളത് അവിടുത്തുകാർ അനുഭവിക്കുന്ന ഒരു പ്രശ്നമാണ്. പറവൂരുമായി ബന്ധിപ്പിച്ചുകൊണ്ട് പുതിയതായി ബസ്സ് സർവ്വീസ് ആരംഭിക്കുമ്പോൾ അവയിൽ ചിലതെങ്കിലും കോട്ടുവള്ളിയിൽ നിന്ന് തുടങ്ങുന്നതിനുള്ള സമ്മർദ്ദം ചെലുത്താൻ നമുക്കു കഴിയണം.

പഞ്ചായത്തിലെ പുഴകളെയും തോടുകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന മരപ്പാലങ്ങളുടേയും തെങ്ങുകൊണ്ടുള്ള പാലങ്ങളുടേയും സ്ഥിതി വളരെ മോശമാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ സാമ്പത്തിക ഏജൻസികളുടേയും സർക്കാരിന്റേയും ധനസഹായവും പൊതു ജനങ്ങളുടെ ശാരീരിക അധ്വാനവും ഉപയോഗിച്ചുകൊണ്ട് ഇവ കോൺക്രീറ്റ് പാലങ്ങളാക്കാനോ ഇവയുടെ ഉറപ്പ് വർദ്ധിപ്പിക്കുന്നതിനോ കഴിയണം.

പഞ്ചായത്തിൽ ഇന്ന ഗതാഗതാ വശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള ഭൂമിയുടെ അളവ് (റോഡുകളുടെ നിർമ്മിതിക്കും മറ്റും) വളരെ കൂടുതലാണ്. ഏറ്റവും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ മാത്രമേ പുതിയറോഡുകൾ നിർമ്മിക്കേണ്ടതുള്ളു. നിലവിലുള്ള റോഡുകളുടെ സംരക്ഷണത്തിനും വികസനത്തിനും അവയുടെ ഫലപ്രദമായ ഉപയോഗത്തിനുമായിരിക്കണം മുൻഗണന നല്കേണ്ടത്.

പഞ്ചായത്തിലെ ജലഗതാഗത സാദ്ധ്യത പൂർണ്ണമായും ഉപോയഗപ്പെടുത്തുന്നില്ല. പുഴകളും തോടുകളും ശരിയായി സംരക്ഷിക്കപ്പെടാത്തതും നികത്തി കയ്യേറുന്നതും അതുമൂലം ഉണ്ടാകുന്ന ആഴക്കുറവും ചെളി അടിഞ്ഞുകൂടുന്നതും ഈ ഗതാഗത മാർഗ്ഗത്തിന്റെ സാദ്ധ്യതയ്ക്കും വികസനത്തിനും വിലങ്ങുതടിയായി തീർന്നിരിക്കുന്നു.

## ഗ്രാമസഭയിൽ നിന്നുള്ള നിർദ്ദേശങ്ങൾ

സ്ക്കൂൾപ്പടി ചുങ്കം, അത്താണി റോഡ്, കൊച്ചാൽ വലിയത്തറ, കാവിൽ നട റോഡ്, മില്ലുപടി പാരായം റോഡ്, പട്ടികജാതി സെറ്റിൽമെന്റ് റോഡ് ശരിയാക്കണം. കടുവാം കുളം, അത്താണി മുക്ക് റോഡ്, പാവന തൂശം റോഡ്, അത്താണി കാച്ചാണിക്കോടം റോഡ്, കൊച്ചാൽ പഴൂപ്പറമ്പ് റോഡ്, മസ്ജിദ് കടുവാം കുളം റോഡ്, പൈനിൻകൂട്ടം പഴവൂർ റോഡ് എന്നിവ അറ്റകുറ്റപ്പണി നടത്തണം. തൈപ്പറമ്പിൽ ഇരുവത്തഞ്ചിൽ റോഡ്, തൂശം പെരുക്കാംപുഴ റോഡ്, ചൂളക്കാപ്പറമ്പ് ഇരുപത്തഞ്ചിൽ റോഡ്, മില്ലുപടിയിൽ നിന്നുള്ള പടിഞ്ഞാറോട്ടുള്ള റോഡ് എന്നിവ നിർമ്മിക്കണം.

മാർക്കറ്റ് ചെമ്മായം റോഡിൽ കാന നിർമ്മിക്കണം. ആട്ടേത്തറ ഷാപ്പ് ചെമ്മായം റോഡ് കലുങ്കു വഴി ബന്ധിപ്പിക്കണം. ലക്ഷം വീട് കാവിൽ നട റോഡ്, മഠത്തിനും അനാഥാലയത്തിനും ഇടയിലുള്ള റോഡ്, തൂശം റോഡ് എന്നിവ ടാർ ചെയ്യണം. തൂശം റോഡിൽ ആവശ്യമായ കലുങ്കുകൾ നിർമ്മിക്കണം. പട്ടികജാതി സെറ്റിൽമെന്റ് റോഡിൽ കലുങ്കു പണിത് ഗതാഗത യോഗ്യമാക്കണം. 2, 3, 4, വാർഡുകളെ ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കണം. സെമിത്തേരി പടി എടയ്ക്കാത്തോട്, ആശുപത്രിപ്പടി സെമിത്തേരി റോഡ്, പള്ളക്കടവിലുള്ള മഹാത്മാ ഗാന്ധി റോഡ്, തേവർ കാട് റോഡ്, ആട്ടേത്തറ കോളേജ് റോഡ് എന്നിവ ഗതാഗതയോഗ്യമാക്കണം. ഇന്ദിരാ ജീ റോഡ്, മേസിരി പടി റോഡ്, തോട്ടകൻ തേവർകാട് റോഡ് എന്നിവയിൽ കലുങ്ക് നിർമ്മിക്കുകയും ടാർ ചെയ്യുകയും വേണം. കൂനമ്മാവ് കഠഇറോഡ് കിഴക്കോട്ട് മറ്റലിട്ട് ഇടയ്ക്കാത്തോട്ടിൽ പാലം നിർമ്മിച്ച് ആലങ്ങാട് പഞ്ചായത്തുമായി ബന്ധിപ്പിക്കണം. അടേടേത്തറയിലെ നെഹ്രു റോഡ് പഞ്ചായത്ത് ഏറ്റടുത്ത് ഗതാഗത യോഗ്യമാക്കണം. മേൽ പറഞ്ഞ റോഡുകളിൽ കാന കലുങ്ക് എന്നിവ നിർമ്മിക്കണം. 1, 2, 3, 4 വാർഡുകളിൽ നിന്നുള്ള നിർദ്ദേശങ്ങളാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. വിളമ്പാരി നെല്ലിപ്പിള്ളി റോഡ് നിർമ്മിക്കണം. കുഴങ്ങാപ്പിള്ളി റോഡ്, അർത്തിവെളി പടിഞ്ഞാട്ടുള്ള റോഡ്, പുളിയത്ത് റോഡ് കലുങ്ക്, അരോത്തി പറമ്പ് തെനത്തിൽ പടിഞ്ഞാറ് കാവളത്ത് എന്നീ പട്ടികജാതി സെറ്റിൽമെന്റ് റോഡുകൾ നന്നാക്കണം. ഏഴിക്കര കൈതാരം ബൈപ്പാസ് എത്രയും വേഗം തീർക്കണം. പറവൂർ കൈതാരം റോഡിൽ കൈതാരം ഹൈസ്ക്കൂളനടുത്ത് വളവിൽ കുളത്തിന്റെ സൈഡ് കെട്ടി റോഡ് സംരക്ഷിക്കണം. പുലയ ഐക്യസമാജം റോഡ് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. പറവൂർ കോട്ടുവള്ളി KSRTC സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പക്കുക. മയ്യാര മേച്ചേരി, കളത്തും പടി റോഡുകൾ ഗതാഗത യോഗ്യമാക്കുകയും ഇവ തമ്മിൽ യോജിപ്പിക്കുകയും ചെയ്യുക. പഴയ റേഷൻ കടയുടെ അടുത്തുകൂടി പടിഞ്ഞാറോട്ടുള്ള റോഡ് ബണ്ട് വരെ വീതി കൂട്ടി സഞ്ചാര യോഗ്യമാക്കണം. കൊടവക്കാട് ദ്വീപ് റോഡ് ഉയർത്തി ഗ്രവൽ ചെയ്യുക. കോട്ടുവള്ളി സൗത്ത് മുതൽ കോടവക്കാട് പാലം വരെ റോഡ് ടാർ ചെയ്യുക. ആറാട്ടു കടവു പാലം CRF പദ്ധതിയിൽ പെടത്തി നിർമ്മിക്കുക. ചെമ്മായം കടത്തിൽ രണ്ടു വഞ്ചികൾ ഏർപ്പെടുത്തുക. ചിറ്റേഴത്ത് പടിഞ്ഞാറേ തോടിന് തെക്കുവശം മൂന്നടി വീതിയുള്ളതും ഇറിഗേഷൻ വകുപ്പ് രേഖയുള്ളതുമായ വഴി ഉപയോഗയോഗ്യമാക്കണം. ചിറവക്കാട് കോതകുളം റോഡ് സഞ്ചാരയോഗ്യമാക്കുകയും വടക്കുഭാഗത്തെ റോഡിൽ കലുങ്കു പണിത് ഏഴിക്കര പഞ്ചായത്തു റോഡുമായി ബന്ധിപ്പിക്കണം. കോതകുളത്തിന് കിഴക്കുഭാഗം വടക്കുവശം മണമ്മൽ പ്രയപ്പിള്ളി റോഡ് ബന്ധിപ്പിക്കണം. കെ.ടി. ജോർജ്ജ് മെമ്മോറിയൽ റോഡിൽ കലുങ്ക് നിർമ്മിക്കുകയും വീതി കൂട്ടുകയും ചെയ്യുക. വഴിക്കുളം ഘണ്ഠകർണ്ണൻ വെളി കൊളയപ്പാടം റോഡ് ആവുതോടിന് തെക്കുവശമുള്ള റോഡ് അയോദ്ധ്യ പ്രസ്സിന് വടക്കുവശത്തുള്ള വഴി വടക്കേ എരവൂർ ഭാഗത്തേക്ക് മണമൽ പടിക്കൽ നിന്ന് കിഴക്കോട്ടുള്ള വഴി മഹിളപ്പടിക്ക് പടിഞ്ഞാറ് സംഘം പറമ്പ് റോഡ് മഹിളപ്പടിക്ക് കിഴക്ക് ഘണ്ഠകർണ്ണൻ വെളി വഴി തിട്ടാഴം മഹിളപ്പടി റോഡ് അർത്തിപ്പടി തെക്കുവശം വടക്കോട്ടുള്ള ആലിങ്ങപ്പറമ്പ് റോഡ് തോട്ടായപ്പിള്ളി റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണം. കോതകുളം റോഡിൽ നിന്നും പടിഞ്ഞാറേയ്ക്ക് മാത്തയിൽ റോഡ് വരെ സഞ്ചാരയോഗ്യമാക്കണം. 5, 6, 7, 8 വാർഡുകളിലെ നിർദ്ദേശങ്ങളാണ് മേൽ സൂചിപ്പിച്ചത്. 9, 10, 11 വാർഡുകളിലെ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു. കാർത്തികേയൻ റോഡ് കുടുംബി സേവാസംഘം റോഡ് , പ്ലാശും പറമ്പ് റോഡ്, പാലത്തിങ്കൽ റോഡ്

എന്നിവ ടാർ ചെയ്യുക. കാർത്തികേയൻ റോഡിന്റെ മുട്ടുവയൽ മുതൽ അത്താണി ബൈപ്പാസ് വരെ സൈഡ് കെട്ടി സംരക്ഷിക്കണം. തത്തപ്പിള്ളി കരിങ്ങാംതുരുത്ത് പാലം ഉടന് നിർമ്മിക്കുക. വഴിക്കുളം ആനച്ചാൽ ബൈപ്പാസിന്റെ പണി പുനരാരംഭിക്കണം. തത്തപ്പിള്ളി കരുമാല്ലൂരുമായി ബന്ധിപ്പിക്കുന്ന പ്ലാശുംപറമ്പ് റോഡിൽ മരപ്പാലം നിർമ്മിക്കണം. കുടിലിങ്കൽ കാരടിച്ചിറ റോഡിൽ പാലം പണിത് കരുമാല്ലൂരുമായി ബന്ധിപ്പിക്കുക. പാറപ്പുറം പരശിപ്പറമ്പ് കൽപ്പടം റോഡ്, മന്ദം പാലക്കുളം റോഡ് ടാർ ചെയ്യുകയോ, മെറ്റലിംങ് നടത്തുകയോ ചെയ്യണം. കരിയിൽ ഭഗവതി ക്ഷേത്രം റോഡ് കലുങ്ക് കെട്ടി ഗ്രാവലിങ്ങ് ചെയ്യുക. ടെമ്പിൾ റോഡ് ആദ്യ നൂറു മീറ്റർ മെറ്റലിംങ് ബാക്കി ഭാഗം ഗ്രാവലിംങ് നടത്തണം. കോച്ചേരി കടവ് റോഡ്, തുണ്ടിപ്പറമ്പ് റോഡ്, ഇട്ടിത്തറ റോഡ്, തോപ്പ്പറമ്പ് റോഡ്, കൽപ്പടം അംഗൻ വാടി റോഡ് , എട്ടുകണ്ടം റോഡ്, എന്നിവയിൽ അടിയന്തിരമായി ഗ്രാവൽ ഇടണം. മന്നം പാലക്കുളം റോഡിൽ നിന്നും കരിയിൽ ഭഗവതി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് ഉയർത്തി ഗ്രാവൽ ചെയ്യുകയും സൈഡിൽ കാന നിർമ്മിക്കുകയും, മന്നം പാലക്കുളം റോഡിൽ നിലവിലുള്ള കാന പടിഞ്ഞാറെ കലുങ്ക് വരെ നീട്ടണം. കേശവത്തുരുത്ത് പന്നക്കാട് റോഡിൽ തടസ്സമുള്ള ഭാഗം പഞ്ചായത്ത് അക്വയർ ചെയ്യണം. നന്തികുളങ്ങര ടചഉജ യുടെ തെക്കുഭാഗത്തുള്ള റോഡ്, കുട്ടൻ തുരുത്ത് ആലിഗപ്പക്കം റോഡ് കലിങ്കു സഹിതം നന്നാക്കണം. പൂവത്ത് വീട് റോഡ് കുട്ടൻതുരുത്ത് പലചരക്ക് കടയുടെ പടിഞ്ഞാട്ട് പോകുന്ന റോഡ് ആനച്ചാൽ വഴിക്കുളം റോഡിൽ വടക്കോട്ടുള്ള വെള്ളാൽ ഭഗവതി ക്ഷേത്രം റോഡ് ചെറിയമ്മക്കുളം റോഡിൽ നിന്നും കിഴക്കോട്ട് കരീപ്പറമ്പ് റോഡ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കണം. പുത്തൻവീട് ഗിരിജൻ റോഡ് പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് ഏറ്റെടുക്കണം. ആലിംഗപ്പക്കം നാലുസെന്റ് കോളനിറോഡ് ടാർ ചെയ്യണം. ബൈപ്പാസ് റോഡിൽ കൂടംകുളം ഭാഗത്ത തെക്കോട്ട് നിലവിലുള്ള ഇടവഴി വീതികൂട്ടി ഇട്ടിത്തറയുമായി കലുങ്കു നിർമ്മിച്ച് ബന്ധിപ്പിക്കുക. ജനതാറോഡിനും സൈഡ് കെട്ടി സംരക്ഷിക്കുകയും വീതികൂട്ടുകയും ചെയ്യുക. ബൈപ്പാസ് വെള്ളാൽ ഭഗവതി ക്ഷേത്രം റോഡിൽ രണ്ട് കലിങ്ക് നിർമ്മിക്കുക. 12, 13, വാർഡുകളിലെ നിർദ്ദേശങ്ങളാണ് താഴെ ചേർക്കുന്നത്. ചെറിയപ്പിള്ളി പാലത്തിന്റെ പടിഞ്ഞാറുവശമുള്ള പഴയ കടത്തുകടവ് റോഡിൽ നിന്നും NES ബ്ലോക്കിലേക്കുള്ള റോഡ്, ചെറിയപ്പിള്ളി പാലത്തിന് തെക്കുഭാഗത്തുള്ള പഴയ കടത്തുകടവ് റോഡ്, ഘണ്ഠകർണ്ണൻ വെളി കോളനി റോഡ്, ചെത്തിക്കാട് റോഡ്, ആലക്കട റോഡ്, ആലക്കട കൊച്ചിയംപറമ്പ് റോഡ് എന്നിവ ടാർ ചെയ്യുക. NES ബ്ലോക്ക് റോഡിൽ നിന്നും കഴക്കോട്ടുള്ള വാരമംഗലം റോഡ്, പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം. 10, 11, 12 വാർഡുകളിൽ കൂടി കടന്നു പോകുന്ന തത്തപ്പിള്ളി ചെറിയപ്പിള്ളി ലിംഗ് റോഡ് മൂന്നു പാലങ്ങൾ സഹിതം നിർമ്മിക്കണം. പഴങ്ങാട്ടുവെളി കടത്തിലേക്കുള്ള റോഡ് റിപ്പയർ ചെയ്ത് കടവുകെട്ടി സംരക്ഷിക്കണം. കഴക്കേപ്രം NSS കരയോഗം റോഡ് ഇരുന്നൂറു മീറ്റർ ഗ്രാവൽ ചെയ്യണം. ചെറിയപ്പിള്ളി പാലത്തിലെ വർദ്ധിച്ചുവരുന്ന വാഹന ഗതഗതം കുറയ്ക്കുന്നതിന് ചെമ്മായത്ത് പാലം നിർമ്മിച്ച് കുനമ്മാവുമായി ബന്ധിപ്പിക്കുക. പഴങ്ങാട്ടുവെളി അംഗൻവാടി റോഡ് ഗ്രാവൽ ചെയ്യുക. വലിയകുളം അന്താരക്കുളം 300 മീറ്റർ ടാറും 300 മീറ്റർ മെറ്റലിംങ്ങും ചെയ്യുക. ചെറിയപ്പിള്ളി പാലത്തിനടുത്തുള്ള കടത്തുകടവ് കെട്ടി സംരക്ഷിക്കുകയും റോഡ് ശരിയാക്കുകയും ചെയ്യുക. കടവിൽ താമസിക്കുന്ന വീട്ടുകാരെ ഇതിനുവേണ്ടി പുനരധിവസിപ്പിക്കുക. ചെറിയപ്പിള്ളി ബ്ലോക്ക് റോഡിൽ കലുങ്ക് നിർമ്മിക്കുക, ചെറിയപ്പിള്ളി കവലയിൽ വാഹനങ്ങളുടെ വേഗത കുറയ്ക്കുന്നതിന് രണ്ടുവശത്തും സ്പീഡ് ബ്രേക്കർ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക. പറവൂർ കൈതാരം ഏലൂർഫെറി, പറവൂർ കൈതാരം എറണാകുളം ബസ്സ് സർവ്വീസുകൾ ആരംഭിക്കുക.

## വിഭവസമാഹരണം

### അവലോകനം

1995-1996 ലെ കോട്ടുവള്ളി പഞ്ചായത്ത് രേഖകൾ പ്രകാരം തൊഴിൽ നികുതിയിനത്തിൽ Rs.1,36,085/ഉം കെട്ടിട നികുതി ഇനത്തിൽ Rs.3 ,44,453/25 ഉം ലൈബ്രറി സെസ്സ് ഇനത്തിൽ Rs.18,349/90 ഉം വിനോദ നികുതി ഇനത്തിൽ Rs.4,703/64 ഉം അധിക വിനോദ നികുതി

ഇനത്തിൽ Rs. 3,134/76 ഉം പ്രദർശന നികുതി ഇനത്തിൽ Rs. 1,530/ ഉം പ്രദർശന നികുതിയിന്മേലുള്ള സർചാർജ് ഇനത്തിൽ Rs. 382/50 ഉം ചന്തലേലം ചെയ്ത വകയിൽ Rs.10,100/ഉം ലൈസൻസ് ഫീസ് വകയിൽ Rs. 7,187/ ഉം കൂടാതെ മറ്റ് വരവുകളായി Rs. 1,29,496 ഉം ഉൾപ്പെടെ മൊത്തം Rs. 16,73,152/05 സമാഹരിച്ചിട്ടുള്ളതാകുന്നു. ഇത്രയും മൊത്ത വരുമാനമുള്ളതിൽ തനതുവരുമാനത്തിൽ 45% വർദ്ധനവുണ്ടായിട്ടുള്ളതും ആയത് നികുതി സാധ്യതയ്ക്കനുസരിച്ച് ഏതാണ്ട് ഉയർന്ന വരുമാനമാണെന്നും കരുതുന്നു. നികുതിയേതര വരുമാനത്തിൽ 44% വർദ്ധനവ് വന്നിട്ടുള്ളതും ആകുന്നു. ആയത് ഇനിയും കാര്യമായി വർദ്ധിപ്പിക്കേണ്ടതാകുന്നു. പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരങ്ങൾ താഴെ ചേർക്കും വിധമാകുന്നു. പദ്ധതി വിഹിതമായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും Rs. 14,240 ഉം ആരോഗ്യ വകുപ്പിൽ നിന്നും Rs. 3,173/ ഉം കൃഷി വകുപ്പിൽ നിന്നും Rs. 1,04,496/ ഉം പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും Rs. 32,150/ ഉം സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും Rs. 49,675/ ഉം വിദ്യാഭ്യാസ വകുപ്പിൽ നിന്നും Rs. 4,227/ ഉം ഉൾപ്പെടെ മൊത്തം Rs. 2,07,961/ ഉം നമ്മുടെ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളതാകുന്നു. ചെലവ് ഇനത്തിൽ ഭരണപരമായ ആവശ്യങ്ങൾക്കായി Rs. 4,64,927/75 ഉം പൊതുമരാമത്ത് ആവശ്യങ്ങൾക്കായി Rs. 276,789/ ഉം വിദ്യാഭ്യാസത്തിനായി Rs. 13,987/75 ഉം ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം എന്നിവയ്ക്കായി Rs. 41,823/ ഉം തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് Rs. 1,32,895/ ഉം മറ്റ് വകയിൽ Rs. 5,10928/30ഉം ഉൾപ്പെടെ മൊത്തം Rs. 14,41,350/80 ഉം ചെലവ് വന്നിട്ടുള്ളതാകുന്നു. മുൻ വർഷങ്ങളെ അപേക്ഷിച്ച് ചെലവ് ഇനവും വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്. നിലവിലുള്ള രൂപയുടെ മൂല്യശോഷണവും, പണപ്പെരുപ്പവും, നമ്മുടെ നാട്ടിലെ സാധനങ്ങളുടെ വിറ്റാൽ കിട്ടുന്ന സംഖ്യയിലുള്ള കുറവും, വാങ്ങുന്ന സാധനങ്ങളുടെ വിലയിലുള്ള ക്രമാതീതമായ വർദ്ധനവും എല്ലാം ഈ വിഷയത്തിലേക്ക് വിരൽ ചൂണ്ടുന്നു. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ജീവനക്കാരുടെ സേവനവേതന വ്യവസ്തകൾ ഉൾപ്പെടെ വർദ്ധിച്ചു വരുന്ന പ്രവണതയാണ് ഇന്നുള്ളത്. മരാമത്ത് ചെലവുകളും വർദ്ധിച്ചു വരികയാണ്. പ്രധാനമായും നമ്മുടെ മരാമത്ത് പണികൾ നടത്തിവരുന്നത് 'പഞ്ചായത്ത് നോമിനി'കളും മറ്റ് ചിലത് ഗുണഭോക്താക്കൾ നേരിട്ടുമാണ്. വികസന പ്രവർത്തനങ്ങൾ സാമാന്യം കാര്യക്ഷമമായി നടന്നു പോരുന്നുണ്ട്. കടം തിരിച്ച് നൽകുന്നതിനായി യാതൊരു സംഖ്യയും ചെലവ് ചെയ്തു വരുന്നില്ല. ആയത് മൊത്തത്തിൽ ആശാവഹമാണ്.

വരവ് സംബന്ധിച്ച വിവരങ്ങൾ ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995–96

1995–96

| ഇനം | പിരിച്ചത് രൂപ | |
|---|---|---|
| 1. കെട്ടിട നികുതി | 3,44,453/25 | |
| 2. ലൈബ്രറി സെസ്സ് | 18,349/90 | |
| 3. തൊഴിൽ നികുതി | 1, 36,085/ | |
| 4. വിനോദ നികുതി | 4,703/64 | # |
| 5. അഡീഷണൽ | 3,137/76 | # |
| 6. പ്രദർശന നികുതി | 1,530/ | |
| 7. ‘ ’ സർചാർജ്ജ് | 382/50 | # |
| 8. ചന്തവരവ് | 10,100/ | |
| 9. ലൈസൻസ് ഫീസ് | 7,187/ | |
| തനത് വരുമാനം | 5,25,926/05 | |
| 10. വസ്തു കൈമാറ്റ നികുതി | 3,94,576/ | # |
| 11. മറ്റ് വരവുകൾ (ഗ്രാന്റ്) | 1,29,496/ | |
| 12. മറ്റുള്ളവ | 6,23,154/ | |
| നികുതിയേതര വരുമാനം | 11,47,226 | |
| മൊത്തം വരവ് | 16,73,152/05 | |

1995–96

| | ഇനം | ചെലവ് രൂപ |
|---|---|---|
| ## | 1. ഭരണപരം | 4,64,927/75 |
| ## | 2. പൊതുമരാമത്ത് | 2,76,789/00 |
| ## | 3. വിദ്യാഭ്യാസം | 13,987/75 |
| ## | 4. ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം | 41,823/ |
| ## | 5. തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് | 1,32,895/ |
| ## | 6. മറ്റുള്ളവ | 5,10,928/30 |
| | മൊത്തം ചെലവ് | 14,4,1350/80 |

**# മുൻകാലങ്ങളെ അപേക്ഷിച്ച് വരവിലുള്ള കുറവിനെ സൂചിപ്പിക്കുന്നു.**

**## മുൻകാലങ്ങളെ അപേക്ഷിച്ച് ചെലവിലുള്ള വർദ്ധനവിനെ സൂചിപ്പിക്കുന്നു.**

## ധനകാര്യസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തതിർത്തിയിൽ രണ്ട് ദേശസാൽകൃത ബാങ്കും, മൂന്ന് സർവ്വീസ് സഹകരണ ബാങ്കുകളും കൂടാതെ ഏതാനും സ്വകാര്യ ധനവിനി മയ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. ദേശസാൽകൃത ബാങ്കിൽ പ്രമുഖ സ്ഥാനം വഹിക്കുന്നത് ചെറിയപ്പിള്ളിയിലുള്ള ഭാരതീയ സ്റ്റേറ്റ് ബാങ്കാണ്. ഇതിനു പുറമെ കൂനമ്മാവിൽ ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ശാഖയുമുണ്ട്. സഹകരണ മേഖലയിൽ മന്ദത്തും വള്ളുവള്ളിയിലും, കൈതാരത്തുമായാണ് മൂന്ന് സർവ്വീസ് സൊസൈറ്റികൾ പ്രവർത്തിച്ചു വരുന്നത്. ഇതിനെല്ലാം പുറമേ കോട്ടുവള്ളിയിലും കൈതാരത്തുമുള്ള നായർ സർവ്വീസ് സൊസൈറ്റിയിലും പ്രധാന സാധുജന സംഘങ്ങളായ കോട്ടുവള്ളിയിലെ സെന്റ് ജോസഫ്സും, കൂനമ്മാവിലെ സെന്റ് ഫിലോമിനാസും, വള്ളുവള്ളിയിലെ സെന്റ് ആന്റണീസും, കൂടാതെ വികസന ബ്ലോക്കിന്റെ സമീപത്തായുള്ള ബേക്കൺ ചിട്ടി കമ്പനിയും, വള്ളുവള്ളിയിലുള്ള ന്യൂ നാഷണൽ ബാങ്കേഴ്സും അവരവരുടേതായ സംഭാവനകൾ നൽകി വരുന്നു. സഹകരണ മേഖലയിൽ നാല് കോടിയിൽപരം രൂപ സമാഹരിക്കുകയും മൂന്ന് കോടിയോളം രൂപ വായ്പ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭാരതീയ സ്റ്റേറ്റ് ബാങ്കിൽ രണ്ടര കോടിയോളം രൂപ സമാഹരിക്കുകയും രണ്ട് കോടിയോളം രൂപ വായ്പ അനുവദിക്കുകയും ബാങ്ക് ഓഫ് ഇന്ത്യയിൽ എൺപത് ലക്ഷത്തോളം രൂപ സമാഹരിക്കുകയും അറുപത് ലക്ഷത്തോളം രൂപ വായ്പ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ നിക്ഷേപ വായ്പ അനുപാതം സംസ്ഥാന ശരാശരിയായ

നേക്കാൾ വളരെ ഉയർന്നതാണ്. ഇത് ഒരു താല്ക്കാലിക പ്രതിഭാസമായാണ് അനുമാനി ക്കേണ്ടത്.

## പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിൽ തനത് വരുമാനത്തിൽ കാര്യമായ വർദ്ധനവ് പ്രതീക്ഷിക്കാവുന്നതല്ല. അതിനുള്ള മാർഗ്ഗങ്ങൾ വളരെ പരിമിതവുമാണ്. വായ്പയുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം ഇല്ലെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ ലഭിക്കുന്നതിനുള്ള പരിമിതി ഈ പ്രദേശ ത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക അടിത്തറയെ പ്രതികൂലമായി ബാധിക്കുന്നു. പ്രകൃതി വിഭവങ്ങളുടെ കാര്യത്തിലും നാം വളരെ പിന്നോക്കമാണ്. കാർഷിക വിളകളുടെ ഉൽപാദനവും കുറഞ്ഞു വരുന്നു. യുവ ജനങ്ങളുടെ കർമ്മശേഷിയിലുള്ള കുറവും കാർഷിക വൃത്തിയിൽ നിന്നും 'മറ്റ് തൊഴിൽ തേടി' പട്ടണങ്ങളിലേക്കും മറ്റും ചേക്കേറുന്നതും നമ്മുടെ സമ്പദ് ഘടനയെ പ്രതികൂലമായി ബാധിക്കുന്നു.

## പരിഹാര മാർഗ്ഗങ്ങൾ

കായിക അദ്ധ്വാനം സന്നദ്ധ സേവനമായി ഉപയോഗപ്പെടുത്തുവാൻ കഴിയുമാറ് എല്ലാ വാർഡിലും പ്രത്യേക വിദഗ്ദ്ധ സേന രൂപീകരിക്കുക. VIII-ാം വാർഡിൽ സ്ഥിതി ചെയ്യുന്നതും ഇപ്പോൾ എറണാകുളം ലേബർ കം ഡെവലപ്മെന്റ് ബാങ്ക് കൈകാര്യം ചെയ്ത് വരുന്നതുമായ പുറമ്പോക്കായ ബണ്ട് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ലഭ്യമാക്കുക. പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ പുറമ്പോക്ക് സ്ഥലങ്ങളും മിച്ച ഭൂമികളും ഉടനടി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ലഭ്യമാക്കുക. VIII- ാംവാർഡിലെ തന്നെ ആറാട്ടുകടവ് കടത്ത് ലേലം ചെയ്ത് ലഭിക്കുന്ന തുകയുടെ പകുതി കോട്ടുവള്ളി പഞ്ചായത്തിന് ലഭ്യമാകേണ്ടതുണ്ട്. പഞ്ചായത്ത് അതിർത്തി യിലുള്ള പ്രദേശത്ത് ജോലി ചെയ്യുന്നവരുടെ മുഖ്യ പങ്കാളിത്തത്തോടെ ഒരു 'നിക്ഷേപം' സ്വരൂപിച്ച് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുക. 'തൊഴിൽ കരം' ഓരോ പഞ്ചായത്തിലും താമസിക്കുന്നവർ അതത് പഞ്ചായത്തിന് നൽകണമെന്ന് വ്യവസ്ഥ പരിഷ്കരിക്കണം. പൊതുമേഖല ബാങ്കുകളുടെ 'നിക്ഷേപം' പൂർണ്ണമായും പഞ്ചായത്ത് അതിർത്തി ക്കുള്ളിൽ തന്നെ ഉപയോഗപ്പെ ടുത്തണം. ഇതിന് വിരുദ്ധമായി പ്രവർത്തി ക്കുന്ന ബാങ്കുകൾക്കെതിരെ 'പീനൽസെസ്സ്' ചുമത്തുന്നതിന് പഞ്ചായത്തിന് അധികാരം നൽകുക. വിവിധ ദേശീയ സമ്പാദ്യ പദ്ധതികൾ പ്രകാരം സമാഹരിക്കുന്ന തുകയുടെ 60% എങ്കിലും അതത് പഞ്ചായത്തുകൾക്ക് ലഭ്യമാ ക്കുക. വസ്തു കൈമാറ്റത്തിനായി വസ്തു വിന്റെ വില നിർണ്ണയിക്കുന്നതിനുള്ള സർട്ടിഫി ക്കറ്റ് നൽകുന്നതിനുള്ള അധികാരം പഞ്ചായ ത്തിന് നൽകുക. ടി സർട്ടിഫിക്കറ്റിന് ഫീസ് ഈടാക്കുക. പരസ്യബോർഡുകൾക്കും, പോസ്റ്ററുകൾക്കും ഫീസ് ഏർപ്പെടുത്തുക. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്ഥിര താമസമുള്ളവരുടെ ഉടമസ്ഥതയിലുള്ള, ഇന്ധനം ഉപയോഗിച്ച് പ്രവർത്തിക്കുന്നതായ വാഹനങ്ങൾക്ക് ഇനം തിരിച്ച് പ്രത്യേകം പ്രത്യേകം നികുതി ഏർപ്പെടുത്തുക. പഞ്ചായത്ത് വക 'ഷോപ്പിംഗ് കോംപ്ല ക്സു'കളും മിനിമാർക്കറ്റുകളും പ്രധാന കേന്ദ്രങ്ങളിൽ നിർമ്മിച്ച് അവ പൊതുജന ങ്ങൾക്കായി ലേലം ചെയ്ത് വാടകയ്ക്ക് കൊടുത്ത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഓട്ടോടാക്സി സ്റ്റാന്റുകൾ നിർമ്മിച്ച് അവയ്ക്ക് വാടക ഈടാക്കാവുന്നതാണ്. പച്ചക്കറി, മത്സ്യ മാർക്കറ്റുകൾ നിർമ്മിച്ച് അതിന്റെ ഉപയോഗം ലേലം ചെയ്ത് കൊടുത്ത് വരുമാനം ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്തതിർത്തി ക്കുള്ളിൽ ഏറ്റവും അനുയോജ്യമായ സ്ഥലത്ത് ഒരു 'കമ്മ്യൂണിറ്റി ഹാൾ' നിർമ്മിച്ച് അതിന്റെ വാടകയിനത്തിൽ വരുമാനമുണ്ടാക്കാവുന്ന താണ്. ആധുനിക സൗകര്യങ്ങളുള്ള ബഹുനില കെട്ടിടങ്ങൾക്ക് 'ലക്ഷ്വറി ടാക്സ്' ഏർപ്പെടു ത്തേണ്ടതാണ്. പെറ്റി കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പഞ്ചായത്ത് തെരഞ്ഞെടുത്ത് നിയോഗിക്കുന്ന നിയമ ബിരുദധാരിയായ ഒരു വ്യക്തിയെ ' പഞ്ചായത്ത് കോടതി ഓഫീസർ' ആയി നിയമിക്കുകയും, ടിയാന് ഇന്ത്യൻ പീനൽകോഡ് പ്രകാരം പോലീസ് ചാർജ് ചെയ്യുന്ന കേസുകൾ വിചാരണ നടത്തുവാൻ അധികാരം നൽകുക. അതുവഴി ലഭിക്കുന്ന പിഴ സംഖ്യ പഞ്ചായത്തിന്റെ വികസന പ്രവർത്തന ങ്ങൾക്കായി പ്രയോജനപ്പെടുത്തുക. കാർഷി കേതര ആവശ്യങ്ങൾക്കായി വളർത്തുന്ന പട്ടി,

നായ മുതലായ വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തുക. പഞ്ചായത്തിന്റെ മുഖ്യ ചെലവിനങ്ങളിൽ ഒന്നായ വിദ്യുഛക്തി ചാർജ്, ഉപയോഗത്തിനനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. കൂടാതെ ഈ മേഖലയിൽ നൂതന സാങ്കേതിക വിദ്യകളായ 'കോംപാക്ട് ഫ്ളുറസന്റ് ബൾബ്' 'ഫോട്ടോ വോൾട്ടായിക് സെൽ' എന്നിവ മറ്റുള്ളവരെക്കൊണ്ട് സ്പോൺസർ ചെയ്യിച്ചും 'അനർട്ട്' മുതലായ സാങ്കേതിക വിദഗ്ദ്ധരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തിയും ഊർജ്ജത്തിനായുള്ള ചെലവ് ഒരു പരിധിവരെ കുറയ്ക്കാവുന്നതും അതുവഴി വിഭവം സമാഹരിക്കാവുന്നതുമാകുന്നു. പഞ്ചായത്ത് ഓഫീസിൽ നിലവിൽ ഒരു 'മിഡ് വൈഫ്' തസ്ഥിക ഉള്ളതും ആയതിനായി ഒരു ജീവനക്കാരിയെ നിയോഗിക്കുകയും ചെയ്തിട്ടുമുണ്ട്. എന്നാൽ ടി തസ്തികയുടെ യാതൊരു പ്രയോജനവും ഇന്ന് ഈ പഞ്ചായത്തിലില്ല. എന്നതുകൊണ്ട് ടി ജീവനക്കാരി ഓഫീസ് സംബന്ധമായ ജോലികൾ നിർവ്വഹിച്ച് വരികയാണിപ്പോൾ. ആയതിനാൽ ഉയർന്ന സ്കെയിലിലുള്ള ഈ തസ്തിക നിറുത്തലാക്കി ടി ജീവനക്കാരിയെ പ്രയോജനകരമായ മറ്റ് ഓഫീസിലേക്ക് മാറ്റേണ്ടതും പകരം ഇവിടെ ലോവർഡിവിഷൻ ക്ലാർക്കിന്റെ ഒരു തസ്തിക കൂടുതലായി അനുവദിക്കുകയും ചെയ്താൽ ഈ ഇനത്തിൽ ഇന്ന് അനാവശ്യമായി ചെലവഴിച്ചുവരുന്ന അധിക ശമ്പളം പഞ്ചായത്തിന്റെ വിഭവത്തിലേക്ക് സമാഹരിക്കാവുന്നതാണ്. ജനസംഖ്യയിൽ 75.80% ഗ്രാമീണ ജനതയായിരിക്കെ പദ്ധതി ആസൂത്രണ ത്തിന്റെ 75.80% തുകയും പഞ്ചായത്തിന് ലഭ്യമാക്കണം. പൊതു ആസൂത്രണത്തിനായുള്ള തുക ഓരോ തവണയും ആവശ്യാനുസരണം ഇതിൽ നിന്നും കുറയ്ക്കാവുന്നതാണ്. ജില്ലാ ഗ്രാമവികസന ഏജൻസി (DADA), ഇതര സർക്കാർ ക്ഷേമ പദ്ധതികൾ കൈകാര്യം ചെയ്യുന്ന വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നും ബാങ്കിൽ നിക്ഷേപിക്കുന്ന തുകകൾക്ക് പലിശ ലഭിച്ചു വരുന്നുണ്ട്. ഇതിനെ 'ഇന്ററസ്റ്റ് ഫണ്ട്' എന്നാണ് പറയുന്നത്. ഈ ഫണ്ട് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിനെ ഏല്പിക്കുക. ഇതിനെല്ലാം പുറമെ പഞ്ചായത്തിന് ലഭിക്കുന്ന എല്ലാ തുകകളും അതത് പഞ്ചായത്തിന്റെ പ്രത്യേക സ്വഭാവം പരിഗണിച്ച്, പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ചെലവഴിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഓരോ പഞ്ചായത്തിനും ഉണ്ടായിരിക്കേണ്ടതാണ്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഇതര സർക്കാർ വകുപ്പുകളിലേതു പോലെ പൂർണ്ണമായും സർക്കാർ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാകുന്നു. 'അധികാരം ജനങ്ങളിലേക്ക്' എന്ന മുദ്രാവാക്യം അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുന്നതിലേക്കായി നമ്മുടെ ഭരണഘടനയിലെ ആർട്ടിക്കിൾ 248ൽ പറയുന്ന 'അവശിഷ്ടാധികാരങ്ങൾ' കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകളെ ഏല്പിക്കുക.

## പട്ടികജാതിപട്ടികവർഗ്ഗ ക്ഷേമം

കോട്ടുവള്ളി പഞ്ചായത്തിലെ 1991 ലെ സെൻസസ് പ്രകാരം 1926 പുരുഷന്മാരും 1991 സ്ത്രീകളും ഉൾപ്പെടെ ആകെ 3917 പട്ടികജാതിക്കാരും; 165 പുരുഷന്മാരും 167 സ്ത്രീകളും ഉൾപ്പെടെ 332 പട്ടികവർഗ്ഗക്കാരും ആണ് സ്ഥിരതാമസക്കാരായുള്ളത്. ഏറ്റവും കൂടുതൽ ജനവിഭാഗങ്ങൾ തിങ്ങി താമസിക്കുന്നത് 11,10,6,8, എന്നീ ക്രമത്തിലുള്ള വാർഡുകളിലാണ്. പട്ടികജാതി പട്ടികവർഗ്ഗ സംവരണ വാർഡ് 6 ആകുന്നു. ഇത് 'കൈതാരം തെക്ക്' എന്ന പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഡിവിഷനിൽ പെട്ടതാകുന്നു. കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിലെ ഏക 'അംബേദ്കർ കോളനി' കതാ൦൦൦ വാർഡിൽ സ്ഥിതി ചെയ്യുന്നു. പട്ടികജാതി കോളനികളും പട്ടികവർഗ്ഗ കോളനിയും പട്ടികജാതി സങ്കേതങ്ങളും ഉൾപ്പെടെ 41 പട്ടികജാതിപട്ടികവർഗ്ഗ ആവാസകേന്ദ്രങ്ങളാണ് ഉള്ളത്. പ്രധാന ആവാസകേന്ദ്രങ്ങളിൽ വെള്ളവും, വെളിച്ചവും, ഗതാഗത സൗകര്യങ്ങളും ഭാഗികമായി ഉണ്ട്. താഴെ പറയുന്ന പ്രദേശങ്ങൾ പട്ടിക ജാതിക്കാർ കൂടുതലായി താമസിക്കുന്നതുകൊണ്ട്, 'പട്ടികജാതി കോളനികൾ' ആയി പ്രഖ്യാപിക്കാവുന്നതാണ്.

1. വാർഡ് I ചാരായം, ചുങ്കം, കാരിക്കുഴി
2. വാർഡ് II തൂശം ഇരുപത്തിയഞ്ച്
3. വാർഡ് III ലക്ഷം വീട് കോളനി പ്രദേശവും വാർഡിന്റെ പടിഞ്ഞാറെ ഭാഗവും.
4. വാർഡ് IV പുഞ്ച ആട്ടേത്തറ പ്രദേശം

5. വാർഡ് V കഴുവേലിപാടം തോട്ടയിപ്പിള്ളി മാത്തയിൽ പ്രദേശം

6 വാർഡ് VI വിളംബാരി പടിഞ്ഞാറ്

7. വാർഡ് X കൊറ്റംബം കല്പട പ്രദേശം

8. വാർഡ് XI കുട്ടൻ തുരുത്ത് പ്രദേശം

9. വാർഡ് XII കൊച്ചിയംപറമ്പ് (വികസന ബ്ലോക്ക് പരിസരം)

നിലവിലുള്ള SC/ST കോളനികളിലും സങ്കേതങ്ങളിലും വെള്ളം, വെളിച്ചം, ഗതാഗത സൗകര്യങ്ങൾ എന്നിവ പൂർണ്ണമായും ഉറപ്പുവരുത്തേണ്ടതാണ്. ഈ മേഖലയിലെ പുതിയ തലമുറയുടെ വിദ്യാഭ്യാസ നിലവാരം സാമാന്യം ഉയർന്നതാണ്. ചിലർ സർക്കാർ സഹായം ഉപയോഗിച്ചുകൊണ്ട് സാങ്കേതിക മേഖലയിൽ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസം ലഭിച്ചവരാണ്. എന്നാൽ മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് സർക്കാർ സർവ്വീസിൽ ഇവരുടെ എണ്ണം കുറവാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രധാന തൊഴിൽ മേഖല കാർഷിക രംഗമാണ്. എന്നാൽ പുതിയ തലമുറ പലവിധ നിർമ്മാണ തൊഴിൽ ഉൾപ്പെടെ ജോലിതേടി പോകുന്ന പ്രവണത നിലവിലുണ്ട്. സമഗ്രമായ കാർഷിക മേഖലയുടെ വികസനവും മിച്ചഭൂമിയും ശാസ്ത്രീയമായ വിതരണവും ഉൾപ്പെടെ ഊർജിത പരിശ്രമം നടത്തിയാൽ ഈ ജന വിഭാഗങ്ങളുടെ തൊഴിൽ ഉറപ്പ് വരുത്താവുന്നതാണ്. കൂടാതെ കന്നുകാലി, പച്ചക്കറി കൃഷി എന്നിവ നടത്തുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകിയാൽ ഈ മേഖലയിൽ തൊഴിലവസരങ്ങൾ ഉറപ്പാക്കാവുന്നതാണ്. ഇപ്പോൾ നിലവിലുള്ള പട്ടികജാതി ക്ഷേമ വകുപ്പിന്റെ ഏക നഴ്സറി സ്കൂളാണ് VII-ാം വാർഡിലുള്ളത്. ഈ സ്ഥാപനത്തിന് ആവശ്യമായ സ്ഥലവും കെട്ടിടവും ജീവനക്കാരേയും നൽകി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാകുന്നു. SC/ST കുടുംബങ്ങൾ താമസിക്കുന്ന ഇതര വാർഡുകളിലും പുതിയ നഴ്സറി സ്കൂളുകൾ തുടങ്ങേണ്ടതാണ്. കൂടാതെ പട്ടികജാതി ക്ഷേമ വകുപ്പിന്റെ പ്രവർത്തനം കുടുതൽ കാര്യക്ഷമമായി ഈ പഞ്ചായത്തിൽ തുടരേണ്ടതാകുന്നു. പട്ടിക വർഗ്ഗക്കാരിൽ പരമ്പരാഗത രീതിയിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിൽ മേഖലയിലെ മാറ്റം ആശാവഹമാണ്. ഇത് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. SC/ST വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ലംസംഗ്രാന്റ് തുക വർദ്ധിക്കുകയും പഠന നിലവാരം ഉയർത്തുന്നതിലേക്കായി സൗജന്യമായി ട്യൂഷൻ സൗകര്യവും പഠന ഉപകരണങ്ങളുടെ വിതരണവും ഏർപ്പെടുത്തുക. പഞ്ചായത്ത് തലത്തിൽ U.P; H.S. നിലവാരത്തിൽ കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകി അനുമോദിക്കുക. ഇടയ്ക്ക് വച്ച് വിദ്യാഭ്യാസം നിർത്തുന്നവരെ കണ്ടെത്തി തുടർവിദ്യാഭ്യാസം നൽകുന്നതിന് വേണ്ട നടപടികൾ എടുക്കുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് മുൻഗണന നൽകുക. ഇവരെ മത്സര പരീക്ഷകളിൽ നിന്നും ഒഴിവാക്കി പ്രവേശനം നൽകുക. സ്വകാര്യമേഖലയിലുൾപ്പെടെ എല്ലാ മേഖലകളിലും സംവരണം ഏർപ്പെടുത്തി തൊഴിൽ ലഭ്യത ഉറപ്പു വരുത്തുക. SC/ST ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന തൊഴിൽ ദാന പദ്ധതികൾ വിപുലീകരിച്ച് സാധാരണക്കാർക്ക് ലഭ്യമാക്കുന്ന രീതിയിൽ ക്രമപ്പെടുത്തുക. SC/ST സഹകരണ സംഘങ്ങൾ സ്ഥാപിച്ച് തൊഴിൽ, വ്യവസായം, സാമൂഹ്യക്ഷേമം ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും വിപുലീകരിക്കുക. വനിതാ സഹകരണ സംഘങ്ങൾ തുടങ്ങി സ്ത്രീകളുടെ പ്രവർത്തന മേഖല വിപുലീകരിച്ച് സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുക. വികസന ബ്ലോക്കിലെ ഉണങ്ങിയ പദ്ധതിയുമായി ഇവരെ കൂടുതൽ അടുപ്പിക്കുക. വാസയോഗ്യമായ വീടില്ലാത്തവർക്ക് സാമ്പത്തിക മുൻഗണനാ ക്രമത്തിൽ സൗജന്യമായി വീട് നിർമ്മിച്ചുകൊടുക്കുക. ഭവനനിർമ്മാണ ഗ്രാന്റ് ഏകീകരിച്ച് തുക കാലോചിതമായി വർദ്ധിപ്പിക്കുക. സൗജന്യമായി വസ്തുവും, കെട്ടിടവും നൽകുന്ന പദ്ധതി കൂടുതൽ വിപുലീകരിച്ച് നടപ്പാക്കുക. നിലവിലുള്ള വീടുകളുടെ അറ്റകുറ്റപണികൾക്കായി ഗ്രാന്റോ, വായ്പയോ നൽകുക. കക്കൂസ് ഇല്ലാത്തവർക്ക് സൗജന്യമായി 'ടുപിറ്റ് കക്കൂസുകൾ' നിർമ്മിച്ചു നൽകുക. ഇതിനായുള്ള ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കുക. എല്ലാ വീടുകളും മുൻഗണന നൽകി വൈദ്യുതീകരിക്കുന്നതിനുള്ള സഹായം നൽകുക. കറന്റ് ചാർജിന് സൗജന്യം ഏർപ്പെടുത്തുക. അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് മത്സരപരീക്ഷ കൾക്കും, കൂടിക്കാഴ്ചകൾക്കും

മറ്റുമായുള്ള യാത്രയ്ക്ക് യാത്രപ്പടി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ലളിതമാക്കുക. IX, X, XI എന്നീ വാർഡുകൾക്ക് അനുയോജ്യമായ വിധത്തിൽ ഒരു ശ്മശാനം സ്ഥാപിക്കുക. സ്വയംതൊഴിൽ പദ്ധതികളായ IRDP, PMRY, TRYSEM എന്നിവയിൽ SC/ST പങ്കാളിത്തം ജനസംഖ്യാനുപാതികമായി ഉറപ്പാക്കുക. ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നതിന് SC/ST വിഭാഗങ്ങളെ മുൻഗണന വിഭാഗങ്ങളായി പരിഗണിക്കുക. എല്ലാ രാഷ്ട്രീയസാമൂഹ്യപ്രവർത്തന മണ്ഡലങ്ങളിലും മറ്റ് ജന വിഭാഗങ്ങളോടൊപ്പം സാമൂഹ്യ പദവി ഉയർത്തുന്നതിന് വേണ്ട പ്രവർത്തനം നടത്തേണ്ടതുണ്ട്. വിവിധ പെൻഷൻ പദ്ധതികൾക്കുള്ള തുക വർദ്ധിപ്പിക്കുകയും സമായാസമയങ്ങളിൽ വിതരണം ചെയ്യുന്നതിനും വേണ്ട നടപടികൾ ഉണ്ടാക്കുക. 'റവന്യൂ റിക്കവറി നടപടികൾ' മൂലം നടപടികൾ സ്വീകരിച്ച് വായ്പത്തുക ഈടാക്കാൻ കഴിയാതെ വന്നിട്ടുള്ളവരുടെ കടം എഴുതി തള്ളുവാൻ വേണ്ട നടപടികൾ എടുക്കുക. വിവിധ ഭവന നിർമ്മാണത്തിന് വേണ്ടിവരുന്ന സ്റ്റേജ്സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട പഞ്ചായത്ത് മെമ്പർമാർ നൽകുന്നതിന് അവരെ അധികാരപ്പെടുത്തുക. മാരകമായ രോഗം ബാധിച്ചവർക്ക് സൗജന്യ ചികിത്സക്കായി ഒരു പരിപാടി ആവിഷ്കരിക്കുക. പട്ടികജാതി പട്ടികവർഗക്കാർക്ക് ഓരോ വർഷവും നൽകുന്ന ആനുകൂല്യ ങ്ങളുടെ വിശദമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് ജാഗ്രതയില്ലാതെ പരിശോധിക്കുന്നതിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രസിദ്ധം ചെയ്യുക. നാടൻ കലാകാരന്മാരെയും കായിക പ്രതിഭകളെയും കണ്ടെത്തി അവരെ അവരുടെ മേഖലകളിൽ സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുക.

## സഹകരണമേഖല

ഒരു ജനാധിപത്യ പ്രസ്ഥാനമായി വളർന്നുകഴിഞ്ഞിരിക്കുന്ന സഹകരണ പ്രസ്ഥാനം ഇന്ന് കേരളത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ സുപ്രധാന സ്ഥാനമുണ്ട്. ഓരോരുത്തരും ഓരോരുത്തർക്കും മറ്റുള്ളവർക്ക് വേണ്ടിയും എന്നുള്ള പ്രമാണമാണ്, സഹകരണ പ്രസ്ഥാനങ്ങളുടെ ജീവനാഡിയായി വർത്തിക്കുന്നത്. 60 കളുടെ തുടക്കം മുതലാണ് ഗ്രാമീണ മേഖലയിൽ ദേശവ്യാപകമായി സഹകരണ പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന് കാര്യമായി തുടക്കം കുറിക്കുന്നത്. തുറന്ന അംഗത്വം, ജനകീയ നിയന്ത്രണം, ഓഹരിയിന്മേൽ ക്ലിപ്തമായ ലാഭവാഭയനം, നീതിനിഷ്ഠമായ ലാഭവിഭജനം, കമ്പോള നിലവാരത്തിന്റെ രൊക്കവില്പന, മതപരവും രാഷ്ട്രീയപരവുമായ നിഷ്പക്ഷത സഹകരണ വിദ്യാഭ്യാസം എന്നീ അടിസ്ഥാന സഹകരണ തത്വങ്ങളുടെ അടിത്തറയിൽ. മിതത്വം, സ്വയം പര്യാപ്തതാ ബോധം പരസ്പര സേവനബുദ്ധി എന്നീ ഗുണങ്ങളുടെ പ്രോത്സാഹനവും, അതുവഴി ഗ്രാമീണ ജനതയുടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സഹളിപിടുത്തത്തിൽ നിന്നുള്ള മോചനമായിരുന്നു. സഹകരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവം കൊണ്ടു ണ്ടായത്. ഗ്രാമീണ മേഖലയിൽ ഒഴിച്ച് കൂടാനാവാത്ത പ്രസ്ഥാനമായി വിവിധ മേഖലകളിൽ അതു വളർന്നു കഴിഞ്ഞു. സഹകരണ പ്രസ്ഥാനങ്ങളുടെ പ്രസക്തിയെപ്പറ്റി കാര്യമായ വിചാരമില്ലാതിരുന്ന, സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തന വേലിയേറ്റ സമയത്താണ് കോട്ടുവള്ളി പഞ്ചായത്തിൽ ആദ്യത്തെ സഹകരണ സംഘം രൂപീകൃതമാവുന്നത് കൊല്ലവർഷം 1101 മീനമാസം 8-ാം തീയതി (1925ൽ) ഇന്നത്തെ 5,6,7,8,11,12,13 വാർഡുകൾ പ്രവർത്തന മേഖലയായി കൈതാരം കേന്ദ്രമാക്കിയാണ്. ഇത് രൂപീകൃതമായി പ്രവർത്തനമാരംഭിച്ച് 38 വർഷങ്ങൾക്ക് ശേഷമാണ് നമ്മുടെ പഞ്ചായത്തിൽ സഹകരണ രംഗത്ത് പിന്നീട് ഒരു നീക്കമുണ്ടാവുന്നതും വള്ളുവള്ളി സർവ്വീസ് സഹകരണ സംഘം ഇപ്പോഴത്തെ 1,2,3,4 വാർഡുകൾ ഉൾക്കൊള്ളിച്ച് പ്രവർത്തനമാരംഭിക്കുന്നതും (1963) നമ്മുടെ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന് കാര്യമായ വേരോട്ടമുണ്ടായി രുന്നില്ലെന്ന് വേണമെങ്കിൽ പറയാൻ പറ്റുന്ന സ്ഥിതി വിശേഷമുണ്ടായിരുന്നു എന്ന് കാണാൻ കഴിയും. താലൂക്കു കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന പറവൂർ താലൂക്ക് ബാങ്കും, പറവൂർ മഹിളാ സഹകരണ സംഘവും ഈ പഞ്ചായത്തിലെ ഒട്ടനവധി പേർ പ്രയോജനപ്പെടുത്തിക്കൊണ്ടിരുന്നതും കൂടാതെ ഗ്രാമീണ ജനതയ്ക്ക് ഇവയുടെ പ്രവർത്തനത്തെക്കുറിച്ച് വേണ്ടത്ര അവബോധം ഇല്ലാതിരുന്നതും ഒരു കാരണമായിരിക്കാം. പറവൂർ താലൂക്ക് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന പറവൂർ താലൂക്ക് ബാങ്ക്, പറവൂർ മഹിളാ സഹകരണ

ബാങ്ക്, എന്നിവയുടെ പ്രവർത്തന പരിധിയിൽ നമ്മുടെ പഞ്ചായത്തും ഉൾപ്പെട്ടിരുന്നു. ഏഴിക്കര പഞ്ചായത്തിൽ നന്ത്യാട്ട് കുന്നം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്കിന്റെയും പ്രവർത്തന പരിധി ഇപ്പോഴും 11,12 വാർഡുകൾ ഉൾക്കൊള്ളുന്നുണ്ട്. 1970 ൽ ചിറ്റാറ്റുകര പഞ്ചായത്ത് ഇപ്പോഴത്തെ 1,2 വാർഡുകളും കോട്ടുവള്ളി പഞ്ചായത്തിലെ 9,10,11 വാർഡുകളും ഉൾപ്പെടുത്തി രൂപീകരിച്ച് മന്നം സർവ്വീസ് സഹകരണ ബാങ്ക് എന്നിവയുടെ എല്ലാം പ്രവർത്തനം സഹകരണ പ്രസ്ഥാനത്തിന്റെ വ്യാപനവും, സ്വാധീനവും ഗ്രാമീണരുടെയിടയിൽ വളർത്തുകയുണ്ടായി. നമ്മുടെ പഞ്ചായത്തിലെ തൊഴിലില്ലായ്മയുടെ രൂക്ഷത കുറയ്ക്കുക എന്ന ലക്ഷ്യം വെച്ച് 1979 ൽ ഘണ്ഠാകർണ്ണൻ വെളി ആസ്ഥാനമായി രൂപീകരിച്ച കോട്ടുവള്ളി കയർ വ്യവസായ സഹകരണ സംഘം കൂനമ്മാവ് കേന്ദ്രമാക്കി APCOS ന്റെ സഹായത്തോടെ 94 ൽ രൂപീകൃതമായ ക്ഷീരോൽപാദക സഹകരണസംഘം മന്നം കേന്ദ്രമാക്കി 95 ൽ രൂപീകൃതമായ ക്ഷീരോൽപാദക സഹകരണ സംഘം, 96 ൽ വള്ളുവള്ളി കേന്ദ്രമാക്കി രൂപം കൊടുക്കുന്ന ക്ഷീരോൽപാദക സഹകരണ സംഘം, കോട്ടുവള്ളി പഞ്ചായത്ത് മുഴുവനും പ്രവർത്തന മേഖലയാക്കി രൂപം കൊടുക്കുന്ന മത്സ്യതൊഴിലാളി ക്ഷേമസഹകരണ സംഘം എന്നിവ സഹകരണ പ്രസ്ഥാനത്തിന്റെ ആവശ്യകതയും സ്വാധീനവും നമ്മുടെ പഞ്ചായത്തിൽ ഗ്രാമീണ ജീവിതത്തിന്റെ ഭാഗമായി മാറിയതിന് ഉത്തമ ദൃഷ്ടാന്തമാണ്. ഇവയുടെ രൂപീകരണത്തിലും പ്രവർത്തനത്തിലും ബഹുജന പ്രസ്ഥാനങ്ങളുടെയെല്ലാം കാര്യമായ ഇടപെടലുകൾ ഉണ്ടായിരുന്നു എന്നത് അനുസ്മരിക്കാതെ പോകുന്നത് ശരിയായിരിക്കില്ല. പഞ്ചായത്തിലെ സഹകരണസംഘങ്ങൾ ക്രെഡിറ്റ് വിഭാഗം കൈതാരം സർവ്വീസ് സഹകരണ സംഘം വള്ളുവള്ളി സർവ്വീസ് സഹകരണ ബാങ്ക് മന്നം സർവ്വീസ് സഹകരണ ബാങ്ക് ഇവകൂടാതെ നന്ത്യാട്ടുകുന്നം സർവ്വീസ് സഹകരണ ബാങ്ക്, പറവൂർ വിവിധോദ്ദേശ സർവ്വീസ് സഹകരണ സംഘം എന്നിവയുടെ പ്രവർത്തന മേഖലയും പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. വ്യവസായസഹകരണ സംഘം കണ്ടകർണ്ണൻ വെളിയിൽ പ്രവർത്തിക്കുന്ന കോട്ടുവള്ളിൽ കയർ വ്യവസായ സഹകരണസംഘം മാത്രമാണ്.

ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ കൂനമ്മാവ് ക്ഷീരോല്പാദക സഹകരണ സംഘം മന്നം ക്ഷീരോല്പാദക സഹകരണ സംഘം പ്രവർത്തനത്തിന് തുടക്കം കുറിക്കുന്ന വള്ളുവള്ളി ക്ഷീരോല്പാദക സഹകരണ സംഘം കൂടാതെ പ്രവർത്തനത്തിന് തുടക്കം കുറിക്കുന്ന മത്സ്യ തൊഴിലാളി സഹകരണ സംഘം ഗോൺ ക്രെഡിറ്റ് കൈതാരം ഗവ. ഹൈസ്കൂൾ സഹകരണസംഘം കൂനമ്മാവ് സെന്റ് ഫിലോമിനാസ് ഹൈസ്കൂൾ സഹകരണസംഘം. ക്രെഡിറ്റ് വിഭാഗത്തിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ആകെ അംഗസംഖ്യ 17153 ആണ് കൂടാതെ നന്ത്യാട്ട് കുന്നം സർവ്വീസ് സഹകരണ ബാങ്ക് പറവൂർ ഹരിജൻ വിവിദോദ്ദേശ സഹകരണ ബാങ്ക്, പറവൂർ മഹിളാ സഹകരണസംഘം എന്നിവിടങ്ങളിൽ അടക്കം പഞ്ചായത്തിൽ സഹകരണ സംഘങ്ങളിൽ ആകെ 18553 പേർ അംഗങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് സംഘങ്ങളുടെ അംഗീകൃത ഓഹരി മൂലധനം 69,45,207 രൂപയും പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം 31,45811 രൂപയും, സർക്കാർ ഓഹരി 231000 രൂപയുമാണ്. ടി സംഘങ്ങൾക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടം എടുക്കാവുന്ന തുക 6,65,84166 രൂപയുമാണ്. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ചിട്ടുള്ള സ്ഥിര നിക്ഷേപങ്ങൾ മന്നം സർവ്വീസ് സഹകരണ ബാങ്കിൽ മാത്രം 409884 രൂപയുമാണ്. ആകെ നിക്ഷേപം 4,01,39998 രൂപയാണ്. സംഘങ്ങളുടെ ഭരണപരമായ ചിലവുകൾ 2,43,67305 രൂപയും, കണ്ടിജൻസിയിനത്തിൽ 564144.24 രൂപയുമാണ്. ആകെ വായ്പ വിവിധ ഇനങ്ങളിൽ 2,90,90,97,4 രൂപയാണ്. ഇതിൽ ജില്ലാ സഹകരണബാങ്കിൽ നിന്ന് സംഘങ്ങൾ വായ്പ എടുത്തിരിക്കുന്നത്. 70,69,718 രുപയാണ്. കൊടുത്ത വിവിധ ഇനം വായ്പയിൽ കാലാവധി കഴിഞ്ഞിട്ടും പിരിഞ്ഞ് കിട്ടാനുള്ളത് 8176723.85 രൂപയാണ്. വായ്പാ നിക്ഷേപ തോത് 3:4 ആണെന്ന് കാണാം. ഇതിൽ കാർഷിക വായ്പ മൊത്തം വായ്പയുടെ ഏകദേശം 2% മാത്രമാണ്. (ലഭ്യമായ വിവരങ്ങളിൽ മന്നം സർവ്വീസ് സഹകരണ ബാങ്കിന്റേത്). നമ്മുടെ വായ്പാ നിക്ഷേപ അനുപാതം മറ്റ് ധനകാര്യ

സ്ഥാപനങ്ങളേക്കാൾ മെച്ചപ്പെട്ട നിലയിലാണെങ്കിലും, കൊടുക്കുന്ന വായ്പയുടെ യഥാർത്ഥ വിനിയോഗം നടക്കുന്നുണ്ടോ എന്ന പരിശോധനയുടെ അഭാവം ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമാണ്. അതുകൊണ്ട് തന്നെ കാലാവധി കഴിഞ്ഞിട്ടും തിരിച്ച് കിട്ടാനുള്ള വായ്പാ സംഖ്യയുടെ തോത് വർദ്ധിക്കുന്നു. ക്രെഡിറ്റ് സംഘങ്ങൾ ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഉല്പാദന കാര്യത്തിൽ ഊന്നൽ നൽകികൊണ്ടുള്ള വായ്പാ നയം ഈ രംഗത്ത് എടുക്കേണ്ടത് സംഘങ്ങളുടെ നല്ലതിലേക്കുള്ള നിലനില്പിന് ആവശ്യമാണ്. വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന ഒട്ടനവധി കയർ വ്യവസായ സഹകരണ സംഘം 439 അംഗങ്ങളും, 10 ലക്ഷംരൂപ ഓഹരി മൂലധനവും ഉള്ള സംഘമാണ്. കയർ പ്രോജക്റ്റ് ഓഫീസുമായി ബന്ധപ്പെട്ട് ചില സാമ്പത്തിക സഹായങ്ങൾ ഉപയോഗിച്ചിട്ടുള്ളതൊഴിച്ചാൽ കാര്യമായ പുരോഗതി ഈ സംഘത്തിന്റെ പ്രവർത്തനത്തിൽ ഉണ്ടായിട്ടില്ല. നഷ്ടത്തിൽ പ്രവർത്തിക്കുകയാണ്. തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ ഉയർത്തുന്ന നിലയിൽ അതിന്റെ പ്രവർത്തനം വിവിധ കാരണങ്ങളാൽ ഉണ്ടായിട്ടില്ല. ക്രെഡിറ്റ് സംഘങ്ങളുടെ നിലവാരത്തിൽ ഇതിന്റെ പ്രവർത്തനം എത്തിയിട്ടുമില്ല. ക്ഷീരോൽപാദക മേഖലയിൽ രണ്ട് സംഘങ്ങളിൽ പ്രവർത്തിക്കുന്നത്. കൂനമ്മാവ് ക്ഷീരോൽപാദക സഹകരണ സംഘം 188 അംഗങ്ങളും അംഗീകൃത ഓഹരി മൂലധനം 1790 രൂപയുമാണ്. ലാഭത്തിൽ പ്രവർത്തിച്ച് വരികയാണ്. പാൽ ഉല്പന്ന നിർമ്മാണ യൂണിറ്റ് ഔപചാരികമായ ഉൽഘാടനം കഴിഞ്ഞു. 4 പേർക്ക് ജോലി സാദ്ധ്യതയുള്ള യൂണിറ്റാണ്. മന്നം ക്ഷീരോൽപാദക യൂണിറ്റും ലാഭകരമായി പ്രവർത്തിക്കുന്നു. വ്യവസായ സഹകരണ സംഘമൊഴിച്ച് മറ്റ് മേഖലകൾ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥിതിയുണ്ട്. മത്സ്യതൊഴിലാളികളുടെ ക്ഷേമം ലാക്കാക്കി രൂപീകൃതമാകുന്ന സഹകരണസംഘം ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ട് തന്നെ നല്ല സാദ്ധ്യതയുള്ളതായിരിക്കും. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ പൊതുവേ ഹൃസ്വകാല, സാധാരണ, മദ്ധ്യകാല വായ്പകൾ സ്വയം തൊഴിൽ വായ്പ ചിട്ടി, കൺസ്യൂമർ സ്റ്റോർ, മരണാനന്തര സഹായപദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വായ്പയിൽ കാലാവധി കഴിഞ്ഞിട്ടും തിരിച്ച് കിട്ടാത്ത സംഖ്യയുടെ വലിപ്പം, കാര്യക്ഷമമായ സഹകരണ സമ്പർക്ക പരിപാടിയുടെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഉൽപാദനം, വിപണനം, വ്യവസായം തുടങ്ങിയ മേഖലകളിലേക്ക് ഈ പ്രസ്ഥാനം ശക്തമായി കടന്ന് ചെല്ലേണ്ടതുണ്ട്. നിലവിൽ നേട്ടങ്ങൾ സഹകരണ രംഗത്ത് നമുക്കുണ്ടെങ്കിലും അത് ശക്തമാക്കാൻ ഊർജസ്വലമായ കൂട്ടായ പ്രവർത്തനം ആവശ്യമാണ്. അതിന് യഥാർത്ഥ ജനാധിപത്യ പ്രസ്ഥാനമായ് ഈ മേഖല മാറണം. ഈ പ്രസ്ഥാനം മുന്നോട്ടുള്ള പാതയിലാണ് കൂടുതൽ മുന്നേറേണ്ടതുണ്ട് എന്ന യാഥാർത്ഥ്യം മനസ്സിലാക്കി ജനങ്ങൾ ഒത്തൊരുമയോടെ ശക്തമായ പ്രവർത്തനം കാഴ്ചവെയ്ക്കണം.

## പ്രശ്നങ്ങൾ

1. കാര്യക്ഷമമായ പ്രവർത്തനം 2. ദുർവ്യയം ഒഴിവാക്കുക 3. പുതിയ മേഖലകളിലേക്ക് കടക്കുന്നതിനുള്ള സന്നദ്ധതയില്ലായ്മ 4. അമിതമായ എസ്റ്റാബ്ലിഷ്മെന്റ് ചിലവ് 5. കണ്ടിജൻസി ഫണ്ടിന്റെ വർധനവ് 6. സഹകരണ നിക്ഷേപങ്ങൾക്ക് മതിയായ ഇൻഷുറൻസ് സൗകര്യമില്ലായ്മ. 7. വായ്പയ്ക്കുള്ള പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോഴും, ഒഴിവു വയ്ക്കുമ്പോഴും ഉള്ള കൂടിയ രജിസ്ട്രേഷൻ ഫീസ് 8. ഡിപ്പാർട്ട്മെന്റ് മേധാവിത്വം 9. കൃത്യമായ വായ്പാ തിരിച്ചടവ് ഇല്ലാത്തത്

## സാദ്ധ്യതകൾ

1.വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിക്കുക 2. വനിതാ സഹകരണ സംഘം രൂപീകരിക്കുക. 3. വായ്പ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. 4. ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. 5. സൊസൈറ്റികളെ പുതിയതായി ഏർപ്പെടുത്തിയിട്ടുള്ള Income tax ൽ നിന്ന് ഒഴിവാക്കുക. 6. ഓഡിറ്റ് സമ്പ്രദായം പരിഷ്ക്കരിക്കുക. 7. കാർഷിക, സ്വയംതൊഴിൽ വായ്പക്ക് പലിശ നിരക്ക് കുറയ്ക്കുക. 8. സഹകരണസംഘങ്ങളുടെ classification വ്യവസ്ഥയിൽ മാറ്റം

വരുത്തുക. 9. എല്ലാ വായ്പതുകയും വർദ്ധിപ്പിക്കുക. 10. ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. 11. കാർഷിക സഹകരണസംഘം രൂപീകരിക്കുക. 12. പൊതുവിതരണ സഹകരണസ്റ്റോർ തുടങ്ങുക. 13. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് സംഘം രൂപീകരിക്കുക. 14. സഹകരണ സംഘം വായ്പകൾ ഉൽപാദനപരമായ നിലയിൽ തിരിച്ച് വിടുക. 15. ജനങ്ങളുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ജനപങ്കാളിത്തത്തോടെ സഹകരണസംഘ ങ്ങളുടെ പ്രവർത്തനത്തിൽ പഞ്ചായത്ത് മുൻകൈ എടുക്കുക. 16. ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക വായ്പാ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക. 17. വാങ്ങിയ വായ്പ ആവശ്യത്തിന് തന്നെ വിനിയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുക. 18. കാർഷിക പ്രശ്നങ്ങൾ ഓരോ സഹകരണസംഘവും വിശദമായി പഠിക്കുക. 19. പരമ്പരാഗത തൊഴിൽ മേഖലകളിൽ വായ്പാ മുൻഗണന കൊടുക്കുക. 20. രജിസ്റ്റർ ചെയ്തു കൊടുക്കുന്ന വായ്പയുടെ രജിസ്ട്രേഷൻ ഫീസും, ഒഴിവു ഫീസും ക്രമാതീതമായി കുറയ്ക്കുക. 21. ബഹുജന സഹകാരി സമ്പർക്ക പരിപാടി ഊർജ്ജിതമായി നടപ്പിലാക്കുക. 22. കാര്യക്ഷമമായ പ്രവർത്തനത്തിന് ക്വാളിറ്റി സർക്കിൾ രൂപീകരിക്കുക.

## വനിതാക്ഷേമം

വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സാമൂഹ്യക്ഷേമം സാമ്പത്തികം എന്നീ മേഖലകളിൽ ഏറ്റവും പിന്നോക്കാ വസ്ഥയിലാണ് ഈ പഞ്ചായത്തിലെ വനിതാ പൊതുസ്ഥിതി. വികസന പ്രക്രിയകളിൽ വനിതാ പങ്കാളിത്തം വളരെ കുറവാണ്. പുരുഷന്മാരേക്കാൾ സ്ത്രീകളാണ് കൂടുതൽ 874 പേർ കൂടുതൽ. മൊത്തം ജനസംഖ്യയിൽ 51.27% സ്ത്രീകളാണ്. ആകെ ജനസംഖ്യ 34352. (16739 പുരുഷന്മാരും 17613 സ്ത്രീകളും) ഇതിൽ പട്ടികജാതിയിൽപ്പെട്ട പുരുഷന്മാർ 1926 പേരും 1991 സ്ത്രീകളും ഉണ്ട്. പട്ടിക വർഗ്ഗത്തിൽപ്പെട്ട 165 പുരുഷന്മാരും 167 സ്ത്രീകളുമാണ് ഉള്ളത്. (അവലംബം 1991 ലെ സെൻസസ്) സ്ത്രീ സാക്ഷരത 89.6% ആണ്. ആരോഗ്യം, വിദ്യാഭ്യാസ രംഗങ്ങളിൽ സ്ത്രീകൾ പൊതുവേ പിന്നോക്കമാണ്. സാക്ഷരതാ നിരക്കും കുറവാണ്. തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾ വളരെ പിന്നിലാണ്. കാരണം രൂക്ഷമായ തൊഴിലില്ലായ്മയാണ്. 8107 വനിതകൾ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചിട്ടുണ്ട്. 208 ഗർഭിണി കളുണ്ട് (അവലംബം ഇഒഇ രജിസ്റ്റർ) 6 മാസം വരെ പ്രായമുള്ള കുട്ടികളെ മുലയൂട്ടുന്ന അമ്മമാർ 195 അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ 116 അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ 124 (അംഗൻവാടി റിപ്പോർട്ട്)

അംഗനവാടികളുടെ പ്രവർത്തനം കുറെ കൂടി ഫലപ്രദമാക്കണം. പൊതുവായി സ്ത്രീകൾ ചെയ്തുവരുന്ന തൊഴിലുകൾ കയർ നിർമ്മാണ പ്രവർത്തനങ്ങൾ കൊന്ത, കാശുരൂപനിർമ്മാണം, കാർഷികമേഖല, കന്നുകാലി പരിപാലനം മത്സ്യബന്ധനവും വിപണനവും കക്കവാരലും സംസ്ക്കരണവും എന്നിവയാണ്. വനിതാക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ ബോധവല്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക, വനിതാ സമാജങ്ങൾ രൂപീകരിക്കുക അതുപോലെ തൊഴിൽ ലഭിക്കുന്ന 'ഗ്രാമീണവനിതാ ശിശുവികസന പരിപാടി (DWCRA) യൂണിറ്റുകൾ കൂടുതലായി നടപ്പാക്കുവാനും അതിന്റെ ശരിയായ നടത്തിപ്പിനും വിപണനത്തിനും ആവശ്യമായ സെമിനാറുകളും സംഘടിപ്പിക്കുക പിരസര ശുചീകരണവും കുട്ടികളുടെ പരിപാലനത്തിനും ഊന്നൽ നല്കുക. വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ ഉല്പാദക വസ്തുക്കൾ ലഭ്യമാക്കുന്നതിനും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ആവശ്യമായ സഹകരണ വിപണന മേഖലകൾ അഭിവൃദ്ധിപ്പെടുത്തുക. അനാചാരങ്ങൾക്കെതിരായ ബോധവൽക്ക രണം മദ്യനിരോധനം നടപ്പിലാക്കുക. വിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികൾക്ക് പ്രത്യേക ഗ്രാന്റ് നൽകി അവരുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുക കാർഷിക മേഖലയിൽ വികസനം നടപ്പിലാക്കി വനിതകൾക്കു തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം സാമ്പത്തിക ഭദ്രത ഉറപ്പാക്കുകയും ചെയ്യുക. യാത്രാ സൗകര്യങ്ങളിൽ സ്ത്രീകൾക്കുള്ള സംവരണം കൃത്യമായും നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

തൊഴിൽമേഖലകളിൽ സ്ത്രീകൾക്ക് 50% സംവരണം ഉറപ്പുവരുത്തുക. സ്ത്രീധനവും അതുമായി ബന്ധപ്പെട്ട പീഡനവും

സ്ത്രീകളുടെ വിവാഹ പ്രായമുയരുന്നതും ഈ പഞ്ചായത്തിലെ മുഖ്യ പ്രശ്നമാണ് സ്ത്രീധന നിരോധന നിയമം കർശനമായി പാലിക്കുകയും വിവാഹം, വിവാഹ ചിലവ് നിയന്ത്രിക്കുന്നതിനുവേണ്ട നിയമ നടപടികൾ പഞ്ചായത്തിരാജ് സ്ഥാപന ങ്ങൾ മുഖേന നടപ്പിലാക്കുക. സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള കൂലിയിലുള്ള അന്തരം നികത്തി തുല്യത ഉണ്ടാക്കണം. കാർഷിക മേഖലയിലും വ്യവസായ മേഖലകളിലും സേവന മേഖലകളിലും തൊഴിൽ എടുക്കുന്ന വനിതകളുടെ എണ്ണം പുരുഷന്മാരേക്കാൾ വളരെ കുറവാണ്. സംസ്ഥാന ശരാശരിയേക്കാൾ വളരെ കുറവാണ് നമ്മുടെ പഞ്ചായത്തിന്റെ വീട്ടമ്മമാരായ സ്ത്രീകളാണ് ഭൂരിഭാഗവും. വീടുപണികൾക്കിടയിൽ ആടുമാടുകളെ നോക്കുകയും അടുക്കളത്തോട്ടം നിർമ്മിക്കുകയും ചെയ്യുന്ന വീട്ടമ്മമാർ നമ്മുടെ പഞ്ചായത്തിൽ കാണപ്പെടുന്നുണ്ട്. കുടുംബനാഥകളായി വീടു ഭരിക്കുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്. വിധവാ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണവും കുറവാണ്. അർഹരായ പലർക്കും വിധവാ പെൻഷൻ കർഷകതൊഴിലാളി പെൻഷനും വാർദ്ധക്യകാല പെൻഷനും ലഭിക്കേണ്ടതുണ്ട്. പൊതുവേയുള്ള സാമൂഹ്യസാംസ്ക്കാരിക രംഗങ്ങളിൽ വനിതകളുടെ പ്രാതിനിധ്യം ഉണ്ടെങ്കിലും വനിതകളാരും നേതൃത്വരംഗത്തു വന്നിട്ടില്ല. 15 വീതം വനിതകൾ ഉൾപ്പെടുന്ന കോട്ടുവള്ളി കയർ വ്യവസായ യൂണിറ്റും കൂനമ്മാവ് പാൽ ഉല്പന്ന സംസ്ക്കരണ യൂണിറ്റും 10 വനിതകൾ ഉൾപ്പെടുന്ന തത്തപ്പിള്ളിയിലെ സംസ്ക്കരണയൂണിറ്റും ഈ പഞ്ചായത്തിൽ ഉണ്ട്. കൂടാതെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ വനിതാ വിഭാഗവും ഉണ്ട്. അംഗനവാടികളുടെ കീഴിലുള്ള മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല ഇതു കൂടാതെ ഒരു മഹിളാ സമാജവും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു ഇപ്പോൾ അത് പ്രവർത്തനരഹിതമാണ്. അത് പ്രവർത്തിപ്പിക്കുന്നതിനായി ശ്രമിക്കേണ്ടതാണ്. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകളും മാധ്യമങ്ങളും വളരെ കൂടുതലായി കാണുന്നുണ്ട്. അതുപോലെ തന്നെ സ്ത്രീ സൗന്ദര്യ പ്രദർശനവും വനിതകളെ അവഹേളിക്കലാണ്. ഇതുരണ്ടും നിയമം മൂലം നിരോധിക്കണം. ഇത്തരം പോസ്റ്ററുകളാണ് സ്ത്രീകളുടെ നേരെയുള്ള അക്രമത്തിന് കാരണമായിട്ടുള്ളത്. ഓരോ വാർഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രധാന ആവശ്യങ്ങൾ ഇവയാണ്. I-ാം വാർഡിൽ തവണവ്യവസ്ഥയിൽ തയ്യൽ മെഷിനും പശു വളർത്തുന്നതിന് സാമ്പത്തിക സഹായവും നല്കുന്നു. III, VII വാർഡുകളിൽ മഹിളാ സമാജങ്ങൾ സ്ഥാപിക്കണം. IV-ാം വാർഡിൽ കുറ്റിമുല്ല, അന്തൂറിയം, ഓർക്കിഡ് കൃഷികൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക. ഉദ്യോഗസ്ഥ വനിതകളുടെ കുട്ടികളുടെ സംരക്ഷണത്തിന് ശിശുസംര ക്ഷണ കേന്ദ്രം VI-ാം വാർഡിൽ പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ ആരംഭിക്കാൻ പോകുന്ന വനിതാ വ്യവസായ യൂണിറ്റിൽ മറ്റു വനിതകൾക്കും പങ്കാളിത്തം വേണം മദ്യവർജ്ജനത്തിന് ബോധവൽക്കരണം നടത്തണം. V-ാം വാർഡ് വനിതാ വ്യവസായയൂണിറ്റുകൾ ആരംഭിക്കുക സ്ത്രീപീഢനത്തിനെതിരെ ബോധവല്ക്കരണ ക്ലാസ്സുകൾ നടത്തുക സ്ത്രീ തൊഴിലാളികളുടെ കൂലിനിരക്ക് ഏകീകരിക്കുക. വാർഡ് VIII വ്യവസായ വകുപ്പും പഞ്ചായത്തും സംയുക്തമായി ചെരുപ്പ്, ചന്ദനത്തിരി, കരകൗശല വസ്തുക്കൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനവും സഹകരണസംഘങ്ങളും സ്ഥാപിക്കുക. വനിതാ ആരോഗ്യ പ്രവർത്തക വേണം. അടുക്കള തോട്ടത്തിനാവശ്യമായ വിത്തും വളവും മത്സ്യം വിറ്റു ജീവിക്കുന്ന വനിതകൾക്ക് പലിശ രഹിതമായ വായ്പയും വേണം. VIII,X,XII വാർഡ് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള എല്ലാ കുടുംബങ്ങൾ ക്കും സൗജന്യമായി കോഴി, താറാവ്, കറവ മാടുകൾ എന്നിവ നൽകണം മറ്റുള്ളവർക്ക് ഗ്രാന്റോ, സബ്സീഡി ലോണോ അനുവദിക്കണം. വാർഡ് IX വിദേശ മദ്യം ഘട്ടംഘട്ടമായി നിർത്തൽ ചെയ്യണം. മദ്യ വ്യവസായതൊഴിലാളികൾക്ക് പുതിയ തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയ ശേഷം സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തുക. വാർഡ് XI വനിതാ വ്യവസായ പരിശീലനം നൽകുക. വിധവാ പെൻഷൻ തുക വർദ്ധിപ്പിക്കുകയും മാസം തോറും ലഭിക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കുകയും വേണം അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ ലഭിക്കണം.

## പ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതാ പങ്കാളിത്തം

വളരെ കുറവാണ്. 2. തൊഴിൽ മേഖലകളിൽ വനിതകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല. 3. വനിതാ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിത ശ്രമങ്ങൾ വളരെ കുറവാണ്. 4. DWCRA യൂണിറ്റുകളുടെ പ്രവർത്തനത്തിൽ വനിതകൾക്ക് നേതൃത്വ പരിശീലനം നല്കണം. 5. ഏതു രംഗത്തും വനിതകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകുന്ന കാഴ്ചപ്പാട് ഒരു രാഷ്ട്രീയ പാർട്ടിയിലും കാണുന്നില്ല. 6. സ്ത്രീകളെ നേതൃനിരയിലേക്കു കൊണ്ടുവരുന്നതിനുള്ള ഒരു പ്രവർത്തനവും കാണുന്നില്ല. 7. തൊഴിൽ മേഖലയിൽ നാനാവിധ വിവേചനങ്ങൾ കാണുന്നു. 8. സ്ത്രീകൾ പണിയെടുക്കുന്ന പൊതുസ്ഥാപനങ്ങളുടെ മേൽ അവർക്ക് നിയന്ത്രണമില്ലായ്മ. 9. ദാരിദ്ര്യ നിർമ്മാർജന പരിപാടിയിൽ അവഗണന. 10. സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ 11. അനാചാരങ്ങൾ 12. പൊതുസ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സൗകര്യമില്ലായ്മ.

## സാധ്യതകൾ

1. ബ്ലോക്ക് അടിസ്ഥാനത്തിൽ ചെറുകിട വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും ഒരു പഞ്ചായത്തിലെ നിശ്ചിത യൂണിറ്റുകൾ അടുത്ത പഞ്ചായത്തിൽ സ്ഥാപിക്കാതിരിക്കുകയും ചെയ്താൽ കൂടുതൽ വിപണന സാധ്യത കണ്ടെത്തുവാൻ സാധിക്കും. 2. പരമ്പരാഗത വ്യവസായങ്ങളിൽ നവീകരണം വരുത്തുകയും വനിതകൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നു. 3. വനിതാ വ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കുക. 4. വനിതകൾക്ക് നേതൃത്വ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുക. 5. അനാചാരങ്ങൾക്കെതിരെ ബോധവല്ക്കരണം നടത്തുക. 6. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. 7. പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക. 8. അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുക. 9. സ്ത്രീപുരുഷ സമത്വബോധം വളർത്താൻ വിദ്യാഭ്യാസ മേഖലയിൽ ഇടപെടലുകൾ നടത്തുക.

## സംസ്ക്കാരം

കൈതാരത്ത് സർക്കാർ (ഇല്ലത്ത്) എൽ.പി.സ്കൂൾ സ്ഥാപിച്ചതിനോടൊപ്പം സർക്കാർ ഉടമസ്ഥതയിൽ ഒരു 'റൂറൽ ലൈബ്രറി' സ്ഥാപിച്ചു. എന്നാൽ ഈ ലൈബ്രറിയിൽ എല്ലാവർക്കും പ്രവേശനം അനുവദിച്ചിരുന്നില്ല. താണ ജാതിയിൽപ്പെട്ടവർക്ക് പ്രവേശനം നിഷേധിച്ചിരുന്നു എന്ന് മാത്രമല്ല, പ്രവേശിച്ചാൽ കടുത്ത ശിക്ഷയും നൽകിയിരുന്നു. അതുകൊണ്ടുതന്നെ ക്രമേണ ഈ ലൈബ്രറിയുടെ പ്രവർത്തനം മുരടിച്ചുപോയി. സ്വാതന്ത്ര്യസമരം കൊടുമ്പിരികൊണ്ടിരുന്ന 1945,46 കാലഘട്ടത്തിൽ വിജ്ഞാന ദാഹികളായ കുറെ യുവാക്കൾ ചെറിയപ്പിള്ളിയിൽ വൈകുന്നേരങ്ങളിൽ ഒത്തുകൂടി പുസ്തകങ്ങൾ കൂട്ടായി വായിക്കുന്ന ഒരു സംഘത്തിന് രൂപം കൊടുത്തു. ഈ സംഘത്തിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയാണ്. ഇവരുടെ നേതൃത്വത്തിൽ തന്നെ രൂപം കൊണ്ട 'സുഭാഷ് ലൈബ്രറി'. ഈ സംഘത്തിന്റെ മുൻനിര പ്രവർത്തകർ ശ്രീ. K.P. ശ്രീധരൻ ആണെന്ന കാര്യം പ്രത്യേകം എടുത്തു പറയത്തക്കതാണ്. ഈ സ്ഥാപനത്തിൽ ജാതി മത വ്യത്യാസങ്ങൾക്ക് അതീതമായ എല്ലാ ആളുകൾക്കും പ്രവേശനം അനുവദിച്ചിരുന്നു എന്നതും വായനശാലയുടെ വളർച്ചയെ സഹായിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ തന്നെ ധാരാളം വായനശാലകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപം കൊള്ളുകയും വാശിയോടെ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ പലരും അതെ കാലഘട്ടത്തിൽ തന്നെ കൊഴിഞ്ഞു പോകുകയും ചെയ്തു. എങ്കിലും സാഹിത്യസാംസ്ക്കാരിക നായകന്മാരെകൊണ്ടുവന്ന് പ്രഭാഷണങ്ങൾ നടത്തുന്നതിനും KPAC പോലുള്ള അന്നത്തെ പ്രമുഖ നാടക സംഘങ്ങളുടെ നാടകങ്ങൾക്ക് വേദിയൊരുക്കുന്നതിനും, ഈ സാംസ്ക്കാരിക സ്ഥാപനങ്ങൾ ശ്രമിച്ചിട്ടുണ്ട്. അന്നത്തെ യുവാക്കളുടെ ആശയും ആവേശവും ആയിരുന്ന ഈ സ്ഥാപനങ്ങൾ പഞ്ചായത്തിൽ മറ്റ് ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ രൂപീകരണങ്ങൾക്കും പ്രേരകമായിട്ടുണ്ട്. വാർത്താ മാധ്യമങ്ങളായ പത്രം, റേഡിയോ മുതലായവ ഇന്നത്തെപ്പോലെ പ്രചരിച്ചിട്ടില്ലാത്ത ആ കാലഘട്ടത്തിൽ വാർത്തകൾ അറിയുന്നതിനും ഒത്തുകൂടുന്നതിനും ഏക ആശ്രയം ഇത്തരം സാംസ്ക്കാരിക കേന്ദ്രങ്ങളായിരുന്നു. ഈ പഞ്ചായത്തിലെ ആളുകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനും, ജാതിമതചിന്തകൾക്കതീതമായി ഒത്തുചേരണ

മെന്ന ബോധം വളർത്തുവാനും ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഉപകരിച്ചിട്ടുണ്ട്. ഇന്ന് നിലവിലുള്ള 5 ഗ്രന്ഥശാലകളിൽ 'സുഭാഷ് ലൈബ്രറി & റീഡിംഗ് റൂം, പീപ്പിൾസ് ലൈബ്രറി കോട്ടുവള്ളി, ബാപ്പുജി മെമ്മോറിയൽ ലൈബ്രറി കൂനമ്മാവ്, ജവഹർ ആർട്ട്സ് ക്ലബ്ബ് ആന്റ് ലൈബ്രറി തത്തപ്പിള്ളി എന്നിവയാണ് പ്രവർത്തിക്കുന്നവയായുള്ളത്. ഇവയിൽ ഒന്ന് A ഗ്രേഡ് വായനശാലയും രണ്ട് B ഗ്രേഡ് വായനശാലയും മൂന്ന് C ഗ്രേഡ് വായന ശാലയുമാണ്. സ്ഥിരമായി പുസ്തകങ്ങൾ മാറുന്നവരുടെ എണ്ണം വളരെ കുറവാണ് എന്ന് മാത്രമല്ല, ഇവരിൽതന്നെ കൂടുതൽ പേരും നോവലുകൾ വായിക്കാൻ താല്പര്യം പ്രകടിപ്പിക്കുന്നവരാണ്. ആദ്യകാലത്ത് സ്ഥാപിക്കപ്പെട്ട കിഴക്കേപ്രത്തെ ശ്രീ നാരായണ ലൈബ്രറിയുടെ പ്രവർത്തനം നിലച്ച മട്ടാണ്. വള്ളുവള്ളിയിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന 'എ.എ ഹൈദ്രോസ്' മെമ്മോറിയൽ വായനശാല ഇപ്പോൾ നിലവിലില്ല. ഇവയുടെ പുന:രുദ്ധാരണ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇവ കൂടാതെ കുറെ വായനശാലകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളിലെ ലൈബ്രറികളിലെ പുസ്തകങ്ങൾ പൊടിപിടിച്ചു പോകുന്നു എന്നല്ലാതെ അവയും ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. കോട്ടുവള്ളി പീപ്പിൾസ് ലൈബ്രറിയുടെ കീഴിൽ അക്ഷരശ്ലോക സദസ്സ് വർഷം തോറും സംഘടിപ്പിക്കാറുണ്ട്. ആദ്യകാലത്ത് ഈ പ്രദേശത്തിന്റെ സാംസ്ക്കാരിക വളർച്ചയ്ക്ക് നേതൃത്വം നൽകിയിരുന്ന ഈ സ്ഥാപനങ്ങൾ ഇന്ന് പലവിധ കാരണങ്ങൾ കൊണ്ട് മന്ദീഭവിച്ച നിലയിലാണ്. ദൃശ്യമാധ്യമങ്ങളുടെ അതി പ്രസരം പത്രമാസികയുടെ പ്രചാരത്തിലുണ്ടായ വർദ്ധനവ് ഗ്രന്ഥശാലകളെ ആശ്രയിക്കാതെ തന്നെ സ്വന്തമായി പുസ്തകങ്ങൾ വാങ്ങിവായിക്കുന്നവരുടെ എണ്ണത്തിൽ വന്ന വർദ്ധനവ് കാലാനുസൃതമായി പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള പ്രവർത്തകരുടെ കഴിവില്ലായ്മ, വിവിധ താല്പര്യക്കാരായ വായനക്കാരെ തൃപ്തിപ്പെടുത്തത്തക്ക വിധത്തിലുള്ള പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലുള്ള സാമ്പത്തിക ശേഷി ഇല്ലായ്മ, ഇത്തരം സ്ഥാപനങ്ങളിൽ മുൻനിരപ്രവർത്തകരാകാൻ പൊതുവേ കണ്ടുവരുന്ന താല്പര്യമില്ലായ്മ എന്നിവയൊക്കെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനമാന്ദ്യത്തിന് കാരണമായിട്ടുണ്ട്. 1950 കളിൽ ആറടിമണ്ണ് ഉള്ള മണ്ണിൽ ഉറച്ചു നിൽക്കുക തുടങ്ങിയ ജനകീയ നാടകസംരംഭങ്ങൾ കിഴക്കേപ്രം ജനത ആർട്ട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. 2 KM റോഡ് നിർമ്മാണം കേശവത്തുരുത്ത് സ്ഥലം നിർമ്മാണം എന്നിവ ഈ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. ഇതേ കാലഘട്ടത്തിൽ തന്നെ കൈതാരത്ത് ജനതാ ആർട്ട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നാടകം അവതരിപ്പിക്കുന്ന സംഘടനയുണ്ടായിരുന്നു. ഓട്ടൻതുള്ളൽ, കഥാപ്രസംഗം, ബാലെ എന്നീ കലകളെ യോജിപ്പിച്ച് ആധുനിക 'തുള്ളൽ കഥാപ്രസംഗ ബാലെ' എന്ന കലാരൂപം കേരളത്തിലെമ്പാടും അവതരിപ്പിച്ച പ്രശസ്തനായ ഒരു കലാകാരനാണ് ശ്രീ. കൈതാരം പ്രഭാകരൻ. കളമെഴുത്ത്, പാട്ട് തുടങ്ങിയ നാടൻ കലാരൂപങ്ങളെക്കുറിച്ച് ആധികാരകമായി സംസാരിക്കാനും അവതരിപ്പിക്കാനും കഴിവുള്ള ശ്രീ. പ്രഭാകരൻ അവയ്ക്ക് വ്യാപകമായ പ്രചാരണം നൽകുന്നതിനുവേണ്ടി അക്ഷീണം പ്രവർത്തിച്ചിട്ടുണ്ട്. കഥകളി രംഗത്ത് പ്രഗൽഭനായ കലാമണ്ഡലം ശശി പഞ്ചായത്തിലെ അറിയപ്പെടുന്ന ശില്പിയും ചിത്രകാരനുമായ കിഴക്കേവേലിക്കൽ ശിവശങ്കരൻ കഥാപ്രസംഗനാടക രംഗത്ത് പ്രവർത്തിച്ചിരുന്ന തോപ്പിൽ ബാലൻ, ഉടുക്ക്പാട്ട് (അയ്യപ്പൻ പാട്ട്) അവതരിപ്പിക്കുന്ന തിട്ടാഴത്ത് ഭാസ്ക്കരൻപിള്ള അഷ്ടപതി കച്ചേരി നടത്തുന്ന ശ്രീ. സി. കുമാരൻ മാസ്റ്റർ, പുലികളി സംഘം കാരണവർ ആയ തത്തപ്പിള്ളി കുഞ്ഞൻ കാരണവർ നാടകനാടൻ കലാരംഗത്തെ കോട്ടുവള്ളി കണ്ണമ്മ ആശാൻ ഗായകനും ഹാർമ്മോണിസ്റ്റുമായ ലോനപ്പൻ ഭാഗവതർ, നല്ല തങ്ക ജീവിതത്തുക തുടങ്ങിയ ആദ്യകാല സിനിമയിലഭി നയിച്ചിട്ടുള്ള ചാത്തപ്പനാശാൻ സംസ്ഥാനതലത്തിൽ തന്നെ അംഗീകാരം നേടിയ ഇലത്താള വിദഗ്ദ്ധൻ കോട്ടുവള്ളി വല്ലയിൽ ശങ്കരൻ നായർ പ്രശസ്ത രഞ്ജിതാരം (ക്രിക്കറ്റ്) ശ്രീ. ബാലൻ പണ്ഡിറ്റ് എന്നിവരെല്ലാം തങ്ങളുടെ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരാണ്.

തത്തപ്പിള്ളി ജവഹർ ആർട്ട്സ് ക്ലബ്ബ് കേരളത്തിലങ്ങോളം ഇങ്ങോളം 'വില്ലുപാട്ട്' എന്ന് കലാരൂപം അവതരിപ്പിച്ച് പ്രശസ്തി നേടിയിട്ടുണ്ട്. അമച്വർ നാടകരംഗത്ത് തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ധാരാളം കലാകാരന്മാർ നമ്മുടെ പഞ്ചായത്തിലുണ്ട്.

ഖഞ്ഞടഇ കൈതാരം, കോട്ടുവള്ളി നാടകശാല എന്നിവയിൽ മുഴുവൻ പ്രവർത്തകരും പറവൂർ നാടക സംഘത്തിലെ ചില പ്രധാന പ്രവർത്ത കരും നമ്മുടെ പഞ്ചായത്തിൽ നിന്നും ഉള്ളവർ തന്നെയായിരുന്നു. വളരെ ചുരുക്കം ചില ക്ഷേത്രങ്ങളിൽ മാത്രം കാണാവുന്ന ഒന്നായ കോട്ടുവള്ളി തൃക്കപുരം ക്ഷേത്ര ത്തിലെ 'ഒതളങ്ങ ഏറ്' 'ചൂട്ടു പടയണിയും' ദാരിക വധത്തിന്റെ ഐതീഹ്യവുമായി ബന്ധപ്പെ ട്ടതാണ്, ഈ ക്ഷേത്രത്തിൽ തന്നെ നടക്കുന്ന ഭീമനെ എഴുന്നെള്ളിക്കുന്ന ചടങ്ങും, കോട്ടു വള്ളിക്കാവ് ഭഗവതി ക്ഷേത്രത്തിലെ 'ഗരുഡൻ തൂക്കവും ആയിരം തിരി ഓട്ടവും' കോട്ടുവള്ളി ശ്രീ നാരായണ ക്ഷേത്രത്തിലെ തേരെഴുന്ന ള്ളിപ്പും തത്തപ്പിള്ളി കാട്ടുനെല്ലൂർ മസ്ജിദിലെ ചന്ദന നേർച്ചയും പ്രത്യേക പരാമർശം അർഹിക്കുന്ന ആചാരങ്ങളാണ്. 100 വർഷ ത്തിൽ കൂടുതൽ പഴക്കമുള്ള കോട്ടുവള്ളി യിലെ സെന്റ് സെബാസ്റ്റ്യൻ ചർച്ചും വളരെയധികം ഭക്തജനങ്ങൾ ഭക്ത്യാദരപൂർവ്വം സ്തുതിക്കുന്ന വാഴ്ത്തപ്പെട്ട ചാവറ കുര്യാ ക്കോസ് ഏലിയാസ് അച്ചന്റെ പ്രധാന പ്രവർത്തനകേന്ദ്രമായ കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയവും, തൈപ്പൂയാഘോ ഷത്തോടനുബന്ധിച്ച് കാവടിയാട്ടം നടക്കുന്ന മന്നം സുബ്രഹ്മണ്യ സ്വാമിക്ഷേത്രവും ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. കൂനമ്മാവ് പള്ളിയോടനുബന്ധിച്ച് സെമിനാ രിയുമുണ്ടായിരുന്നു. കോട്ടുവള്ളി പഞ്ചായ ത്തിലെ മത സൗഹാർദ്ദത്തിന്റെ ഉത്തമ ദൃഷ്ടാ ന്തമാണ് കണ്ഠാകർണ്ണൻ വെളി ക്ഷേത്രത്തിലെ ആചാരങ്ങളും ഉത്സവ ക്രമങ്ങളും. എല്ലാ മതവിഭാഗങ്ങളിലും പെടുന്നവരാണ് ഇവിട ത്തെ ക്ഷേത്ര ഭാരവാഹികൾ SNDP, NSS പുലയ ഐക്യ സമാജം തുടങ്ങി എല്ലാ സാമുദായിക സംഘടനകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വാണിയക്കാട് കേന്ദ്രീ കരിച്ച് പ്രവർത്തിക്കുന്ന ചെണ്ടമേള സംഘവും, മന്നം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന കാവടി സംഘങ്ങളും വള്ളുവള്ളിയിലെ ചിന്തു സംഘവും, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗാനമേള അവതരിപ്പിച്ച് പ്രശസ്തി നേടിയ 'കൊച്ചിൻ സാക്സും' ഈ പഞ്ചായ ത്തിന്റെ മുതൽക്കൂട്ടുകളാണ്. ധാരാളം യുവസാഹിത്യ കാരന്മാർ സ്പോർട്ട്സ് രംഗത്തെ പ്രതിഭകൾ സംഗീതോപാസകർ എന്നിവരെല്ലാം നമ്മുടെ പഞ്ചായത്തിലുണ്ട്. കബഡി ഫുട്ബോൾ വോളിബോൾ തുടങ്ങിയ വിഭാഗങ്ങളിൽ സംസ്ഥാനജില്ലാതല അംഗീ കാരം നേടിയ ധാരാളം ആളുകൾ ഇവിടെ യുണ്ട്. സംസ്ഥാന സ്കൂൾ കോളേജ് യുവ ജനോത്സവങ്ങളിൽ ഉന്നത ശ്രേണിയിൽ എത്തിയവരും കൂട്ടത്തിലുണ്ട്. ഇവരുടെ കലാകായിക രംഗത്തെ കഴിവുകൾ പ്രോത്സാ ഹിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനോ, പരിശീലനം നേടുന്നതിനോ ഉള്ള പൊതുസൗകര്യങ്ങൾ വളരെ കുറവാണ്. ഇതിനും പരിഹാരം കാണേണ്ടിയിരിക്കുന്നു. ഉത്സവ ആഘോഷ വേളകളിൽ (ഓണം ക്രിസ്തുമസ്) കുട്ടികൾക്കുള്ള മത്സരങ്ങൾ സംഘടിപ്പിക്കുകയോ, ഓണക്കളി സംഘടിപ്പി ക്കുകയോ ചെയ്യുന്ന ധാരാളം ആർട്ട്സ് ആന്റ് സ്പോർട്ട്സ് സംഘടനകൾ ഉണ്ടാകാറുണ്ട്. ഇവയുടെ പ്രവർത്തനം ഉത്സവം കഴിയുന്ന തോടൊപ്പം തന്നെ നിലച്ചു പോകാറാണ് പതിവ്. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നവരെ ഏകോപിപ്പിക്കുന്നതിനോ ആവശ്യമായ സഹായം നൽകുന്നതിനോ ഉള്ള ശ്രമങ്ങൾ ഉണ്ടാകാറില്ല എന്നതാണ് വസ്തുത. ഭാവിയിൽ അത്തരം ഒരു സംവിധാനം ഉണ്ടാക്കാൻ കഴിയുമോ എന്നും ആലോചിക്കേ ണ്ടതാണ്. നാടൻ കലാരൂപങ്ങൾ അവതരിപ്പി ക്കുന്നതിന് പ്രാവീണ്യം ഉള്ള ധാരാളം കലാകാരന്മാർ നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളി ലുണ്ട്. കലാപരമായ ഇവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കപ്പെടാറില്ല എന്നു മാത്രമല്ല ഇവരുടെ കാലശേഷം ഈ കലാരൂപങ്ങൾ നമ്മുടെ പഞ്ചായത്തിൽ അന്യം നിന്നു പോകാനും ഇടയുണ്ട്. താല്പര്യമുള്ള യുവാക്കളെയും ഈ കലാകാരന്മാരെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഒരു സംവിധാനം രൂപം കൊടുക്കേണ്ടതാണ്. സമൂഹത്തിൽ വിശിഷ്യാ യുവാക്കളുടെയിടയിൽ വർദ്ധിച്ചു വരുന്ന മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ഉപയോഗവും അതിന്റെ മറവിൽ നടത്തുന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കുമെതിരെ ബഹുജന ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് തുടർച്ചയായി നടപ്പിലാ ക്കാൻ കഴിയേണ്ടതല്ലേ. സാംസ്ക്കാരിക രംഗത്തെ മലിമസപ്പെടുത്തുന്ന ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ കടന്ന് കയറ്റത്തെ അല്പമെ ങ്കിലും ചെറുക്കുന്നതിനുള്ള ഒരു ബഹുജന ബോധ വൽക്കരണ പരിപാടിക്ക് രൂപം നൽകാൻ നമ്മൾക്ക് കഴിയില്ലേ? ഗ്രന്ഥശാല കളെ ഓരോ വീടുമായും നേരിട്ട് ബന്ധിപ്പിക്കു ന്നതും ആളുകളുടെ വായനാശീലം വർദ്ധിപ്പി

ക്കുന്നതിന് ഉതകുന്നതുമായ ഗ്രാമീണ പുസ്തക വിതരണ പരിപാടി ഇതുമായി ബന്ധപ്പെടുത്തി വ്യാപിപ്പിക്കാൻ കഴിയില്ലേ ? കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്ന തരത്തിൽ ഇന്നത്തെ സ്കൂളുകളിലെ ലൈബ്രറികൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയില്ലേ.

## ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ നിന്നും സാംസ്ക്കാരിക സംഘടനകൾക്ക് പരമാവധി സാമ്പത്തിക സഹായം നൽകുക. 2. ഗ്രന്ഥശാലകൾക്ക് പഞ്ചായത്ത് നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുകയും, അത് ഗ്രേഡ് അനുസരിച്ച് നൽകുകയും ചെയ്യുക. 3. ഗ്രാമീണ പുസ്തക വിതരണ പരിപാടി വിജയിപ്പിക്കുന്നതിന് ഗ്രന്ഥശാലകളുടെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക. 4. കലാകായിക പരിശീലനത്തിനും, മത്സരത്തിനും ആവശ്യമായ സ്ഥലവും സാമ്പത്തിക സഹായം എന്നിവയുൾപ്പെടെയുള്ള സഹായം ചെയ്യുക. 5. നടുമുറി കോളനിയിലെ പഞ്ചായത്ത് വക കളിസ്ഥലം ഒരു മിനിസ്റ്റേഡിയം ആക്കി ഉയർത്താനുള്ള സൗകര്യങ്ങൾ ചെയ്യുക. 6. ഗ്രന്ഥശാലകൾ നന്നായി പ്രവർത്തിക്കുവാനും, ഇല്ലാത്ത പ്രദേശങ്ങ ളിൽ പുതിയവ തുടങ്ങുവാനുള്ള നടപടികൾ ആരംഭിക്കുക. 7. കലാകായിക രംഗത്ത് വേണ്ട ഉപദേശങ്ങൾക്കും മറ്റും സംസ്ഥാന സർക്കാരിന്റെ യുവജനക്ഷേമ ബോർഡിന്റെ സഹായം ഉറപ്പാക്കുക. 8. 8-ാം വാർഡിലെ IHDP കോളനിയിലെ കളിസ്ഥലം മണ്ണിട്ട് നിരത്തി ഉപയോഗമാക്കുക. 9. പൊതുസ്ഥലങ്ങളിൽ TV, RADIO എന്നിവ സ്ഥാപിക്കുക. നിലവിലുള്ളവ പ്രവർത്തനക്ഷമമാക്കുക. 10. പൊതുസൗകര്യം കണക്കിലെടുത്ത് പഞ്ചായത്ത് വക കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക. 11. നാടൻകലയേയും കലാകാരന്മാരെയും ഉദ്ധരിക്കാനുള്ള സംരംഭം ആരംഭിക്കുക.

## ഭവന നിർമ്മാണം ക്ഷേമപ്രവർത്തനങ്ങൾ

കോട്ടുവള്ളി പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. പഞ്ചായത്തിൽ ലഭ്യമായ വിവരം വെച്ച് വിശകലനം ചെയ്യുമ്പോൾ ആകെയുള്ള 9367 കെട്ടിടങ്ങളിൽ 2188 (23.36%) കോൺക്രീറ്റുകെട്ടിടങ്ങളും, 5817 (62.11%) ഓടുമേഞ്ഞവയും, 1256 (13.40%) ഓല മേഞ്ഞതും, 106(1.13%) മറ്റു സാമിഗ്രികൾ കൊണ്ട് നിർമ്മിച്ചവീടുകളും ആണ്. കോൺക്രീറ്റ് കെട്ടിടങ്ങുളുടെ എണ്ണം വർദ്ധിച്ചു വരുന്ന പ്രവണതയുമുണ്ട്.

പരിസര പഞ്ചായത്തായ ഏലൂരിലെ വ്യാവസായിക സ്ഥാവനങ്ങളുടെ സാന്നിധ്യവും, ദേശീയ പാത 17 വഴിയുള്ള യാത്രാസൗകര്യങ്ങളുടെ വർദ്ധനവും, സമീപത്തുള്ള കൊച്ചി നഗരത്തിലെ സ്വകാര്യ വ്യവസായ രംഗത്തെ തൊഴിലവസരങ്ങളുടെ വർദ്ധനവും, ഈ പഞ്ചായത്തിന്റെ പലഭാഗത്തും മറ്റു പ്രദേശങ്ങളിൽ നിന്നും കുടയേറുന്നവരുടെ എണ്ണം മുമ്പെന്നത്തേക്കാൾ കൂടുന്നതിന് കാരണമാകുന്നു. ഇത് ഇവിടത്തെ കെട്ടിട നിർമ്മാണത്തിന്റെ എണ്ണം കൂട്ടുന്നതിനും, കെട്ടിട സാന്ദ്രതാവർദ്ധനവിലനും കാരണമാകുന്നു.

താഴ്ന്ന വരുമാനക്കാരുടേയും, ദുർബ്ബല വിഭാഗങ്ങളുടേയും ലക്ഷം വീട് കോളനി പട്ടികജാതി പട്ടിക വർഗ്ഗ കോളനി എന്നിവയൊഴിച്ചാൽ മറ്റ് ഹൗസിംങ് കോളനികളൊന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല.

പാരമ്പര്യ രീതിയിലുള്ള കെട്ടിട നിർമ്മാണ സമ്പ്രദായമാണ് പൊതുവെ ആളുകൾക്ക ഇപ്പോൾ താൽപ്പര്യമുള്ളതായി കാണുന്നത്. ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിൽ വേണ്ടത്ര താൽപ്പര്യമോ അറിവോ ഇല്ല. കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും ഗുണഭോക്താക്കളായ പൊതുജനങ്ങൾക്കും നവീന കെട്ടിട നിർമ്മാണ രീതികളുമായി പരിചയപ്പെടുന്നതിന് നിർമ്മിതി കേന്ദ്ര, ഓക്സ്ഫോർഡ് എന്നിവിടങ്ങളിലെ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിന് ഉതകുന്ന രീതിയിൽ പൊതു കെട്ടിടങ്ങളുടെ നിർമ്മാണ രംഗത്ത് ഈ ചെലവ് കുറഞ്ഞ രീതി പ്രയോജനപ്പടുത്തണം.

സാമ്പത്തിക പരാധീനത അനുഭവിക്കുന്നവരുടെ ഇടയിൽ പോലും ഭവനനിർമ്മാണ രംഗത്തു കണ്ടുവരുന്ന ആർഭാടഭ്രമവും, വിഭവധൂർത്തും ഒഴിവാക്കുന്നതിന് ഇത് പ്രയോജനപ്പെട്ടേക്കാം. നിർമ്മാണം തുടങ്ങിയട്ടുള്ള

ദേശീയ പാത 17 സർവ്വെ ആരംഭിച്ചിട്ടുള്ള തീര ദേശ റെയിൽവേ എന്നിവയുടെ പരിസരാഘാതം താങ്ങാൻ കഴിവുള്ളവയല്ല ഇവിടെയുള്ള 99% കെട്ടിടങ്ങളും. നമ്മുടെ ജില്ലയിലും സമീപ ജില്ലകളിലും കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളിൽ മോശമല്ലാത്ത പങ്ക് നമ്മുടെ പഞ്ചായത്തിൽ നിന്നും ഉള്ളവരാണെങ്കിലും പലപ്പോഴും പഞ്ചായത്തിലെ വീട് നിർമ്മാണത്തിന് വേണ്ടത്ര തൊഴിലാളകളെ ലഭ്യമല്ലാത്ത അവസ്ഥയും നില നിൽക്കുന്നു.

പഞ്ചായത്തിൽ ഭൂരിഭാഗം കെട്ടിടങ്ങളുടേയും ഭിത്തികൾ ഇഷ്ടികകൊണ്ടോ വെട്ടുകല്ലുകൊണ്ടോ ആണ് നിർമ്മിച്ചിരിക്കുന്നത്. ചാണകം മെഴുകിയ തറയുള്ള വീടുകൾ തുലോം കുറവാണ്. 75.88% വീടുകൾ വൈദ്യുതീകരിച്ചതാണ്. 24.22% വൈദ്യുതീകരിക്കാത്ത വയുമാണ്.

1337 വീടുകൾ (21.26%) സെപ്റ്റിടാങ്ക് ഉള്ളവയും 2648 വീടുകൾ (42.11%) ഇ.എസ്.വി. ടാങ്ക് ഉള്ളവയും 1100 വീടുകൾ (17.49 %) മറ്റുതരത്തിലുള്ള കക്കൂസുള്ളവയും ബാക്കി 1202 എണ്ണം (19.11%) കക്കൂസ് ഇല്ലാത്തവയുമാണ്.

കെട്ടിട നിർമ്മാണ ജോലിയിൽ മുഴുകിയിരിക്കുന്ന വിവിധ വിഭാഗം 100 180 രൂപ വരെ കൂലി നിരക്ക് വാങ്ങുന്നവരാണ്. സ്ത്രീ തൊഴിലാളികൾക്ക് പുരുഷത്തൊഴിലാളികളേക്കാൾ കൂലി നിരക്ക് കുറവാണ്. കെട്ടിട നിർമ്മാണ സാമിഗ്രികൾ സമീപ പ്രദേശങ്ങളിൽ നിന്നും കൊണ്ടുവന്നു മാത്രമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. ഇത് ഭവനനിർമ്മാണ രംഗത്ത് ചെവവ് വർദ്ധിക്കുന്നതിന് ഇടയാക്കുന്നു.

കെട്ടിട നിർമ്മാണ വായ്പ സാധാരണ സർവ്വീസ് സഹകരണ സംഘങ്ങൾ വഴി മാത്രം ലഭിക്കുന്നവയാണ്. ഭവന നിർമ്മാണ സാഹകരണ സംഘങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. അതുകൊണ്ട് പഞ്ചായത്തിലെ പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി ഭവന വായ്പാ സൗകര്യം നൽകുന്നതിന് കഴിയുന്ന തരത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുന്നതും സംസ്ഥാനത്ത് ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സാമ്പത്തിക സ്ഥാപനങ്ങളുമായി ഇതിന്റെ പ്രവർത്തനം ബന്ധിപ്പിക്കാൻ കഴിയുമോ എന്ന കാര്യവും ചിന്താവിഷയമാക്കെണ്ടതാണ്.

സ്വന്തമായി വീട് ഇല്ലാത്തവരും പുറമ്പോക്കിലവും, വാടകവീടുകളിലുമായി താമസിക്കുന്നവരുമായ കുറെ ആളുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഭൂമിയുടെ വിനിമയ നിരക്കിൽ വന്ന ഭീമമായ, വർദ്ധനവും നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും ഇവരുടെ പാർപ്പിട സ്വപ്നങ്ങൾ വെറും മരീചികമയായി മാറുന്നതിന് ഇടയാക്കുന്നു. ദേശീയ പാത, തീരദേശ റെയിൽവേ എന്നിവയ്ക്കും വേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പാർപ്പിട പ്രശ്നവും സമീപഭാവികൾ അഭിമുഖീകരിക്കേണ്ടതായി വന്നേക്കാം.

## സാമൂഹ്യ ക്ഷേമം.

ഭൂമി ശാസ്ത്രപരമായും സാമൂഹ്യമായും പിന്നോക്കാവസ്ഥയിൽ ആണ്ടുപോയ വിഭാഗത്തിൽ പെട്ടപർ തന്നെയാണ് പഞ്ചായത്തിൽ ഇപ്പോഴും ദരിദ്രവിഭാഗങ്ങളിൽ തുടരുന്നത്. ജോലിസ്ഥിരതയോ, വരുമാന വർദ്ധനവോ നേടാൻ കഴിയാത്ത പാരമ്പര്യ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരാണ് ഭൂരിപക്ഷവും. കൂടാതെ വിദ്യാഭ്യാസപരമായും ഇവർ പിന്നോക്കാവസ്ഥയിലാണ്.

1992 ലെ കണഉജ സർവ്വേ പ്രകാരം 2829 കുടുംബങ്ങൾ പദ്ധതിയുടെ പരിധിയിൽ വരുന്നവയും അവയിൽ തന്നെ 2610 കുടുംബങ്ങൾ ദാരിദ്രരേഖക്ക് താഴെ പരുന്നവരുമാണ്. IRDP പദ്ധതിയുടെ പരിധിയിൽ വരുന്ന 231 കുടുംബങ്ങളും ദാരിദ്രരേഖക്ക് താഴെ വരുന്നനവരിൽ 348 കുടുംബങ്ങളും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നവയാണ്. നമ്മുടെ പഞ്ചായത്തിൽ IRDP സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ 348 എണ്ണമാണ്.

ഏകദേശം 555 കുടുംബങ്ങള്ഡക്ക് വീട് ഉണ്ടാക്കേണ്ടിയിരിക്കുന്നു. 8ാം പദ്ധതിക്കാലത്ത് പരിശീലന പരിപാടിപ്രകാരം ബുക്ക് ബൈന്റിങ്ങ്, പ്രിന്റിങ്ങ്, കമ്പോസിങ്ങ്, ഇലക്ട്രീഷ്യൻ, നെയ്ത്ത്, ഫിറ്റർ, ടർണ്ണർ, കമ്പ്യൂട്ടർ, മരപ്പണി, കയർ നിർമ്മാണം, അലുമിനിയം ഫാബ്രക്കേഷൻ, വാച്ച് റിപ്പയറിംങ്, ഹാന്റി ക്രഫ്റ്റ് തുടങ്ങിയ തൊഴിലുകളിലായി 44 പെർക്ക് പരിശീലനം നൽകി. എന്നാൽ പരിശീലനം കിട്ടിയ 9% ആളുകൾ (4) മാത്രമാണ് സ്വയം തൊഴിൽ കണ്ടെത്തിയത്. പരിശീലനം കിട്ടിയവരിൽ 18 പേർ മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു.

22 പേർ പരിശീലനം പ്രയോജനപ്പെടുത്തുകയോ മറ്റു മേഖലയിൽ ബന്ധപ്പെടുകയോ ചെയ്യുന്നില്ല. പദ്ധതി പ്രകാരം പരിശീലനം കിട്ടുന്നവർക്ക് കിട്ടിയ പരിശീലനം ഉപയോഗിച്ച് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനോ, തൊഴിലിൽ പ്രാവീണ്യം നേടുന്നതിനോ ഉപകരിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നു.

ഇത്തരം സാമൂഹ്യ ക്ഷേമ പദ്ധതികളിൽ പരിശീലനം ലഭിക്കുന്നവർക്ക് അവരുടെ മേഖലയിൽ തൊഴിൽ നേടുന്നതിനോ, കൂട്ടായ തൊഴിൽ സംരംഭങ്ങൾ സംഘടിപ്പിക്കുന്നതിനോ ആവശ്യമായ ഭൗതീക സാമ്പത്തിക സഹായം പദ്ധതിയുടെ ഭാഗമായിത്തന്നെ ഉൾപ്പെടുത്തേണ്ടതാണ്.

സാമൂഹ്യ ക്ഷേമ വകുപ്പിന്റേയും, മറ്റ് വകുപ്പുകളുടേയും സഹായപദ്ധതികളായ വിധവാ പെൻഷൻ 198, വാർദ്ധക്യ കാല പെൻഷൻ 46, വികലാംഗ പെൻഷൻ, ക്ഷയരോഗികൾ, ക്യാൻസർ രോഗികൾ എന്നിവർക്കുള്ള സാമ്പത്തീക സഹായം, കർഷക തൊഴിലാളി പെൻഷൻ തൊഴിലില്ലായ്മ വേതനം തുടങ്ങിയവ വിവിധ ആളുകൾക്ക് ലഭിച്ചുവരുന്നു. എന്നാൽ അർഹരായ മുഴുവൻ ആളുകൾക്കും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധേയമാണ്.

പഞ്ചായത്തിൽ 21 അംഗൻ വാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ ആവശ്യമായ സൗകര്യങ്ങൾ ഉള്ളവ വളരെക്കുറവാണ്. പദ്ധതി ലക്ഷ്യം വയ്ക്കുന്ന കാര്യങ്ങൾ അർത്ഥപൂർണ്ണമാക്കുന്നതിന് സമഗ്രപരിപാടി തയ്യാറാക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിൽ 25 വികലാംഗ വിദ്യാർത്ഥികൾക്കും 85 മത്സ്യതൊഴിലാളികളുടെ മക്കൾക്കും സാമ്പത്തിക സഹായം ലഭിക്കുന്നതായി കാണുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗം, കുടുംബി, മുസ്ലീം പെൺകുട്ടികൾ എന്നിവരുൾപ്പെടെ 1185 വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.

അനുബന്ധം 9–7.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

വീടില്ലാത്ത മുഴുവൻ പേർക്കും വീടു നിർമിച്ചുകൊടുക്കുകയും ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ ഇല്ലാത്തിടത്ത് അവ സ്ഥാപിക്കുകയും ചെയ്യുക. വാസയോഗ്യമല്ലാത്ത വീടുകൾ പുതുക്കി പണിയുന്നതിനും, അറ്റകുറ്റപണികൾ നടത്തുന്നതിനുമാവശ്യമായ സാമ്പത്തിക സഹായം സൗജന്യമായോ, ലോണായോ അനുവദിക്കണം. വൈദ്യുതീകരിച്ചിട്ടില്ലാത്ത എല്ലാവീടുകളും വൈദ്യുതീകരിക്കുകയും, കുടിൽ ജ്യോതി പദ്ധതി നിലവിൽ വരുത്തുകയും ചെയ്യുക. കക്കൂസ് ഇല്ലാത്ത എല്ലാ വീടുകൾക്കും അത് നിർമ്മിക്കുന്നതിനുള്ള ധന സഹായം സൗജന്യമായി നൽകുക. വീടുവയ്ക്കാൻ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഏറ്റവും കുറഞ്ഞത് 2 സെന്റ് ഭൂമിയെങ്കിലും നൽകുക. നിർധനരായ വിധവകൾക്കും, സാമ്പത്തികമായ പിന്നോക്കക്കാർക്കും, വികലാംഗർക്കും ഗ്രാന്റായി വീടുകൾ അനുവദിക്കുക. കൂടാതെ നിർമ്മിതി കേന്ദ്രത്തിൽ നിന്നും നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള നിർമ്മിതി കേന്ദ്രത്തിന്റ ശാഖ ഈ പഞ്ചായത്ത് അതിർത്തിയിൽ സ്ഥാപിക്കുക. ജില്ലാപഞ്ചായത്തിലെ രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയിലെ മുഴുവൻ അപേക്ഷകർക്കും വീട് ഉടൻ അനുവദിക്കുകയും, വീട്ടുകരം നിശ്ചയിക്കുന്ന രീതി കാലോചിതമായി പരിക്ഷരിക്കുകയും ചെയ്യുക. വീടും സ്ഥലവും ഇല്ലാത്തവർക്ക് മിച്ചഭൂമി വിതരണം നടത്തുമ്പോൾ മുൻഗണന നൽകുക. ഭവന നിർമാണ വായ്പ കുറഞ്ഞത് 50,000/ രൂപയെങ്കിലും അനുവദിക്കുക. ഭവന നിർമാണ പദ്ധതിയിൽ കുറഞ്ഞത് 2 സെന്റ് സ്ഥലം വേണമെന്നുള്ള നിബന്ധന എടുത്തുകളയുക. പട്ടയം കിട്ടേണ്ട മുഴുവൻപേർക്കും അടിയന്തിരമായി കൊടുക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുക. പാവപ്പെട്ടവർക്ക് അനുവദിച്ചിട്ടുള്ള കോളനികളിൽ സ്ഥലം കൈമാറ്റം ചെയ്യുന്ന നടപടികൾ തടയുകയും ഒരിക്കൽ വീട് നൽകിയവർക്ക് വീണ്ടും നൽകാതിരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക. ആവശ്യമുള്ള വാർഡുകളിൽ കോളനികൾനിർമ്മിക്കുകയും ഇപ്പോഴുള്ള ലക്ഷം വീട് കോളനിയിലെ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക. നിലവിലുള്ള ലക്ഷം വീട് കോളനിയിലെ വീടുകൾ ഒറ്റക്കൂരയിൽ നിന്നും മാറ്റി രണ്ട് വീടുകൾ ആക്കി പണിയുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കുക.

## സാമൂഹ്യ പ്രവർത്തനങ്ങൾ

സാമൂഹ്യ ക്ഷേമപദ്ധതി പ്രകാരം

പെൻഷന് അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നതിനും, ഇപ്പോൾ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുവർക്ക് താമസ മില്ലാതെ അവ ലഭിക്കുന്നതിനും വേണ്ട നടപി ടകൾ സ്വീകരിക്കേണ്ടതാകുന്നു. പഞ്ചായത്തിൽ ഒരു വൃദ്ധ മന്ദിരം സ്ഥാപിക്കുന്നതിനുള്ള നട പടി സ്വീകരിക്കുക. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് അത് നിർമ്മിക്കാനുള്ള സ്ഥലവും സാമ്പത്തിക സഹായവും നൽകുക. സമയാ സമയങ്ങളിൽ ആയതിന്റെ അറ്റകുറ്റപ്പ ണികൾ നടത്തുന്നതിനായി പ്രത്യേക സംവി ധാനം ഉണ്ടാക്കുക. അംഗൻ വാടികുട്ടികൾക്ക് കളിക്കുന്നതിനാവശ്യമായ കളിസ്ഥലവും, കളി ക്കോപ്പുകളും അംഗൻവാടികളിൽ ലഭ്യമാ ക്കാൻ സഹായിക്കുക. അംഗൻവാടി പ്രവർത്തി ക്കുന്ന ഏരിയയിൽ മറ്റ് പ്രൈവറ്റ് നേഴ്സറി കൾക്കും മറ്റും അനുവാദം നൽകാതെ അംഗൻവാടിയുടെ മുഴുവൻ പ്രയോജനവും പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ഉചിതമായ നടപടികൾ കൈക്കൊള്ളുക. അംഗൻ വാടിക ളോടനുബന്ധിച്ച് ഉള്ള മഹിളാ സമാജങ്ങൾ വഴി സ്ത്രീകളുടെ ഉന്നമനത്തിനും, ക്ഷേമപ്ര വർത്തനങ്ങൾക്കുമായുള്ല ധനസഹായം നൽകുക. തൊഴിലില്ലാത്തവർക്ക് സ്വംയം തൊഴിൽ കണ്ടെത്തുവാനുള്ള ധനസഹായം നൽകുക. കർഷകർക്ക് പെൻഷൻ ഏർപ്പെടു ത്തുക. ആവശ്യമായ വാർഡുകളിൽ പൊതു ശ്മശാനം നിർമ്മിക്കുന്നതിനുള്ള സ്ഥലവും ധനസഹായവും കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുക. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലക്ക് ലഭിക്കുന്നതിന് വേണ്ടി ഒന്നോ രണ്ടോ മാവേലി സ്റ്റോർ പഞ്ചായത്തിൽ സ്ഥാപി ക്കുക. കത്തുകൾ പോസ്റ്റ് ചെയ്യുന്നതിനു പ്രധാ നമായ സ്ഥലങ്ങളിൽ കൂടുതലായി പോസ്റ്റ് ബോക്സ് നിർമ്മിച്ച് സ്ഥാപിക്കുക. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാ നുള്ള നടപടികൾ കൈക്കൊള്ളുക. അനുയോ ജ്യമായ സ്ഥലങ്ങൾ പൊതു കളിസ്ഥലമായി മാറ്റുവാൻ നടപടി കൈക്കൊള്ളക. ആവളശ്യ മുള്ള ഇടങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി കൈക്കൊ ള്ളുക. ചെറിയപ്പിള്ളി കഴലയിൽ കമ്മ്യൂണിറ്റി ഹാൾ, ടക്സി സ്റ്റാന്റ് തുടങ്ങിയവ ആരംഭി ക്കുക. ഷോപ്പിങ്ങ് കോപ്ലക്സ് സ്ഥപിക്കുവാൻ സൗകര്യമുള്ളിടത്ത് അത് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുക.